<u>പന്ത്രണ്ടാം കേരള നിയമസഭ</u>

<u>പതിനേഴാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 181</u> <u>18/2/2011 ൽ മറുപടിയ്ക്ക്</u>

## <u>പോലീസുകാരുടെ ക്ഷേമത്തിനായി സ്വീകരിച്ച നടപടികൾ</u>

<u>ചോദ്യം</u> <u>മറുപടി</u>

ശ്രീ. കെ. ടി. ജലീൽ :
ശ്രീ. എ. എം. യൂസഫ് :
ശ്രീ. എ. സി. മൊയ്തീൻ :
ശ്രീ. കെ. കെ. ദിവാകരൻ :

ശ്രീ. കോടിയേരി ബാലകൃഷ്ണൻ
(ആഭ്യന്തരവും വിജിലൻസും
വിനോദസഞ്ചാരവും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) പോലീസുകാരുടെ ക്ഷേമത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (എ) പോലീസ് സേനാംഗങ്ങളുടെ ക്ഷേമത്തിനായി സ്വീകരിച്ച നടപടികൾ താഴെപറയുന്നവയാണ്.<br>1) പോലീസ് സേനാംഗങ്ങൾ അസുഖം മൂലമോ, അപകടം മുതലായവ മൂലമോ ദുരിതം അനുഭവിക്കേണ്ടി വരികയാണെങ്കിൽ അത്തരക്കാരെ സഹായിക്കുന്നതിന് കെ പി ഡബ്ള്യു & എ ഫണ്ട് ഏർപ്പെടുത്തിയിട്ടുണ്ട്.<br>2) ആരോഗ്യ വകുപ്പിലെ ഡോക്ടർമാരുടേയും മറ്റും സേവനം പ്രയോജനപ്പെടുത്തിക്കൊണ്ട് ചില ജില്ലകളിലും ചില ബറ്റാലിയനുകളിലും ആശുപത്രികളും ഡിസ്പെൻസറികളും പ്രവർത്തിച്ചുവരുന്നു.<br>3) ഡ്യൂട്ടിക്കിടയിൽ അപകടം പറ്റുന്ന പോലീസുകാർക്ക് സ്വകാര്യ ആശുപത്രികളിലെ ചികിത്സയ്ക്ക് റീ - ഇംബേഴ്സ്മെന്റ് സൗകര്യം 31/7/2002 ലെ ജി.ഒ (എം. എസ്) 201/2002/ആ. കു. വ. പ്രകാരം ഏർപ്പെടുത്തിയിട്ടുണ്ട്.<br>4) മലപ്പുറം എം. എസ്. പി. ക്യാമ്പിൽ ഒരു മലയാളം മീഡിയം സ്കൂളും ഇംഗ്ലീഷ് മീഡിയം സ്കൂളും നിലവിലുണ്ട്. ഇതിന് പുറമേ |

| | |
|---|---|
| | പോലീസ് ഉദ്യോഗസ്ഥരുടെ മക്കളുടെ വിദ്യാഭ്യാസത്തിന് മെച്ചപ്പെട്ട സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് തിരുവനന്തപുരം എസ്. എ. പി. ക്യാമ്പിലും തൃശൂർ കേരളാ പോലീസ് അക്കാഡമിയിലും ഓരോ കേന്ദ്രീയ വിദ്യാലയങ്ങൾ പ്രവർത്തിച്ചുവരുന്നു.<br>5) പോലീസ് ക്ലബ്ബുകൾ കമ്മ്യൂണിറ്റി സെന്ററുകൾ, ചിൽഡ്രൻസ് പാർക്കുകൾ, കളിസ്ഥലങ്ങൾ തുടങ്ങിയവ പോലീസുകാരുടേയും കുടുംബാംഗങ്ങളുടേയും ക്ഷേമത്തിനും ഉല്ലാസത്തിനുമായി ഏർപ്പെടുത്തിയിട്ടുണ്ട്.<br>6) പോലീസുകാരുടെ ആത്മവീര്യം വർദ്ധിപ്പിക്കുന്നതിനും അവരിൽ ഐക്യബോധം ഉണ്ടാക്കുന്നതിനും അവരിലെ കലാ കായിക സാംസ്കാരിക വാസനകളെ പരിപോഷിപ്പിക്കുന്നതിനും പോലീസ് മീറ്റുകളും മറ്റും സംഘടിപ്പിച്ചുവരുന്നു. കൂടാതെ തിരുവനന്തപുരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ ഒരു മൾട്ടി ജിംനേഷ്യം, വോളിബോൾ കോർട്ട്, ഇൻഡോർ ഷട്ടിൽ കോർട്ട് തുടങ്ങിയ കായിക വിനോദ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.<br>7) പോലീസ് ഉദ്യോഗസ്ഥർക്ക് കൃത്യനിർവ്വഹണത്തിന് ഇടയ്ക്കുണ്ടാകുന്ന അപകടങ്ങൾ, പരിക്കുകൾ എന്നിവയെ തുടർന്നുണ്ടാകുന്ന ചികിത്സയ്ക്കും മറ്റുമായി സർക്കാർ ആവശ്യമായ തുക അനുവദിച്ചുവരുന്നു.<br>8) സർവ്വീസിലിരിക്കെ അപകടത്തെ തുടർന്ന് മരണപ്പെട്ടുപോകുന്ന സർക്കാർ ഉദ്യോഗസ്ഥർക്ക് ധനസഹായം നൽകുന്ന പദ്ധതി യായ ഗ്രൂപ്പ് പേഴ്സണൽ ആക്സിഡൻറ് ഇൻഷ്വറൻസ് സ്കീം നടപ്പിലാക്കി വരുന്നു. |

| | |
|---|---|
| | 9) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആകെ 1586 വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്. കേരളത്തിലെ എല്ലാ മുനിസിപ്പൽ ആസ്ഥാനങ്ങളിലെ പോലീസ് സ്റ്റേഷനുകളിലും വാഹനങ്ങളുടെ എണ്ണം മൂന്നായി വർദ്ധിപ്പിച്ചിട്ടുണ്ട്. ജോലി ഭാരം കൂടുതലുള്ള മറ്റ് സ്റ്റേഷനുകളിൽ വാഹനങ്ങളുടെ എണ്ണം രണ്ടായി വർദ്ധിപ്പിച്ചു. ഇതു കാരണം പോലീസ് സ്റ്റേഷനുകളിലേയും ഓഫീസുകളിലേയും യാത്രാ സൗകര്യം വളരെ മെച്ചപ്പെട്ടിട്ടുണ്ട്. ഇതു കൂടാതെ വനിതാ പോലീസ് കോൺസ്റ്റബിൾമാർക്ക് ഔദ്യോഗിക കൃത്യനിർവ്വഹണത്തിനായി 250 സ്കൂട്ടർ വാങ്ങി നൽകിയിട്ടുണ്ട്.<br>10) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളാ പോലീസ് സ്റ്റാഫ് കൗൺസിൽ മീറ്റിംഗ് വിളിച്ചുകൂട്ടുകയും പോലീസ് അസോസിയേഷനുകളുടെ വിവിധ ആവശ്യങ്ങൾ ചർച്ച ചെയ്യുകയും തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.<br>11) പോലീസ് സേനാംഗങ്ങളുടെ ക്ഷേമത്തിനായി മെസ് ഫണ്ട്, സ്പോർട്സ് ഫണ്ട്, ഗാർഡൻ ഫണ്ട്, റെജിമെന്റൽ ഫണ്ട്, ക്യാന്റീൻ ഫണ്ട് തുടങ്ങിയ പ്രൈവറ്റ് വെൽഫെയർ ഫണ്ടുകൾ നടപ്പിലാക്കി വരുന്നു. |
| (ബി) പോലീസുകാർക്ക് പ്രൊമോഷൻ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനായി കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ ; | (ബി) ലോക്കൽ പോലീസിൽ 15 വർഷം സേവനമനുഷ്ഠിച്ച പോലീസ് കോൺസ്റ്റബിൾമാർക്ക് ഹെഡ് കോൺസ്റ്റബിൾ ഗ്രേഡും, 23 വർഷം സേവനമനുഷ്ഠിച്ച ഹെഡ് കോൺസ്റ്റബിൾമാർക്ക് എ.എസ്.ഐ. ഗ്രേഡും 28 വർഷം സേവനമനുഷ്ഠിച്ച എ.എസ്.ഐ. മാർക്ക് എസ്.ഐ. ഗ്രേഡും നൽകാൻ ഉത്തരവായിട്ടുണ്ട്. |

| | |
|---|---|
| | ഈ സർക്കാർ നിലവിൽ വന്നതിനുശേഷം 2953 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ സമയബന്ധിതമായി സേനയിലെ അംഗങ്ങൾക്ക് ഉയർന്ന തസ്തികകളിലേയ്ക്ക് നിയമാനുസരണം പ്രൊമോഷൻ നൽകി വരുന്നു. |
| (സി) പോലീസുകാർക്കും ആഫീസർമാർക്കും താമസസൗകര്യം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ; | (സി) പോലീസ് ആധുനികവൽക്കരണ പദ്ധതിയിൽ ഉൾപ്പെടുത്തി പോലീസുകാർക്കും ഓഫീസർമാർക്കും താമസ സൗകര്യം മെച്ചപ്പെടുത്തുന്നതിനുവേണ്ടി യഥാക്രമം 2943 ലോവർ സബോർഡിനേറ്റ് ക്വാർട്ടേഴ്സുകൾ, 9 ബാരക്കുകൾ, 700 അപ്പർ സബോർഡിനേറ്റ് ക്വാർട്ടേഴ്സുകൾ എന്നിവ നിർമ്മിച്ചിട്ടുണ്ട്.<br>പ്ളാൻ പദ്ധതി പ്രകാരം 2009 – 2010 സാമ്പത്തിക വർഷം അനുവദിച്ച 50 ലക്ഷം രൂപ, കെ എ പി II –ാം ബറ്റാലിയൻ ആർ ആർ ആർ എഫ്, എം എസ് പി എന്നിവിടങ്ങളിലെ ബാരക്കുകളുടെ അറ്റകുറ്റപണികൾ തീർക്കുന്നതിന് ഉപയോഗിച്ചിട്ടുണ്ട്. പ്രസ്തുത കേന്ദ്രങ്ങളിലെ പരിശീലനത്തിന് നിയോഗിക്കപ്പെട്ട റിക്രൂട്ട് പോലീസുകാരുടെ താമസ സൗകര്യം മെച്ചപ്പെടുത്തുന്നതിനുവേണ്ടിയാണ് ഈ തുക വിനിയോഗിച്ചിട്ടുള്ളത്.<br>2010 – 2011 സാമ്പത്തിക വർഷത്തിൽ അനുവദിക്കപ്പെട്ട 240 ലക്ഷം രൂപ, എസ് എ പി തിരുവനന്തപുരം, കെ എ പി 5–ാം ബറ്റാലിയൻ, കെ എ പി 2–ാം ബറ്റാലിയൻ, ആർ ആർ ആർ എഫ്, എം എസ് പി കൂടാതെ ആലപ്പുഴ, കോട്ടയം, ഇടുക്കി, തൃപ്പൂണിത്തുറ, കളമശ്ശേരി, പാലക്കാട്, മലപ്പുറം, കണ്ണൂർ, വയനാട് എന്നിവിടങ്ങളിലെ എ ആർ ക്യാമ്പുകളിലേയും ബാരക്കുകൾ കേടുപാട് തീർത്ത് താമസസൗകര്യം മെച്ചപ്പെടുത്തുന്നതിന് വിനിയോഗിച്ചുവരുന്നു. |

| | |
|---|---|
| (ഡി) പോലീസുകാർക്ക് 8 മണിക്കൂർ ഡ്യൂട്ടി സമ്പ്രദായം നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; ഇപ്പോൾ എത്ര പോലീസ് സ്റ്റേഷനുകളിലാണ് 8 മണിക്കൂർ ഡ്യൂട്ടി നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (ഡി) ഇതിനകം 3 ഘട്ടങ്ങളിലായി 17 പോലീസ് ജില്ലകളിലെ 3 വീതം പോലീസ് സ്റ്റേഷനുകളിലായി ആകെ 51 പോലീസ് സ്റ്റേഷനുകളിൽ 8 മണിക്കൂർ ഡ്യൂട്ടി സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്. |
| (ഇ) സ്റ്റേഷനുകളിൽ സ്ത്രീ ജീവനക്കാർക്കായി പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ? | (ഇ) പോലീസ് ആധുനികവൽക്കരണ പദ്ധതി പ്രകാരം 242 ഉം XI th FCA പ്രകാരം 182 ഉം വനിതാ പോലീസ് വിശ്രമ മുറി നിർമ്മിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമ സഭ
പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 182 | 18.02.2011 ൽ മറുപടിയ്ക്ക്

## സോഷ്യൽ ആഡിറ്റ് സെൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അൽഫോൺസ് കണ്ണന്താനം<br>ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. എം. പ്രകാശൻ മാസ്റ്റർ<br>ശ്രീ. സി.എം. ദിനേശ് മണി | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും<br>വകുപ്പ് മന്ത്രി ) |
| എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സോഷ്യൽ ആഡിറ്റിനെ സഹായിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ; | എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സോഷ്യൽ ആഡിറ്റിനെ സഹായയക്കുവാനായി സംസ്ഥാന തലത്തിൽ ' സംസ്ഥാന സോഷ്യൽഓഡിറ്റ് സെൽ' രൂപീകരിച്ചിട്ടുണ്ട്. സോഷ്യൽ ഓഡിറ്റുമായി ബന്ധപ്പെട്ട നയപരമായ തീരുമാനങ്ങൾ എടുക്കുന്നതിനും സംസ്ഥാന സോഷ്യൽ ഓഡിറ്റ് സെല്ലിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി അധ്യക്ഷനായ 'സംസ്ഥാന സോഷ്യൽ ഓഡിറ്റ് കൗൺസിൽ' രൂപീകരിച്ചിട്ടുണ്ട്, ജില്ലാ സോഷ്യൽ ഓഡിറ്റ് കൗൺസിലാണ് സോഷ്യൽ ഓഡിറ്റുമായി ബന്ധപ്പെട്ട ജില്ലാതല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. ജില്ലാ സോഷ്യൽ ഓഡിറ്റ് കൗൺസിലിനെ സഹായിക്കുന്നതിനായി ഒരു ജില്ലാതല റിസോഴ്സ് ടീം ഉണ്ടായിരിക്കുന്നതാണ്. പഞ്ചായത്ത് വാർഡ് തലത്തിൽ സോഷ്യൽ ഓഡിറ്റ് പ്രവർത്തന ങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഗ്രാമതല സോഷ്യൽ ഓഡിറ്റ് ടീം പ്രവർത്തിക്കുന്ന താണ്. |

| | | | |
|---|---|---|---|
| **ബി)** | **സോഷ്യൽ ആഡിറ്റിലൂടെ പദ്ധതി പ്രവർത്തനത്തിലും മറ്റും കണ്ടെത്തുന്ന അപാകതകൾ പരിഹരിക്കുന്നതിനും ക്കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും സംവിധാനം ഏർപ്പെടുത്തുമോ ;** | ബി) | ഏർപ്പെടുത്തിയിട്ടുണ്ട്. സോഷ്യൽ ഓഡിറ്റിലൂടെ കണ്ടെത്തുന്ന അപാകതകൾ പരിഹരിച്ചതിന് ശേഷം അതിന്മേലുള്ള റിപ്പോർട്ട് ആറ് മാസത്തിന് ശേഷം നടക്കുന്ന അടുത്ത സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ മുൻപാകെ സമർപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സോഷ്യൽ ഓഡിറ്റിൽ കുറ്റക്കാരെന്ന് കണ്ടെത്തുന്ന ഉദ്യോഗസ്ഥരുടെ മേൽ വകുപ്പു തല ശിക്ഷണ നടപടികൾ സ്വീകരിക്കുന്നുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഓംബുഡ്സ്മാൻ സംവിധാനത്തിലൂടെ സോഷ്യൽ ഓഡിറ്റിൽ കുറ്റക്കാരെന്ന് കണ്ടെത്തുന്ന ജനപതിനിധികളുടെ മേൽ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുന്നതാണ്. തൊഴിലുറപ്പു പദ്ധതിയിലെ അപാകതകൾ പരിഹരിക്കുന്നതിനായി വിശദമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് അനുബന്ധമായി ചേർക്കുന്നു. |
| **സി)** | **സോഷ്യൽ ആഡിറ്റിനായി ചേരുന്ന ഗ്രാമസഭകളിൽ ബഹുജന പങ്കാളിത്തം ഉറപ്പാക്കൻ നടപടി സ്വീകരിക്കുമോ ;** | സി) | ഗ്രാമപഞ്ചായത്ത് തലത്തിൽ പരിശീലനം ലഭിച്ച 15 സന്നദ്ധ പ്രവർത്തകരടങ്ങുന്ന ഗ്രാമസഭ ഫെസിലിറ്റേറ്റർമാരുടെ ടീം പ്രവർത്തിക്കുന്നുണ്ട്. ഇതിനു പുറമെ ഗ്രാമപഞ്ചായത്ത് വാർഡ് തലത്തിൽ 3 സന്നദ്ധ പ്രവർത്തകരടങ്ങുന്ന ഗ്രാമതല സോഷ്യൽ ഓഡിറ്റ് ടീം രൂപീകരിക്കാനുദ്ദേശിക്കുന്നു. ജനപ്രതിനിധികളുടെ നേതൃത്വത്തിൽ ഗ്രാമസഭാ ഫെസിലിറ്റേറ്റേഴ്സ്, ഗ്രാമതല സോഷ്യൽ ഓഡിറ്റ് ടീം, സദ്ധ പ്രവർത്തകർ, കുടുംബശ്രീ എന്നീ സംവിധാനങ്ങൾ കാര്യക്ഷമമായി ഉപയോഗിച്ചുകൊണ്ട് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകളിൽ ബഹുജന പങ്കാളിത്തം ഉറപ്പാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**കേരള സർക്കാർ**

തദ്ദേശസ്വയംഭരണ (ഡി. ഡി.) വകുപ്പ്

# സർക്കുലർ

നമ്പർ 73945/ഡി.ഡി.2/2010/തസ്വഭവ. *തിരുവനന്തപുരം, 2011 ജനുവരി 7.*

വിഷയം:—മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി—പദ്ധതി നിർവ്വഹണ പ്രക്രിയയിലെ അപാകതകൾ പരിഹരിക്കുന്നത്—അധിക നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:—1. സ. ഉ. (എംഎസ്.) നമ്പർ 241/06/തസ്വഭവ തീയതി 19-10-2006.

2. സർക്കുലർ നമ്പർ 27809/എൻ.ആർ.ഇ.ജി. സെൽ/07/സി.ആർ.ഡി. തീയതി 13-2-2008.
3. സർക്കുലർ നമ്പർ 18539/ഡി.ഡി.2/2010/തസ്വഭവ. (ഡി. ഡി.) വകുപ്പ് തീയതി 15-5-2010.
4. സർക്കുലർ നമ്പർ 52729/ഡി.ഡി.2/2008/തസ്വഭവ. (ഡി. ഡി.) വകുപ്പ് തീയതി 7-8-2008.
5. സർക്കുലർ നമ്പർ 66517/ഡി.ഡി.2/2008/തസ്വഭവ. (ഡി. ഡി.) വകുപ്പ് തീയതി 20-10-2008.
6. സർക്കുലർ നമ്പർ 14830/ഡി.ഡി.2/2009/തസ്വഭവ. (ഡി. ഡി.) വകുപ്പ് തീയതി 2-3-2009.
7. സർക്കുലർ നമ്പർ 15129/എൻ.ആർ.ഇ.ജി.എസ്.സെൽ/08/സി.ആർ.ഡി. തീയതി 10-7-2008.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കാര്യക്ഷമമായ നിർവ്വഹണം ഉറപ്പുവരുത്തുന്നതിനായുള്ള നിർദ്ദേശങ്ങൾ മേൽ സൂചിപ്പിച്ചിട്ടുള്ള ഉത്തരവുകളിലൂടെ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ നിർവ്വഹണ പ്രക്രിയയുടെ പല ഘട്ടങ്ങളിലും അപാകതകൾ കടന്നുകൂടുന്നതായി ഫീൽഡുതല പരിശോധനയിലൂടെ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ പദ്ധതി നടത്തിപ്പ് ചിട്ടയോടെയും കാര്യക്ഷമമായും അപാകതകൾ ഇല്ലാതെയും നടപ്പിലാക്കുന്നതിന് താഴെ പറയുന്ന അധിക മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

GCPT. 3/242/2011/DTP.

1. <u>എസ്റ്റിമേറ്റിലെ ഉള്ളടക്കവും വകയിരുത്തലുകളും</u>

(എ) തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളുടെ തലക്കെട്ട് പ്രവൃത്തി നടത്തുന്ന സ്ഥലം ഏതെന്ന് വ്യക്തമാവും വിധം കൃത്യതയുള്ളതായിരിക്കണം. പ്രവൃത്തി നടക്കുന്ന സ്ഥലം തിരിച്ചറിയുന്നതിനുള്ള സർവ്വേനമ്പരും സൂചിപ്പിച്ചിട്ടുണ്ടാകണം (സർവ്വേ നമ്പറിന്റെ വിവരം എം. ഐ. എസ്.-ൽ ഡേറ്റാ എൻട്രി നടത്തേണ്ടതാണ്). പ്രവൃത്തി നിർവ്വഹണം നടക്കുമ്പോൾ നിശ്ചയിക്കപ്പെട്ട സ്ഥലത്തുതന്നെയാണ് പണി നടത്തുന്നതെന്ന് ഉറപ്പാക്കുവാനുള്ള ഉത്തരവാദിത്വം ചുമതലയുള്ള തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയർ/അക്രഡിറ്റഡ് എഞ്ചിനീയർ/ഓവർസീയർക്കായിരിക്കും. തൊഴിലുറപ്പ് നിയമത്തിലെ 1-ാം പട്ടിക, 1-ാം പാരയിൽപ്പെട്ട ഏതു ഇനം പ്രവൃത്തിയാണ് നടപ്പിലാക്കുന്നതെന്ന് അതാത് പ്രവൃത്തിയുടെ എസ്റ്റിമേറ്റിന്റെ തലക്കെട്ടിൽനിന്നും സ്പഷ്ടമായിരിക്കണം.

(ബി) പ്രവൃത്തി സ്ഥലത്തെ യഥാർത്ഥ പ്രവൃത്തി ആവശ്യം നേരിൽ ബോധ്യപ്പെട്ട് ആവശ്യ ഇനങ്ങളും അളവുകളും കൃത്യമായി തന്നെ എസ്റ്റിമേറ്റിൽ വകയിരുത്തേണ്ടതിന്റെ പ്രാഥമിക ഉത്തരവാദിത്വം തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയർ/അക്രഡിറ്റഡ് എഞ്ചിനീയർ/ഓവർസീയർക്ക് മാത്രമാണ്. അളവുകൾ കുറഞ്ഞത് 5 തൊഴിലാളികളുടെ എങ്കിലും സാന്നിദ്ധ്യത്തിൽ എടുക്കേണ്ടതാണ്.

(സി) പ്രവൃത്തി സ്ഥലത്തെ പൊതു സൗകര്യങ്ങളായ വിശ്രമിക്കുവാനുള്ള തണൽ (ടാർപോളിൻ), ശുചിത്വ സൗകര്യം, ഫസ്റ്റ് എയ്ഡ് ബോക്സ് മുതലായവയ്ക്കുള്ള ചെലവ് ഓരോ പ്രവൃത്തിയുടെയും എസ്റ്റിമേറ്റിൽ വകയിരുത്തുന്നത് ഇവയുടെ യഥാർത്ഥ ആവശ്യകതയും ഇവ സൗകര്യപ്പെടുത്തി കൊടുക്കുന്നതിന് വേണ്ടിയുള്ള സാധനങ്ങളുടെ നിലവിലെ ഓരോ എ. ഡി. എസ്.-ലെയും ലഭ്യതയും കണക്കാക്കി മാത്രമായിരിക്കണം. പ്രവൃത്തി സ്ഥലത്ത് തണൽ ഒരുക്കുന്നതിനുള്ള ടാർപോളിൻ എ. ഡി. എസ്. വാടകയ്ക്ക് പ്രവൃത്തികൾക്കുവേണ്ടി നൽകുന്നതിനാൽ യഥാർത്ഥ വാടക മാത്രമാണ് എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിക്കേണ്ടത്. ഈടാക്കുന്ന വാടകയിൽ നിന്നുമുള്ള വരുമാനം ഉപയോഗിച്ച് എ. ഡി. എസ്. ആവശ്യപ്രകാരം വീണ്ടും ടാർപോളിൻ വാങ്ങുകയും ഉപയോഗിക്കുകയും ചെയ്യണം. ഇക്കാര്യം അക്രഡിറ്റഡ് എഞ്ചിനീയർ/ഓവർസീയർ ഉറപ്പാക്കേണ്ടതാണ്. പുതുതായി ടാർപോളിൻ വാങ്ങേണ്ടതുണ്ടെങ്കിൽ ഡിസ്ട്രിക്ട് പ്രോഗ്രാം കോ-ഓർഡിനേറ്ററുടെ പ്രത്യേക അനുവാദപ്രകാരം മാത്രമേ വാങ്ങാവൂ. അതുപോലെ നിലവിൽ എല്ലാ വാർഡിലും ഫസ്റ്റ് എയ്ഡ് കിറ്റ് ഉണ്ട്. സൂചന 6 സർക്കുലറിൽ നിർണ്ണയിക്കപ്പെട്ട ഫസ്റ്റ് എയ്ഡ് കിറ്റിൽ വിശദമാക്കപ്പെടുന്ന ഇനങ്ങളിൽ ഉള്ള് കുറവ് എന്തെല്ലാമെന്ന് പ്രോജക്ട് ഇനിഷിയേഷൻ മീറ്റിംഗ് സമയത്ത് അക്രഡിറ്റഡ് എഞ്ചിനീയർ/ഓവർസീയർ ബോധ്യപ്പെട്ട് കുറവ് വരുന്ന ഇനങ്ങൾ

ഉണ്ടെങ്കിൽ അവമാത്രം ഓരോ പണിക്കുവേണ്ടി വാങ്ങുവാൻ അനുമതി നൽകേണ്ടതാണ്. അനുമതി വിവരം സൈറ്റ് ഡയറിയിൽ രേഖപ്പെടുത്തണം. തൊഴിലാളിക്ക് തൊഴിൽ സ്ഥലത്തുവച്ച് പണിക്കിടയിൽ അപകടങ്ങൾ/മുറിവുകൾ ഉണ്ടാകുന്ന അവസരങ്ങളിൽ മാത്രമാണ് ആശുപത്രി ചെലവുകൾക്ക് അനുവാദം നൽകിയിട്ടുള്ളത്. മറ്റ് യാതൊരുവിധ അസുഖങ്ങളുടെ മെഡിക്കൽ ബില്ലുകളും അംഗീകരിക്കാൻ പാടില്ല. കുടിവെള്ളം ചൂടാക്കുന്നതിനുള്ള ചെലവ് ബില്ലുകളൊന്നുംതന്നെ അനുവദിക്കേണ്ടതില്ല. പൊതു സൗകര്യങ്ങൾക്കെല്ലാം കൂടി ഓരോ എസ്റ്റിമേറ്റിലും ഒറ്റയിനമായി വകയിരുത്തി (lump sum provision) നൽകുന്നത് ക്രമപ്രകാരമല്ല. ബില്ല് തയ്യാറാക്കുമ്പോൾ യഥാർത്ഥ ചെലവിന്റെ ബില്ലുകൾ മാത്രമേ എഞ്ചിനീയർ അംഗീകരിക്കാവൂ.

(ഡി) എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള സോഫ്റ്റ്‌വെയർ സംസ്ഥാനത്തെ എല്ലാ അക്രഡിറ്റഡ് എഞ്ചിനീയർ/ഓവർസീയർമാരെയും പരിചയപ്പെടുത്തി പരിശീലനം നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റുകളെല്ലാം പ്രസ്തുത സോഫ്റ്റ് വെയറുപയോഗിച്ച് തയ്യാറാക്കേണ്ടതാണ്.

2. <u>പ്രവൃത്തി മൂല്യനിർണ്ണയവും ബില്ലും</u>

(എ) പ്രവൃത്തികളെല്ലാം തന്നെ എസ്റ്റിമേറ്റിൽ വിവക്ഷിക്കുന്ന സ്ഥലത്ത് എസ്റ്റിമേറ്റിലെ ഘടകങ്ങൾ പ്രകാരം മാത്രമാണ് നിർവ്വഹിക്കപ്പെടുന്നതെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയർ/അക്രഡിറ്റഡ് എഞ്ചിനീയർ/ ഓവർസിയർ, നിർവ്വഹണോദ്യോഗസ്ഥൻ എന്നിവർ ഉറപ്പുവരുത്തണം. ഫീൽഡ് ഇൻസ്പെക്ഷൻ നടത്തുന്ന എല്ലാ ഉദ്യോഗസ്ഥരും എസ്റ്റിമേറ്റ് പരിശോധിക്കുകയും ഇക്കാര്യം ബോധ്യപ്പെട്ട് സൈറ്റ് ഡയറിയിൽ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണ്.

(ബി) പ്രവൃത്തിയുടെ മെഷർമെന്റ് ചെയ്തുതീർത്ത യഥാർത്ഥ ഇനങ്ങളുടെയും അളവുകളുടെയും അടിസ്ഥാനത്തിലായിരിക്കണം. ഇതു ഉറപ്പാക്കേണ്ട ഉത്തരവാദിത്വം അളവ് രേഖപ്പെടുത്തുന്ന എഞ്ചിനീയർ/ഓവർസീയർക്കായിരിക്കും.

3. <u>മസ്റ്റർറോൾ</u>

(എ) 2011-12 സാമ്പത്തിക വർഷം മുതൽ എല്ലാ പ്രവൃത്തികൾക്കും ഇ-മസ്റ്റർ റോളുകൾ മാത്രമേ ഉപയോഗിക്കേണ്ടതുള്ളു. ഇതിൽ വെട്ടുതിരുത്ത് പാടില്ല.

(ബി) ഇ-മസ്റ്റർ റോളിലേക്ക് പൂർണ്ണമായും മാറുന്ന സമയം വരെ ബ്ലോക്ക് പ്രോഗ്രാം ഓഫീസർ (ബി. പി. ഒ.) മാന്വലായി ഇഷ്യൂ ചെയ്യുന്ന ഓരോ മസ്റ്റർ റോളിലും പ്രവൃത്തിയെടുക്കുവാൻ ഡിമാന്റ് ചെയ്ത തൊഴിലാളികളുടെ പേരെഴുതിയശേഷം ബാക്കിയുള്ള നിരകൾ (rows) റദ്ദ് ചെയ്ത് മാത്രമേ നൽകാവൂ.

(സി) ബ്ലോക്ക് പ്രോഗ്രാം ഓഫീസർ വിതരണം ചെയ്ത മസ്റ്റർറോളിൽ കൂട്ടിച്ചേർക്കലുകൾ പാടില്ല. തിരുത്തലുകൾ വേണ്ടിവന്നാൽ മേറ്റ് ചുവന്ന മഷി ഉപയോഗിച്ച് തിരുത്തുവരുത്തി അതിനു ചുവടെ കൈയൊപ്പ് വയ്ക്കണം. ഇത് ഫീൽഡ്തല പരിശോധനാ ഉദ്യോഗസ്ഥർ പരിശോധിച്ച് ബോധ്യപ്പെടണം.

(ഡി) മസ്റ്റർറോളിൽ 'X' ചിഹ്നം ഉപയോഗിച്ച് ഹാജർ രേഖപ്പെടുത്തുന്നത് അനുവദനീയമല്ല. തൊഴിലാളിയുടെ ഒപ്പ്/ചുരുക്കിയ ഒപ്പ് രേഖപ്പെടുത്തണം. അപ്രകാരം അല്ലാത്ത മസ്റ്റർറോളുകളിൻമേൽ വേതന വിതരണം അനുവദനീയമല്ല.

(ഇ) മസ്റ്റർറോൾ ആറാം ദിവസം ക്ലോസ് ചെയ്ത് തൊട്ടടുത്ത പ്രവൃത്തി ദിവസം ഗ്രാമപഞ്ചായത്തിലെ ഡേറ്റാ എൻട്രി ഓപ്പറേറ്ററുടെ കൈയിൽ എത്തിക്കുവാനുള്ള ചുമതല മെയ്റ്റിന്റേതാണ്. ബില്ലിനോടൊപ്പം നൽകേണ്ടതായുള്ള പെറ്റി ബില്ലുകൾ ഏതെങ്കിലും ഉണ്ടെങ്കിൽ അവയും ഒപ്പം സമർപ്പിക്കണം (ഉദാഹരണം: പണിയായുധ വാടക ബിൽ, മരുന്ന് ബിൽ തുടങ്ങിയവ). പ്രവൃത്തിയുടെ അവസാന ബില്ല് പാസ്സാക്കി തൊഴിലാളികൾക്ക് കൂലി നൽകുമ്പോൾ തന്നെ പ്രവൃത്തിയുടെ പൂർത്തീകരണ തീയതി (completion date) എം. ഐ. എസ്.-ൽ രേഖപ്പെടുത്തി പ്രവൃത്തി പൂർത്തീകരിച്ച സ്റ്റാറ്റസ് കാണിക്കേണ്ട ചുമതല ഡേറ്റാ എൻട്രി ഓപ്പറേറ്ററുടേതാണ്. പിന്നീട് യാതൊരു പെറ്റി ബില്ലും സ്വീകരിക്കാൻ പാടില്ല.

4. മേയ്റ്റ്

ഓരോ പ്രവൃത്തി സ്ഥലത്തും മെയ്റ്റായി നിശ്ചയിക്കേണ്ടയാളിന്റെ യോഗ്യത സംബന്ധിച്ചും സുതാര്യമായി മെയ്റ്റിനെ തെരഞ്ഞെടുക്കുന്ന നടപടിക്രമവും സൂചന 4, 5 സർക്കുലറുകളിലൂടെ ഉത്തരവായിട്ടുണ്ട്. ഒരു മെയ്റ്റിന് ഒരു പ്രവൃത്തി സ്ഥലത്ത് ഒറ്റത്തവണ 14 ദിവസം മാത്രമേ മെയ്റ്റായി പ്രവർത്തിക്കുവാൻ കഴിയൂവെന്നും, ഒരു പണിസ്ഥലത്ത് കുറഞ്ഞത് 40 തൊഴിലാളികൾക്ക് ഒരാൾ എന്ന അനുപാതത്തിലാവണം മെയ്റ്റ്മാരെ നിയോഗിക്കേണ്ടതെന്നും വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾ കൃത്യമായി പാലിച്ചുകൊണ്ട് മെയ്റ്റ്മാരെ നിയോഗിക്കപ്പെടുന്നുവെന്ന് നിർവ്വഹണ ഉദ്യോഗസ്ഥനും തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയർ/അക്രഡിറ്റഡ് എഞ്ചിനീയർ/ഓവർസിയർ ഉറപ്പാക്കണം. പദ്ധതി നടത്തിപ്പിൽ 4 വർഷം പൂർത്തീകരിച്ച സാഹചര്യത്തിൽ ആവശ്യാനുസരണം മെയ്റ്റുമാരെ സജ്ജരാക്കുന്നതിലേക്ക് മെയ്റ്റുമാരുടെ യോഗ്യതയിലും പരിശീലനം നൽകുന്നതിനുമുള്ള ചുവടെ പറയുന്ന നിർദ്ദേശങ്ങൾ കൂടി പരിഗണിക്കണം.

(എ) മെയ്റ്റായി തെരഞ്ഞെടുക്കപ്പെടുന്ന ഏതൊരാളും മുൻ സാമ്പത്തിക വർഷത്തിലോ തൻ സാമ്പത്തിക വർഷത്തിലോ 25 ദിവസമെങ്കിലും പ്രവൃത്തി എടുത്ത തൊഴിലാളിയായിരിക്കണം. ഇവർക്ക് വേണ്ട പരിശീലനം നൽകിയശേഷമാണ് മെയ്റ്റ്മാരായി നിയോഗിക്കേണ്ടത്.

(ബി) ഓരോ ഗ്രാമപഞ്ചായത്തിലേക്കും ആവശ്യാനുസരണം മെയ്റ്റുമാർക്ക് യഥാസമയം പരിശീലനം നൽകുന്നതിനുള്ള ഉത്തരവാദിത്വം അതാത് ബ്ലോക്ക് പഞ്ചായത്തിലെ ബ്ലോക്ക് പ്രോഗ്രാം ഓഫീസറുടേതാണ്. ബ്ലോക്ക് തലത്തിൽ ബ്ലോക്ക് പ്രോഗ്രാം ഓഫീസർ, തദ്ദേശ സ്വയംഭരണ എഞ്ചിനീയർ, ജോയിന്റ് ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർ, എക്സ്റ്റൻഷൻ ഓഫീസർ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, അക്രഡിറ്റഡ് എഞ്ചിനീയർ, ഡേറ്റാ എൻട്രി ഓപ്പറേറ്റർ, കുടുംബശ്രീ റിസോഴ്സ് പേഴ്സൺ, ഗ്രാമ സഭാ ഫെസിലിറ്റേറ്റർ എന്നിവരുൾപ്പെട്ട ഫാക്കൽറ്റി ടീം മെയ്റ്റ്മാരുടെ പരിശീലനം നടത്തണം. ആവശ്യാനുസരണം മെയ്റ്റ്മാരെ പരിശീലിപ്പിച്ച് സജ്ജരാക്കുന്നതിനുള്ള ലിസ്റ്റ് നിർവ്വഹണ ഉദ്യോഗസ്ഥൻ അതാത് സമയം തയ്യാറാക്കി ബ്ലോക്ക് പ്രോഗ്രാം ഓഫീസർക്ക് നൽകേണ്ടതും പരിശീലനം ബ്ലോക്ക് പ്രോഗ്രാം ഓഫീസറുടെ നേതൃത്വത്തിൽ ജോയിന്റ് ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർ സംഘടിപ്പിക്കേണ്ടതുമാണ്. മെയ്റ്റ്മാർക്കുള്ള പരിശീലനം ബ്ലോക്ക് പ്രോഗ്രാം ഓഫീസർ മുൻകൂട്ടി കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്ററെ അറിയിക്കേണ്ടതാണ്. കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ ആവശ്യത്തിന് റിസോഴ്സ് പേഴ്സൺമാരെ പരിശീലനത്തിന് നിയോഗിക്കണം.

(സി) ഒരു പ്രവൃത്തി സ്ഥലത്ത് 14 ദിവസങ്ങൾക്ക് ഒരാൾ എന്ന ക്രമത്തിൽ മെയ്റ്റിനെ മാറിമാറി നിയോഗിക്കേണ്ടതാണ്. അക്രഡിറ്റഡ് എഞ്ചിനീയർ/ഓവർസിയർ ഇതു പാലിക്കപ്പെടാനുള്ള നടപടിയെടുക്കണം.

(ഡി) 40 തൊഴിലാളികളെങ്കിലുമുള്ള സാഹചര്യത്തിൽ മുഴുവൻ സമയ മെയ്റ്റായി പ്രവർത്തിക്കുന്നതും മറ്റവസരങ്ങളിൽ തൊഴിൽ ചെയ്യുന്നതുമടക്കം മെയ്റ്റ് ഉൾപ്പെടുന്ന കുടുംബത്തിന് ഒരുവർഷം പരമാവധി 100 ദിവസത്തെ വേതനം മാത്രമേ ലഭ്യമാക്കുവാൻ അവകാശമുണ്ടായിരിക്കുകയുള്ളു. ഇക്കാര്യം നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

5. <u>പ്രവൃത്തി സമയം</u>

തൊഴിലുറപ്പ് പദ്ധതിയിൽ പ്രവൃത്തി സമയം രാവിലെ 8 മണിമുതൽ വൈകുന്നേരം 5 മണിവരെയാണ്. ഇടയ്ക്ക് ഒരു മണിക്കൂർ വിശ്രമസമയമായിരിക്കും. ഇതു പാലിക്കപ്പെടുന്നുവെന്ന് നിർവ്വഹണ ഉദ്യോഗസ്ഥനും തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയർ/അക്രഡിറ്റഡ് എഞ്ചിനീയർ/ഓവർസിയർമാരും മേയ്റ്റുമാരും ഉറപ്പാക്കണം. ഏതെങ്കിലും മേയ്റ്റ് ഇതിൽ ഇളവനുവദിക്കുന്നതായി ബോധ്യപ്പെട്ടാൽ, സ്ഥിരമായി മേയ്റ്റ് സ്ഥാനത്തുനിന്നും അയോഗ്യയാക്കേണ്ടതാണ്.

6. <u>പ്രവൃത്തി ബില്ല്</u>

പ്രവൃത്തി ബില്ലിന് റണ്ണിംഗ് കോൺട്രാക്ട് ബില്ല് ഉപയോഗിക്കുന്നതിനു പകരം ലളിതവത്കരിച്ച മൂല്യനിർണ്ണയ ഫോറം ഉപയോഗിക്കാവുന്നതാണ് (പരിഷ്കരിച്ച മൂല്യ നിർണ്ണയ ഫോറം ഇതോടൊപ്പം <u>അനുബന്ധം 1</u> ആയി ഉള്ളടക്കം ചെയ്യുന്നു).

7. പണിയായുധ വാടക

പണിയായുധങ്ങൾ തൊഴിലാളികൾ തന്നെ കൊണ്ടുവന്നാൽ മതിയെന്നും അംഗീകൃത വാടക തൊഴിലാളികൾക്ക് നൽകണമെന്നും സൂചന. 3 ഉത്തരവിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. ഓരോ തൊഴിലാളിക്കും പണിയായുധ വാടക, കൂലിയോടൊപ്പം തന്നെ അയാളുടെ ബാങ്ക് അക്കൗണ്ടിലൂടെ മാത്രം നൽകേണ്ടതാണ്. കൂലിയുടെയും വാടകയുടെയും കണക്കുകൾ വേർതിരിച്ച് ഉണ്ടാക്കുകയും വാടക ഇനം സാധന ഘടകമായി കണക്കിൽ വകയിരുത്തേണ്ടതുമാണ്. ബില്ല് തയ്യാറാക്കുന്ന എഞ്ചിനീയർ ഈ വേർതിരിവ് രേഖപ്പെടുത്തുകയും ഡേറ്റാ എൻട്രി ഓപ്പറേറ്റർ എം.ഐ.എസ്.-ൽ അപ്രകാരം എൻട്രികൾ വരുത്തേണ്ടതുമാണ്.

8. പ്രവൃത്തിരേഖകളുടെ നീക്കം—ട്രാക്കിംഗ്

പേയ്മെന്റിലെ കാലതാമസം ഒഴിവാക്കുവാനും കാലതാമസം വരുത്തിയാൽ അതിന് ഉത്തരവാദി ആരെന്ന് നിർണ്ണയിക്കുന്നതിനും ഓരോ ഗ്രാമപഞ്ചായത്ത് തലത്തിലും ഒരു പ്രവൃത്തിരേഖയുടെ നീക്കങ്ങൾ ട്രാക്ക് ചെയ്യുവാനുള്ള ചെക്ക് ലിസ്റ്റ് ഓരോ പ്രവൃത്തി ഫയലിലും തയ്യാറാക്കി സൂക്ഷിക്കണം. ഇതിലേക്കുള്ള ഫോറം അനുബന്ധം 2 ആയി ഇതോടൊപ്പം നൽകിയിട്ടുണ്ട്. ഇത് ഓരോ ഫയലിലും സൂക്ഷിച്ച് രേഖപ്പെടുത്തൽ വരുത്തുന്നുവെന്ന് ഉറപ്പാക്കേണ്ട ചുമതല നിർവ്വഹണ ഉദ്യോഗസ്ഥന്റേതായിരിക്കും.

9. പ്രോജക്ട് ഫയൽ

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ ഓരോ പ്രവൃത്തിക്കും ഒരു പ്രോജക്ട് ഫയലുണ്ടായിരിക്കേണ്ടതാണ്. ഫയലിൽ ചുവടെ പറയുന്ന എല്ലാ രേഖകളും ഉണ്ടായിരിക്കണം:

1. പ്രോജക്ട് എസ്റ്റിമേറ്റ്
2. ജനകീയ എസ്റ്റിമേറ്റ്
3. ഭരണാനുമതി പകർപ്പ്
4. സാങ്കേതികാനുമതി രേഖ
5. പ്രോജക്ട് ഇനീഷിയേഷൻ മീറ്റിംഗിന്റെ ഫോട്ടോയും മിനിറ്റ്സും
6. മസ്റ്റർ റോളുകൾ
7. ബിൽ/മൂല്യനിർണ്ണയ ഫോറം പകർപ്പ്
8. പേയ്മെന്റ് സ്ലിപ്പ് വിവരം
9. ബാങ്കിലേക്ക് പണം കൈമാറിയ നടപടിക്രമം
10. പ്രവൃത്തി ഫോട്ടോകൾ (പ്രവൃത്തിയുടെ മുമ്പേ, നടക്കുമ്പോൾ, ശേഷം)
11. പ്രവൃത്തി എടുക്കുന്നവരുടെ ഗ്രൂപ്പ് ഫോട്ടോ

12. അംഗീകരിക്കപ്പെട്ട പെറ്റി വൗച്ചറുകളുടെ പകർപ്പ്
13. മെഷർമെന്റ് ബുക്ക് പ്രസക്ത പേജുകളുടെ ഫോട്ടോകോപ്പി
14. പ്രവൃത്തി രേഖ ട്രാക്കിംഗ്—ചെക്ക് ലിസ്റ്റ്

(പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫോട്ടോഗ്രാഫുകൾ ഗ്രാമപഞ്ചായത്തിന്റെ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യണം).

ഓരോ പ്രോജക്ടിന്റെയും നിർവ്വഹണം പൂർത്തീകരിച്ച് പേയ്മെന്റുകൾ നല്കി കഴിഞ്ഞാൽ ഫയൽ കൃത്യമായി തുന്നിക്കെട്ടി പ്രത്യേകമായി സൂക്ഷിക്കേണ്ടതും അതാത് സമയത്ത് ഓഡിറ്റ്/പരിശോധന/സോഷ്യൽ ഓഡിറ്റ്/പൗരന്മാരുടെ പരിശോധനകൾക്ക് സമർപ്പിക്കേണ്ടതുമാണ്. ഓഫീസിൽ ഫയൽ സൂക്ഷിക്കുവാനുള്ള സൗകര്യം നിർവ്വഹണ ഉദ്യോഗസ്ഥൻ ഒരുക്കേണ്ടതാണ്. ഫയൽ സൂക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്വം ഡേറ്റാ എൻട്രി ഓപ്പറേറ്റർക്കായിരിക്കും.

10. <u>പരാതി രജിസ്റ്റർ</u>

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ലഭിക്കുന്ന പരാതി വിവരങ്ങൾ രേഖപ്പെടുത്തുവാൻ ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പ്രോഗ്രാം ഓഫീസർ, ജില്ലാ പ്രോഗ്രാം കോർഡിനേറ്റർ, സംസ്ഥാന മിഷൻ എന്നീ തലങ്ങളിൽ കേന്ദ്രമാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ള മാതൃകയിൽ തന്നെ പരാതി രജിസ്റ്റർ സൂക്ഷിക്കേണ്ടതും ഓരോ തലത്തിലും പരാതി സ്വീകരിക്കുവാൻ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ പരാതി വിവരം രേഖപ്പെടുത്തേണ്ടതുമാണ്. പരാതികളിൽ നടപടി പൂർത്തിയാക്കിയശേഷം വിവരങ്ങൾ രജിസ്റ്ററിൽ ഉൾച്ചേർക്കുകയും മറുപടി ബന്ധപ്പെട്ടവരെ അറിയിക്കേണ്ടതുമാണ്. പരാതി രജിസ്റ്റർ മേലുദ്യോഗസ്ഥൻ യഥാസമയങ്ങളിൽ പരിശോധിച്ച് മേലൊപ്പുവയ്ക്കേണ്ടതും തുടർനടപടികൾ ആവശ്യമെങ്കിൽ രേഖാമൂലം നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്. ഇവർ ബ്ലോക്ക് പ്രോഗ്രാം ഓഫീസർ/ജില്ലാ പ്രോഗ്രാം കോർഡിനേറ്റർ/മിഷൻ ഡയറക്ടർ എന്നിവരെ അറിയിക്കേണ്ടതായ വിഷയങ്ങൾ രേഖാമൂലം അറിയിക്കേണ്ടതുമാണ്.

11. <u>ഫീൽഡ്തല ഇൻസ്പെക്ഷൻ</u>

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കേന്ദ്ര മാർഗ്ഗനിർദ്ദേശ പ്രകാരം സംസ്ഥാനതല ഉദ്യോഗസ്ഥർ 2% പ്രവൃത്തികളും ജില്ലാതല ഉദ്യോഗസ്ഥർ 10% പ്രവൃത്തികളും ബ്ലോക്കുതല ഉദ്യോഗസ്ഥർ 100% പ്രവൃത്തികളും സന്ദർശിച്ച് പരിശോധന നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

സംസ്ഥാനതല പരിശോധന കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഗ്രാമവികസന കമ്മീഷണറേറ്റിലേയും എസ്.ഐ.ആർ.ഡി., ഇ.റ്റി.സി. എന്നീ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി പുതുക്കിയ ഉത്തരവ് ഗ്രാമവികസന കമ്മീഷണർ പുറപ്പെടുവിക്കേണ്ടതും പരിശോധന നടത്തുന്നുവെന്ന് ഉറപ്പാക്കേണ്ടതുമാണ്.

ജില്ലാതല പരിശോധന ജില്ലാ കളക്ടറും, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ജില്ലാതല ഉദ്യോഗസ്ഥരും നടത്തേണ്ടതാണ്. തദ്ദേശ സ്വയംഭരണ വകുപ്പിലെ ജില്ലാതല ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയുള്ള ഉത്തരവ് ജില്ലാ കളക്ടർമാർ പുറപ്പെടുവിക്കണം. പരിശോധനാ റിപ്പോർട്ട് ഓരോ മാസവും ജില്ലാ കളക്ടർമാർ പരിശോധിച്ച് പദ്ധതി ചിട്ടയോടെ നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബ്ലോക്കുതല പരിശോധന, ബ്ലോക്ക് പഞ്ചായത്തിലെ ഗ്രാമവികസന ഉദ്യോഗസ്ഥർ, കൃഷി അസി.ഡയറക്ടർ, പട്ടികജാതി/പട്ടികവർഗ്ഗ വികസന ഉദ്യോഗസ്ഥർ, ചൈൽഡ് ഡെവലപ്പ്മെന്റ് പ്രോഗ്രാം ഓഫീസർ എന്നിവർ മുഖേന നടത്തേണ്ടതാണ്. ബ്ലോക്ക് എക്സ്റ്റൻഷൻ ഓഫീസറടക്കമുള്ളവർക്ക് ഗ്രാമപഞ്ചായത്ത് തിരിച്ച് ചുമതല നൽകുന്നത് , ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരമായിരിക്കണം. ഇതിനുള്ള നടപടി ഉത്തരവ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി പുറപ്പെടുവിക്കണം. ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാർ പരിശോധനാ റിപ്പോർട്ടുകൾ വിലയിരുത്തി പദ്ധതി പ്രവർത്തനം കൂടുതൽ ചിട്ടപ്പെടുത്തുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ജില്ലാതല-സംസ്ഥാനതല ഇടപെടലിന്റെ ആവശ്യമുള്ളപക്ഷം പ്രസ്തുത വിവരം ഡിസ്ട്രിക്ട് പ്രോഗ്രാം കോർഡിനേറ്റർ മുഖേന സംസ്ഥാന മിഷൻ ഡയറക്ടറുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്. ബ്ലോക്ക് തല പരിശോധന നടക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതിന്റെ ഉത്തരവാദിത്വം ജില്ലാ പ്രോഗ്രാം കോർഡിനേറ്റർക്കാണ്.

ഓരോ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറും സൂചന 2 സർക്കുലറിലെ നിർദ്ദേശം അനുസരിച്ച് അയാൾ പ്രവൃത്തിയെടുക്കുന്ന സർക്കിളിലെ എല്ലാ പ്രവൃത്തികളുടെയും 100% പരിശോധനയും മസ്റ്റർറോളുകളുടെ 100% പരിശോധനയും നിർബന്ധമായും നടത്തേണ്ടതാണ്. ഫീൽഡ്തല പരിശോധന നടത്തിയശേഷം ഓരോ ദൈവാരത്തിലും ബ്ലോക്കുതല റിവ്യൂ മീറ്റിംഗിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ 100% പരിശോധന നടത്തുന്നുവെന്ന് മേലുദ്യോഗസ്ഥർ പരിശോധനാ വിധേയമാക്കേണ്ടതും വീഴ്ചവരുത്തുന്നവരുടെ പേരുവിവരം ജില്ലാ കളക്ടർക്ക് റിപ്പോർട്ടായി നല്കേണ്ടതുമാണ്. തദ്ദേശ സ്വയംഭരണ വകുപ്പിൽനിന്നും തൊഴിലുറപ്പ് പദ്ധതിയുടെ പരിശോധനയ്ക്ക് ചുമതലപ്പെടുത്തപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥരുടെ വാർഷിക കോൺഫിഡൻഷ്യൽ റിപ്പോർട്ട് തയ്യാറാക്കുമ്പോൾ ബന്ധപ്പെട്ട മേലുദ്യോഗസ്ഥൻ തൊഴിലുറപ്പ് പദ്ധതിയിലെ ഫീൽഡുപരിശോധന ഗൗരവപൂർവ്വം ചെയ്തിരുന്നോ എന്ന വിവരം അഭിപ്രായക്കുറിപ്പായി രേഖപ്പെടുത്തണം.

ഓരോ തലത്തിലെയും പരിശോധന നടത്തിയശേഷം റിപ്പോർട്ടിനോടൊപ്പം സമർപ്പിക്കാനുള്ള ചെക്ക് ലിസ്റ്റ് അനുബന്ധം 3 ആയി നൽകിയിട്ടുണ്ട്. ഫീൽഡ് പരിശോധന നടത്തുന്ന ഉദ്യോഗസ്ഥർ ആയതിന്റെ ഒരു പകർപ്പ് സംസ്ഥാന തൊഴിലുറപ്പ് മിഷനും, ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിനും നൽകേണ്ടതാണ്.

12. **ജോബ്കാർഡ് എൻട്രികൾ**

ജോബ് കാർഡിൽ തൊഴിൽ അവശ്യപ്പെട്ടത്, ലഭ്യമായത്, അനുവദിച്ച വേതനം തുടങ്ങിയ വിവരങ്ങൾ അതാത് സമയത്ത് തന്നെ മെയ്റ്റ് രേഖപ്പെടുത്തേണ്ടതാണ്. തൊഴിൽ കാർഡിൽ പ്രസ്തുത വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട് എന്നുള്ള സ്വയം സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിലായിരിക്കണം മേറ്റിന്റെ കൂലി വിതരണം നടത്താൻ ഇത് രേഖപ്പെടുത്തിയെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണം. ഫീൽഡ് പരിശോധന നടത്തുന്ന ബ്ലോക്ക്, ജില്ല, സംസ്ഥാന ഉദ്യോഗസ്ഥർ ഇത് പരിശോധിക്കണം.

13. **സൈറ്റ് ഡയറി**

സൈറ്റ് ഡയറിയിൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും തത്സമയം രേഖപ്പെടുത്തപ്പെടണം. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ ഫീൽഡ് സന്ദർശന സമയത്ത് സൈറ്റ് ഡയറിയിൽ അപൂർണ്ണ വിവരങ്ങളുണ്ടെന്ന് ബോദ്ധ്യപ്പെട്ടാൽ അത് പൂർണ്ണമാക്കുന്നതിന് നടപടിയെടുക്കണം.

14. **ബാങ്ക് വഴി പേയ്മെന്റ്**

തൊഴിലാളികളുടെ വേതനം, മേറ്റിന്റെ വേതനം, സാധനങ്ങളുടെ വില തുടങ്ങിയ എല്ലാത്തരം പേയ്മെന്റുകളും തുക ലഭിക്കേണ്ടവരുടെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാത്രമേ നൽകാൻ പാടുള്ളു.

കൂടുതൽ സുതാര്യത ഉറപ്പാക്കിക്കൊണ്ടും അപാകതകളും ക്രമക്കേടുകളും ഒഴിവാക്കിക്കൊണ്ടും തൊഴിലെടുക്കുന്ന കുടുംബങ്ങളുടെ അവകാശങ്ങൾ സംരക്ഷിച്ചു കൊണ്ടും തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ നടത്താൻ എല്ലാ തലങ്ങളും ജാഗ്രത പാലിക്കേണ്ടതാണ്.

എസ്. എം. വിജയാനന്ദ്,
അഡീഷണൽ ചീഫ് സെക്രട്ടറി.

ഗ്രാമവികസന കമ്മീഷണർ.
പഞ്ചായത്ത് ഡയറക്ടർ.
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ.
സംസ്ഥാന തൊഴിലുറപ്പ് മിഷൻ ഡയറക്ടർ.
എല്ലാ ജില്ലാ കളക്ടർമാർക്കും.
എല്ലാ ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർ/പ്രോജക്ട് ഡയറക്ടർമാർക്കും.
എല്ലാ ജില്ലാ/ബ്ലോക്ക്/ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ/സെക്രട്ടറിമാർ.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

അനുബന്ധം-1

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

## മൂല്യനിർണ്ണയ സാക്ഷ്യപത്രം

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | |
| 2. | ബിൽ നമ്പർ | ഒന്നാം/.............ഘട്ടം/അവസാനഘട്ടം |
| 3. | ജില്ല | |
| 4. | നഗരസഭ | |
| 5. | പ്രവൃത്തിയുടെ പേര് | |
| 6. | പ്രവൃത്തിയുടെ നമ്പർ | |
| 7. | ഭരണാനുമതി തുക (രൂപ) | നമ്പർ: തീയതി: |
| 8. | സാങ്കേതികാനുമതി (രൂപ) | നമ്പർ: തീയതി: |
| 9. | മസ്റ്റർ റോൾ നമ്പർ | |
| 10. | പ്രവൃത്തി ആരംഭിച്ച തീയതി | |
| 11. | പ്രവൃത്തി പൂർത്തീകരിച്ച തീയതി | |
| 12. | അളവുകൾ രേഖപ്പെടുത്തിയ എം ബുക്ക് നമ്പരും പേജ് നമ്പരും | |
| 13. | അളവുകൾ രേഖപ്പെടുത്തിയ തീയതികൾ | |
| 14. | അളവുകൾ രേഖപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ പേരും ഔദ്യോഗിക പദവിയും | |
| 15. | അളവ് പരിശോധിച്ച തീയതികൾ | |
| 16. | ബിൽ തയ്യാറാക്കുന്ന തീയതി | |

17. കൈവരിച്ച ഭൗതിക നേട്ടങ്ങൾ (നടപ്പ് ബിൽ പ്രകാരം)

| ക്രമ നമ്പർ | ഇനം | അളവ് | തുക (രൂപ) |
|---|---|---|---|
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | ആകെ : | |

18. പൂർത്തീകരിച്ച പ്രവൃത്തിയുടെ മൂല്യം

| | ആകെ | കഴിഞ്ഞ ബിൽ പ്രകാരം | നടപ്പ് ബിൽ പ്രകാരം |
|---|---|---|---|
| തുക (രൂപ) | | | |
| എം. ബുക്ക് നമ്പർ | | | |
| പേജ് നമ്പർ | | | |

19. തൊഴിൽ വിവരങ്ങൾ

| ഇനം | നടപ്പ് മസ്റ്റർ റോൾ പ്രകാരം | അളവ് പ്രകാരം |
|---|---|---|
| A. അവിദഗ്ദ്ധ തൊഴിലാളികളുടെ എണ്ണം | | |
| B. മറ്റ് തൊഴിലാളികൾ (എണ്ണം) | | |
| 1. മെയ്റ്റ് | | |
| 2. അർദ്ധ വിദഗ്ദ്ധ തൊഴിലാളികൾ | | |
| 3. വിദഗ്ദ്ധ തൊഴിലാളികൾ | | |
| 4. ആയ | | |

20. തൊഴിൽ ദിനവും അനുവദനീയമായ തുകയും:

| A. സൃഷ്ടിക്കപ്പെടുന്ന തൊഴിൽ ദിനം | നടപ്പ് മസ്റ്റർ റോൾ പ്രകാരം | നടപ്പ് ബിൽ അളവ് പ്രകാരം | മുൻ ബിൽ അളവുകൾ കുറച്ച ശേഷം | അനുവദനീയ തുക (രൂപ) |
|---|---|---|---|---|
| 1. അവിദഗ്ദ്ധ തൊഴിലാളികൾ | | | | |
| 2. അർദ്ധ വിദഗ്ദ്ധ തൊഴിലാളികൾ | | | | |
| 3. വിദഗ്ദ്ധ തൊഴിലാളികൾ | | | | |
| 4. മെയ്റ്റ് | | | | |
| 5. ആയ | | | | |

| B. മറ്റിനങ്ങൾ | അന്തിമ ബിൽ അളവ് പ്രകാരം | അനുവദനീയ തുക (രൂപ) |
|---|---|---|
| 1. പ്രവൃത്തി സ്ഥലസൗകര്യം (തണൽ, ശുചിത്വ ആരോഗ്യ സൗകര്യം തുടങ്ങിയവ)<br>(i)<br>(ii)<br>(iii)<br>(iv) | | |
| 2. പണിയായുധ വാടക | | |
| 3. ഫോട്ടോ | | |

21. ആകെ ബിൽ തുക :

| | | |
|---|---|---|
| അന്തിമ ബിൽ പ്രകാരം (രൂപ) എല്ലാ ചെലവുകളുമടക്കം | | |

22. ബിൽ തയ്യാറാക്കിയ ഉദ്യോഗസ്ഥന്റെ

| ഒപ്പ് | പേര് | ഔദ്യോഗിക പദവി |
|---|---|---|
| | | |

23. അളവ് പരിശോധിച്ച ഉദ്യോഗസ്ഥന്റെ

| ഒപ്പ് | പേര് | ഔദ്യോഗിക പദവി |
|---|---|---|
| | | |

അനുബന്ധം-2

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

## ഫയൽ നീക്കം—ട്രാക്കിംഗ് ഫോറം

.................................ബ്ലോക്ക് പഞ്ചായത്ത്

....................................ഗ്രാമ പഞ്ചായത്ത്

പ്രവൃത്തിയുടെ പേര് :

ആക്ഷൻ പ്ലാനിലെ യുണിക് ഐ.ഡി. :

എ. എസ്. നമ്പർ & തീയതി :

ടി. എസ്. നമ്പർ & തീയതി :

എസ്റ്റിമേറ്റ് തുക :

പ്രോജക്ട് മീറ്റിംഗ് നടത്തിയ തീയതി :

പ്രവൃത്തി ആരംഭിച്ച തീയതി :

ഏതിനം പ്രവൃത്തി (കാറ്റഗറി നമ്പർ) :

| | | 1 | 2 | 3 | 4 |
|---|---|---|---|---|---|
| മസ്റ്റർ റോൾ നമ്പർ | | | | | |
| മസ്റ്റർ റോളിനുള്ള അപേക്ഷ ബ്ലോക്ക് പ്രോഗ്രാം ഓഫീസർക്ക് നൽകിയ തീയതി | | | | | |
| ബ്ലോക്കിൽനിന്നും മസ്റ്റർ റോൾ ലഭിച്ച തീയതി | | | | | |
| മസ്റ്റർ റോൾ പ്രകാരം പ്രവൃത്തി ആരംഭിച്ച തീയതി | Initials of Assistant Engineer/Overseer | | | | |
| | Date | | | | |
| മസ്റ്റർ റോൾ പ്രകാരമുള്ള അവസാന പ്രവൃത്തി ദിവസം | Initials of Assistant Engineer/Overseer | | | | |
| | Date | | | | |
| എ.ഡി.എസ്. മസ്റ്റർ റോളും ബന്ധപ്പെട്ട രേഖകളും ഡി.ഇ.ഒ.ക്ക് ലഭ്യമാക്കിയ തീയതി | Initials of Data Entry Operator | | | | |
| | Date | | | | |

| | | | | | |
|---|---|---|---|---|---|
| മെഷർമെന്റിനായി രേഖകൾ ഓവർസിയർക്ക് ലഭിച്ച തീയതി | Initials of Accredited Engineer/Overseer | | | | |
| | Date | | | | |
| ചെക്ക് മെഷർമെന്റിനായി എം. ബുക്കും മറ്റ് രേഖകളും ബന്ധപ്പെട്ട ഉദ്യോഗസ്ഥന് ലഭിച്ച തീയതി | Initials of A.E./A.E.E | | | | |
| | Date | | | | |
| ചെക്ക് മെഷർമെന്റ് നടത്തി എം. ബുക്കും മറ്റ് രേഖകളും ബന്ധപ്പെട്ട സെക്രട്ടറിക്ക് ലഭിച്ച തീയതി | Initials of Secretary | | | | |
| | Date | | | | |
| ബിൽ എഴുതുന്നതിനായി അക്കൗണ്ടന്റിന് മസ്റ്റർറോളും മറ്റ് രേഖകളും ലഭിച്ച തീയതി | Initials of Data Entry Operator | | | | |
| | Date | | | | |
| ബിൽ എഴുതി സെക്രട്ടറിക്ക് സമർപ്പിക്കപ്പെട്ട തീയതി | Initials of Secretary | | | | |
| | Date | | | | |
| വേതനം നൽകിയ തീയതി | Initials of Secretary | | | | |
| | Date | | | | |
| ബ്ലോക്കിലേക്ക് റിപ്പോർട്ട് ചെയ്ത തീയതി | Initials of Data Entry Operator | | | | |
| | Date | | | | |
| ഡേറ്റാ എൻട്രി നടത്തിയ തീയതി | Initials of Data Entry Operator | | | | |
| | Date | | | | |

പ്രവൃത്തി അവസാനിച്ച തീയതി :

ബ്ലോക്കിലേക്ക് കംപ്ലീഷൻ റിപ്പോർട്ട് നൽകിയ തീയതി :

എം.ഐ.എസിൽ പ്രവൃത്തി പൂർത്തീകരണം രേഖപ്പെടുത്തിയ തീയതി :

(ഒപ്പ്)

സെക്രട്ടറി

അനുബന്ധം-3

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി
## ഫീൽഡ്തല പരിശോധനാ ചെക്ക് ലിസ്റ്റ്

| പരിശോധനാ തലം ( ) | |
|---|---|
| സംസ്ഥാനം | ☐ |
| ജില്ല | ☐ |
| ബ്ലോക്ക് | ☐ |

| ജില്ല: | ബ്ലോക്ക്: | ഗ്രാമ പഞ്ചായത്ത്: |
|---|---|---|
| പരിശോധനാ ഉദ്യോഗസ്ഥന്റെ പേര് | | |
| ഔദ്യോഗിക വിലാസം | | |
| പരിശോധനാ തീയതി | | |

| | | |
|---|---|---|
| 1. | സന്ദർശനം നടത്തുന്ന പ്രവൃത്തി സംബന്ധിച്ചു പൊതുവിവരം | |
| (എ) | പേര് | |
| (ബി) | പ്രവൃത്തി കോഡ് | |
| (സി) | പ്രവൃത്തി അടങ്കൽ ( രൂപ) | |
| (ഡി) | വേതന ഘടകം (രൂപ) | |
| (ഇ) | സാധന ഘടകം | |
| (എഫ്) | സൃഷ്ടിക്കപ്പെടുന്ന തൊഴിൽ ദിനങ്ങൾ | |
| 2. | സൈറ്റ് ഡയറി | |
| (എ) | ഡയറിയിൽ എല്ലാ വിവരങ്ങളും രേഖപ്പെടുത്തിയിട്ടുണ്ടോ ? | ഉണ്ട് ☐ ഇല്ല ☐ |
| (ബി) | പ്രോജക്ട് ഇനിഷിയേഷൻ മീറ്റിംഗ് നടന്നുവോ ? | ഉവ്വ് ☐ ഇല്ല ☐ |
| 3. | എസ്റ്റിമേറ്റും പ്രവൃത്തിയും | |
| (എ) | എസ്റ്റിമേറ്റ് പ്രവൃത്തി സ്ഥലത്ത് ലഭ്യമാണോ ? | ഉണ്ട് ☐ ഇല്ല ☐ |
| (ബി) | ജനകീയ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ ? | ഉണ്ട് ☐ ഇല്ല ☐ |
| (സി) | എസ്റ്റിമേറ്റിൽ വിവക്ഷിക്കുന്ന സ്ഥലത്തു തന്നെയാണോ പ്രവൃത്തി സംഘടിപ്പിക്കുന്നത് ? | അതെ ☐ അല്ല ☐ |
| (ഡി) | ചെയ്യേണ്ട പ്രവൃത്തി സംബന്ധിച്ച് തൊഴിലാളികൾക്ക് ധാരണയുണ്ടോ ? | ഉണ്ട് ☐ ഇല്ല ☐ |
| (ഇ) | എസ്റ്റിമേറ്റിലെ ഘടകങ്ങൾ പ്രകാരമാണോ പ്രവൃത്തി നടന്നുവരുന്നത് ? | അതെ ☐ അല്ല ☐ |

| | | |
|---|---|---|
| 4. | മസ്റ്റർ റോൾ | |
| (എ) | ബി.പി.ഒ./ജോ: ബി.ഡി.ഒ. ഒപ്പ് വച്ചാണോ ഇഷ്യൂ ചെയ്തിട്ടുള്ളത് ? | അതെ ☐ അല്ല ☐ |
| (ബി) | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ഒപ്പ് വച്ചിട്ടുണ്ടോ ? | ഉണ്ട് ☐ ഇല്ല ☐ |
| (സി) | മസ്റ്റർ റോളിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ എണ്ണം | |
| (ഡി) | ഹാജരുള്ളവരുടെ എണ്ണം | |
| (ഇ) | കൈ ഒപ്പു തന്നെയാണോ ഹാജർ രേഖപ്പെടുത്താൻ ഉപയോഗിക്കുന്നത് ? | അതെ ☐ അല്ല ☐ |
| (എഫ്) | തിരുത്തലുകൾ ഉണ്ടോ ? | ഉണ്ട് ☐ ഇല്ല ☐ |
| (ജി) | ആൾമാറാട്ടം ഉണ്ടോ ? | ഉണ്ട് ☐ ഇല്ല ☐ |
| (എച്ച്) | ഹാജരില്ലാത്ത പേരുകൾക്ക് നേരെ മാർക്ക് ചെയ്തിട്ടുണ്ടോ ? | ഉണ്ട് ☐ ഇല്ല ☐ |
| 5. | ജോബ് കാർഡ് | |
| (എ) | പണി എടുക്കുന്നവർക്കെല്ലാം ജോബ് കാർഡ് ഉണ്ടോ ? | ഉണ്ട് ☐ ഇല്ല ☐ |
| (ബി) | ജോബ് കാർഡ് സൂക്ഷിക്കുന്നതാര് ? | തൊഴിലാളി ☐<br>മെയ്റ്റ് ☐ |
| (സി) | ജോബ് കാർഡിലെ വിവരങ്ങൾ കൃത്യതയോടെ രേഖപ്പെടുത്തിയിട്ടുണ്ടോ ? | ഉണ്ട് ☐ ഇല്ല ☐ |
| 6. | മെയ്റ്റ് | |
| (എ) | മെയ്റ്റിന്റെ പേരും ജോബ് കാർഡ് നമ്പരും | |
| (ബി) | മെയ്റ്റിന്റെ കുടുംബശ്രീ ഭാരവാഹിത്വം | |
| (സി) | മെയ്റ്റിന് പരിശീലനം കിട്ടിയിട്ടുണ്ടോ ? | ഉണ്ട് ☐ ഇല്ല ☐ |
| (ഡി) | എത്ര ദിവസം പരിശീലനം ലഭിച്ചു | |
| (ഇ) | എത്ര ദിവസമായി തുടരുന്നു | |
| (എഫ്) | എത്ര ദിവസം തൊഴിലാളിയായി പ്രവർത്തിച്ചിട്ടുണ്ട് | |
| (ജി) | 14 ദിവസം കഴിയുമ്പോൾ മെയ്റ്റ് മാറുന്നുണ്ടോ ? | ഉണ്ട് ☐ ഇല്ല ☐ |
| (എച്ച്) | മെയ്റ്റ് പ്രാപ്തയാണെന്ന് ബോധ്യപ്പെടുന്നുവോ ? | ഉവ്വ് ☐ ഇല്ല ☐ |
| (ഐ) | മെയ്റ്റിന്റെ പ്രവർത്തനത്തിൽ തൊഴിലാളികൾ സംതൃപ്തരാണോ ? | അതെ ☐ അല്ല ☐ |
| 7. | പ്രവൃത്തി സ്ഥല സൗകര്യങ്ങൾ | |
| (എ) | തണൽ സൗകര്യം ഒരുക്കിയിട്ടുണ്ടോ ? | ഉണ്ട് ☐ ഇല്ല ☐ |
| (ബി) | പ്രാഥമിക ശുചിത്വ സൗകര്യം ഒരുക്കിയിട്ടുണ്ടോ ? | ഉണ്ട് ☐ ഇല്ല ☐ |

| | | |
|---|---|---|
| (സി) | കുടിവെള്ളം ഒരുക്കിയിട്ടുണ്ടോ ? | ഉണ്ട് ☐ ഇല്ല ☐ |
| (ഡി) | ഫസ്റ്റ് എയിഡ് ബോക്സ് ഉണ്ടോ ? | ഉണ്ട് ☐ ഇല്ല ☐ |
| | (i) മരുന്നുകളും മറ്റ് സാധനങ്ങളും ആവശ്യത്തിനുണ്ടോ ? | ഉണ്ട് ☐ ഇല്ല ☐ |
| | (ii) അക്രഡിറ്റഡ് എഞ്ചിനീയർ/ഓവർസീയറുടെ അംഗീകാര പ്രകാരമാണോ മരുന്നുകൾ വാങ്ങിയത്? | അതെ ☐ അല്ല ☐ |
| 8. | സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് പ്രവൃത്തി സ്ഥലത്ത് ഉണ്ടോ ? | ഉണ്ട് ☐ ഇല്ല ☐ |
| 9. | പണിയായുധങ്ങൾ ഉടമസ്ഥത | തൊഴിലാളികൾ ☐<br>പഞ്ചായത്ത് ☐<br>എ.ഡി.എസ്. ☐ |
| 10. | പ്രവൃത്തി നിർവ്വഹണത്തിനായി മെഷീനറി ഉപയോഗിച്ചിട്ടുണ്ടോ ? | ഉണ്ട് ☐ ഇല്ല ☐ |
| 11. | പ്രവൃത്തിയിൽ കോൺട്രാക്ടർമാരുടെ സാന്നിധ്യം എന്തെങ്കിലും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | ഉണ്ട് ☐ ഇല്ല ☐ |
| 12. | തൊഴിൽ ആവശ്യപ്പെട്ട് 15 ദിവസത്തിനുള്ളിൽ പ്രവൃത്തി ലഭ്യമായിട്ടുണ്ടോ, വേതനം ലഭിക്കുന്നതിൽ കാലതാമസം വന്നിട്ടുണ്ടോ എന്നീ വിഷയത്തെപ്പറ്റി പ്രതിപാദിക്കുക : | |
| 13. | ഈ പ്രവൃത്തി ഇതിനു മുന്നേ ആരെല്ലാം പരിശോധിച്ചിട്ടുണ്ട് : (പേരും ഔദ്യോഗിക സ്ഥാനവും) | |

| ക്രമ നമ്പർ | പേര് | ഔദ്യോഗിക സ്ഥാനം |
|---|---|---|
| | | |
| | | |
| | | |

1. ഓരോ ഇനങ്ങളെ സംബന്ധിച്ച അപാകതകൾ, പരിഹാര നിർദ്ദേശങ്ങൾ എന്നിവ പ്രത്യേകമായി തയ്യാറാക്കി ചെക്ക് ലിസ്റ്റിനോടൊപ്പം നൽകണം.
2. ഗ്രാമ പഞ്ചായത്ത് ഓഫീസ് സന്ദർശിച്ച് ഫയലുകളും രേഖകളും പരിശോധിക്കുന്ന ഉദ്യോഗസ്ഥരുടെ വിലയിരുത്തൽ കുറിപ്പ് പ്രത്യേകമായി തയ്യാറാക്കി സമർപ്പിക്കണം. ഫയലുകളുടെ സൂക്ഷിപ്പ്, തൊഴിലാളികളുടെ അവകാശ സംരക്ഷണം, ജോബ് കാർഡ് നൽകൽ, തൊഴിൽ യഥാസമയം നൽകൽ, നിശ്ചിത കാലയളവിനുള്ളിൽ വേതന വിതരണം, മെയ്റ്റ്മാരുടെ പ്രവർത്തനം, അക്രഡിറ്റഡ് എഞ്ചിനീയർമാർ/ ഓവർസീയർ എന്നിവരുടെ പ്രവർത്തനം, പ്രവൃത്തികളുടെ പൂർത്തീകരണം ഏതെങ്കിലും അധികാര സ്ഥാനങ്ങളുടെ ബോധപൂർവ്വമായ വീഴ്ചകൾ, പദ്ധതി നിർവ്വഹണം മെച്ചമാക്കാനുള്ള നിർദ്ദേശങ്ങൾ എന്നിവ ഉൾക്കൊള്ളിക്കണം.

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 183 — 18-02-2011-ൽ മറുപടിയ്ക്ക്

## മത്സ്യത്തൊഴിലാളികൾക്കുള്ള ജീവൻ സുരക്ഷാ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.തിലോത്തമൻ<br>ശ്രീ. ബാബുപോൾ<br>ശ്രീ. പള്ളിപ്രം ബാലൻ,<br>ശ്രീ.കെ. അജിത് | ശ്രീ. എസ്. ശർമ്മ<br>(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) മത്സ്യത്തൊഴിലാളികളുടെ ജീവന് സുരക്ഷ ഉറപ്പാക്കുന്നതിന് ഈ ഗവൺമെന്റ് ആവിഷ്കരിച്ചു നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | എ) മത്സ്യത്തൊഴിലാളികളുടെ ജീവന് സുരക്ഷ ഉറപ്പാക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.<br>1) കേരളത്തിലെ പുറംകടലിൽ മത്സ്യബന്ധനത്തിന് പോകുന്ന ഔട്ട്ബോർഡ് മോട്ടോർ ഘടിപ്പിച്ച യാനങ്ങൾക്ക് സുനാമി പുനരധിവാസ പദ്ധതി, സുനാമി അടിയന്തിരസഹായ പദ്ധതി/ പ്രധാനമന്ത്രിയുടെ ദേശീയദുരിതാശ്വാസനിധി എന്നിവ പ്രകാരം സുരക്ഷാകിറ്റ് വിതരണംചെയ്യുന്ന പദ്ധതി.<br>2) സുനാമി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുന്ന കടൽസുരക്ഷാപദ്ധതിയുടെ ഭാഗമായി അത്യാധുനിക സംവിധാനങ്ങളുള്ള അഞ്ച് റെസ്ക്യൂബോട്ടുകൾ വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ആദ്യഘട്ടമായി മൂന്ന് ബോട്ടുകൾ വാങ്ങി വിഴിഞ്ഞം, നീണ്ടകര, വൈപ്പിൻ ഫിഷറീസ് സ്റ്റേഷനുകളിൽ കടൽരക്ഷാപ്രവർത്തനത്തിനുവേണ്ടി പ്രയോജനപ്പെടുത്തിവരുന്നു.<br>3) സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായി ഒൻപതു തീരദേശജില്ലകൾ കേന്ദ്രീകരിച്ച് 50 മത്സ്യവിജ്ഞാനകേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കാലാവസ്ഥാ വ്യതിയാനങ്ങളെക്കുറിച്ചുള്ള മുന്നറിയിപ്പ് അപ്പപ്പോൾ മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിനും മത്സ്യങ്ങൾ കൂടുതലുള്ള മേഖലയെക്കുറിച്ച് അറിവ് നൽകുന്നതിനും അപകടമുന്നറിയിപ്പ് നൽകുന്നതിനുമെല്ലാം ഉപയോഗപ്പെടുത്തുന്നതിനുവേണ്ടിയാണ് മത്സ്യവിജ്ഞാനകേന്ദ്രങ്ങൾ നിർമ്മിക്കുന്നത്.<br>4) സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായി കടൽരക്ഷാപ്രവർത്തനത്തിന് ഒൻപതു തീരദേശജില്ലകളിൽ കടൽസുരക്ഷാ സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. ഇവർക്ക് ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്ട്സിൽ ട്രെയിനിംഗ് നൽകി കടൽരക്ഷാപ്രവർത്തനത്തിന് റെസ്ക്യൂ ഗാർഡുകളായി താൽക്കാലികമായി ജോലി നൽകി വരുന്നു. കടൽരക്ഷാ സ്ക്വാഡുകളുടെ ആവശ്യത്തിനായി സുരക്ഷാകിറ്റുകൾ, സെർച്ച് ലൈറ്റ്, ഫയർ എക്സ്റ്റിംഗ്യൂഷർ, ഇൻഫ്ളാറ്റിബിൾ ബോട്ട്സ് എന്നിവയും നൽകുന്നുണ്ട്.<br>5) തീരദേശസംരക്ഷണം ഉറപ്പാക്കുന്നതിനുവേണ്ടി കടലോരവുമായി അടുത്തിടപഴകുന്ന മത്സ്യത്തൊഴിലാളികളുടേയും അവർക്കുവേണ്ടി പ്രവർത്തിക്കുന്ന പ്രസ്ഥാനങ്ങളുടേയും പ്രതിനിധികളെ ഉൾപ്പെടുത്തി സംസ്ഥാനത്തെ തീരദേശപോലീസ് സ്റ്റേഷനുകളിൽ കടലോരജാഗ്രതാസമിതികൾ രൂപീകരിച്ച് പ്രവർത്തി |

ക്കുന്നുണ്ട്. തീരപ്രദേശങ്ങളിൽ നടക്കുന്ന പ്രവർത്തനങ്ങൾ നിരീക്ഷിച്ച് സംശയകരമായ സംഗതികളെ കുറിച്ച് ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിൽ വിവരം നൽകേണ്ട ചുമതലയാണ് ജാഗ്രതാസമിതികൾക്കുള്ളത്.

ബി) എത്ര സുരക്ഷാ കിറ്റുകൾ ഈ കാലയളവിൽ വിതരണം ചെയ്തിട്ടുണ്ട്;

ബി) ഒൻപതു തീരദേശജില്ലകൾ കേന്ദ്രീകരിച്ച് കടൽസുരക്ഷാകിറ്റുകളുടെ വിതരണം ഏകദേശം അവസാനഘട്ടത്തിലാണ്. കെൽട്രോൺ വിതരണം ചെയ്ത ഇ.പി.ഐ.ആർ.ബി.യ്ക്ക് ചില സാങ്കേതിക തകരാറുകൾ വന്നതിനാൽ ഐ.എസ്.ആർ.ഒ.യുടെ നിർദ്ദേശം അനുസരിച്ച് നിലവിലുള്ള ആന്റിനയിലും ബാറ്ററിയിലും മാറ്റങ്ങൾ വരുത്തുന്നതിന് തീരുമാനിച്ച് പ്രസ്തുത മാറ്റങ്ങൾ വരുത്തി എത്രയുംപെട്ടെന്ന് വിതരണംചെയ്യുന്നതിനുള്ള സത്വരനടപടി സ്വീകരിച്ചുവരുന്നു.

സി) ഈ സുരക്ഷാ കിറ്റുകളിൽ എന്തെല്ലാം അടങ്ങിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

സി) സെർച്ച് ആന്റ് റെസ്ക്യൂ ബീക്കൺ, ലൈഫ്ബോയ്, ഹീലിയോഗ്രാഫ്, സർവൈവൽ റേഷൻ, റഡാർ റിഫ്ളക്ടർ, കോംപസ്, എമർജൻസി ഫ്ളാഷ് ലൈറ്റ്, ജാക്ക് നൈഫ്, ഫസ്റ്റ് എയ്ഡ് കിറ്റ്, കന്നാസ് എന്നിവയാണ് സുരക്ഷാകിറ്റിൽ ഉൾപ്പെടുന്നത്.

ഡി) മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഈ ഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം ആനുകൂല്യം ലഭിക്കുമെന്ന് വിശദമാക്കുമോ?

ഡി) ഉണ്ട്. താഴെപറയുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നുണ്ട്.

| | | |
|---|---|---|
| 1 | അപകടമരണം, മത്സ്യബന്ധനവേളയിൽ അപകടംമൂലം കാണാതാകൽ, മത്സ്യബന്ധനവേളയിൽ ഹൃദയാഘാതംമൂലം മരണം, അപകടംമൂലം സ്ഥിരവും പൂർണ്ണവുമായ അവശത എന്നിവയ്ക്ക് | 2,00,000/- രൂപ (രണ്ടു ലക്ഷം രൂപ) |
| 2 | അപകടംമൂലം സ്ഥിരവും ഭാഗികവുമായ അവശതയ്ക്ക് | 1,00,000/- രൂപ (ഒരു ലക്ഷം രൂപ) |
| 3 | അപകടമരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസധനസഹായം | ഒരു കുട്ടിക്ക് 5,000/- രൂപ മുതൽ പരമാവധി 10,000/- രൂപ |
| 4 | ശവസംസ്കാര ചടങ്ങിന് ധനസഹായം | പരമാവധി 2,000/- രൂപ |
| 5 | അപകടംമൂലം അവയവങ്ങൾക്ക് ഭാഗികമായ നഷ്ടം സംഭവിക്കുമ്പോൾ | 2,000/- രൂപ മുതൽ പരമാവധി 50,000/- രൂപ |
| 6 | അപകടംമൂലം 24 മണിക്കൂറിലധികം ആശുപത്രി ചികിത്സയ്ക്ക് ചികിത്സാധനസഹായം | പരമാവധി 20,000/- രൂപ |
| 7 | മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ഭാര്യമാർക്ക് നൽകുന്ന പെൻഷൻ (വിധവാപെൻഷൻ) പ്രതിമാസം | മറ്റ് പെൻഷൻകാർക്ക് പ്രഖ്യാപിക്കുന്ന നിരക്കിൽ |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.184 | 18-2-2011-ന് മറുപടിക്ക്

## രാജീവ് ഗാന്ധി ആവാസ് യോജന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ഉമ്മർ<br>ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി<br>ശ്രീ.യു.സി.രാമൻ | ശ്രീ.പാലോളി മുഹമ്മദ്കുട്ടി,<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| എ) നഗരങ്ങളെ ചേരിവിമുക്തമാക്കാൻ രാജീവ് ഗാന്ധി ആവാസ് യോജന എന്നൊരു പദ്ധതി കേന്ദ്ര സർക്കാർ ആവിഷ്ക്കരിക്കുന്നതു സംബന്ധിച്ച് എന്തെങ്കിലും വിവരം ലഭിച്ചിട്ടുണ്ടോ; | എ) ഉണ്ട് |
| ബി) പ്രസ്തുത വിഷയത്തിൽ സംസ്ഥാനവുമായി ചർച്ചകളെന്തെങ്കിലും നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | ബി) രാജീവ് ആവാസ് യോജന പദ്ധതിയുമായി ബന്ധപ്പെട്ട് വിവിധ തലങ്ങളിൽ കേന്ദ്ര സർക്കാരുമായി ചർച്ച നടത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഒന്നാം ഘട്ടമായി സംസ്ഥാനത്തെ കോർപ്പറേഷനുകളെ ഉൾപ്പെടുത്തി "ചേരി രഹിത നഗര പ്ലാൻ" തയ്യാറാക്കുന്നതിന് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. |

| | |
|---|---|
| സി) ദേശീയതലത്തിൽ നടപ്പാക്കുന്ന ഈ പദ്ധതിയിൽ നിന്നുള്ള പരമാവധി സഹായം സംസ്ഥാനത്തിനു ലഭിക്കാൻ എന്തൊക്കെ നടപടികളാണ് സംസ്ഥാനം സ്വീകരിച്ചിട്ടുള്ളതെന്നും ഇനി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ; | സി) രാജീവ് ആവാസ് യോജന പദ്ധതിയുടെ പ്രാരംഭ ഘട്ടമായുള്ള ''ചേരി രഹിത നഗര പ്ലാൻ''ലേയ്ക്കായി കേന്ദ്രസർക്കാർ 526.62 ലക്ഷം രൂപ സംസ്ഥാനത്തിന് അനുവദിക്കുകയും, ഇതിൽ ആദ്യ ഗഡുവായി 263.31 ലക്ഷം രൂപ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി കോർപ്പറേഷനുകളിലെ ചേരികളുടെ വിശദാംശങ്ങൾ ശേഖരിക്കുകയും പ്രസ്തുത വിശദാംശങ്ങൾ ഗൂഗിൾ മാപ്പിലൂടെ പരിശോധിച്ച ശേഷം ലഭ്യമാക്കിയിട്ടുള്ള വിവരങ്ങൾ സർക്കാർ മാർഗ്ഗ നിർദ്ദേശ പ്രകാരമുള്ള നിർവ്വചനത്തിൽ ഉൾപ്പെട്ടിട്ടുള്ളതാണോ എന്നു പരിശോധിച്ച് ഉറപ്പുവരുത്തുന്നതിലേയ്ക്കായി ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അടുത്ത ഘട്ടമായി, അംഗീകരിച്ച ചേരികളിൽ വിശദമായ സാമൂഹ്യ സർവ്വേ നടത്തി, രാജീവ് ആവാസ് യോജനയ്ക്ക് വേണ്ടിയുള്ള കേന്ദ്രസർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ചേരി നിർമ്മാർജ്ജനം ലക്ഷ്യമാക്കിക്കൊണ്ടുള്ള പ്രോജക്ടുകൾ അതത് കോർപ്പറേഷൻ തലത്തിൽ തയ്യാറാക്കി അംഗീകാരത്തിനായി കേന്ദ്രസർക്കാരിന് സമർപ്പിക്കേണ്ടതുണ്ട്. ഇതിന്റെ നടത്തിപ്പിക്കിലേയ്ക്കായി സംസ്ഥാന തലത്തിൽ ''ചേരി രഹിത നഗര പ്ലാൻ'' സെൽ രൂപീകരിച്ചിട്ടുണ്ട്. കോർപ്പറേഷൻ തലത്തിലും ടെക്നിക്കൽ സെൽ രൂപീകരണത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ഡി) സംസ്ഥാനത്ത് എത്ര ചേരി പ്രദേശങ്ങളാണ് ഉള്ളതെന്നും, ചേരികൾ പൂർണ്ണമായി | ഡി) 51 നഗരപ്രദേശങ്ങളിലായി 2721 ചേരികളുണ്ട് എന്നാണ് നഗരസഭകളിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. വിശദാംശം |

| | |
|---|---|
| വിമുക്തമാക്കാൻ എത്ര വീടുകൾ നിർമ്മിക്കേണ്ടിവരും എന്ന് വ്യക്തമാക്കാമോ? | അനുബന്ധമായി ചേർത്തിരിക്കുന്നു. നഗരസഭാ പ്രദേശങ്ങളിൽ വിശദമായ സർവ്വേ നടത്തി വിവരങ്ങൾ ശേഖരിച്ചാൽ മാത്രമേ ചേരികൾ വിമുക്തമാക്കാൻ എത്ര വീടുകൾ വേണ്ടിവരും എന്ന് കണക്കാക്കാൻ കഴിയുകയുള്ളൂ. ആയതിനുള്ള പ്രാരംഭ നടപടികൾ രാജീവ് ആവാസ് യോജനയുടെ സംസ്ഥാനതല നോഡൽ ഏജൻസിയായ കുടുംബശ്രീയുടെ നേതൃത്വത്തിൽ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

| | | Name of ULB | Status of information | No of slums reported | No of families in the slum | Slum area in Hectares | Remarks |
|---|---|---|---|---|---|---|---|
| | | [illegible] DISTRICT | | 520 | 67,488 | 219.50 | |
| | [illegible] | TVPM Corporation | Complete | 324 | 57,914 | | |
| | 2 | Neyyattinkara | Complete | 53 | 2,280 | 39.15 | |
| | 3 | Nedumangad | Complete | 75 | 3,218 | 85.50 | |
| | 4 | Attingal | Complete | 53 | 2,472 | 50.53 | |
| | 5 | Varkala | Complete | 15 | 1,604 | 44.32 | |
| 2 | | KOLLAM DISTRICT | | 192 | 25,373 | 216.91 | |
| | 6 | South Paravoor | Complete | 44 | 1,465 | 40.95 | |
| | 7 | Kollam Corporation | Complete | 106 | 22,465 | 162.41 | |
| | 8 | Punalur | Complete | 42 | 1,443 | 13.55 | |
| 3 | | ALAPPUZHA DISTRICT | | 145 | 4,725 | 36.57 | |
| | 9 | Alappuzha | Complete | 72 | 2,825 | 28.05 | |
| | 10 | Cherthala | Complete | 54 | 1,437 | | |
| | 11 | Chengannur | Complete | 10 | 241 | 4.73 | |
| | 12 | Kayamkulam | | | | | |
| | 13 | Mavelikara | Complete | 9 | 222 | 3.79 | |
| 4 | | PATHANAMTHITTA DISTRICT | | 55 | 94 | 1.33 | |
| | 14 | Pathanamthitta | Incomplete | 51 | | | |
| | 15 | Adoor | Complete | 1 | 30 | 0.75 | |
| | 16 | Thiruvalla | Complete | 3 | 64 | 0.58 | |
| 5 | | KOTTAYAM DISTRICT | | 40 | 1,549 | 73.00 | |
| | 17 | Changanacherry | Incomplete | 10 | | | |
| | 18 | Pala | Complete | 0 | 0 | 0 | Reported no slum |
| | 19* | Kottayam | Complete | 30 | 1,549 | 73.00 | |
| 7 | | ERANAKULAM DISTRICT | | 421 | 32,261 | 128.40 | |
| | 20 | Muvattupuzha | Complete | 53 | 3,265 | 62.15 | |
| | 21 | Thripunithara | Complete | 18 | 1,045 | 2.45 | |
| | 22 | Kochi Corporation | Complete | 243 | 24,775 | | |
| | 23 | Kalamassery | Complete | 28 | 1,043 | 25.07 | |
| | 24 | Aluva | Complete | 3 | 97 | 0.79 | |
| | 25 | Kothamangalam | Complete | 26 | 591 | 13.21 | |
| | 26 | Perumpavoor | Complete | 23 | 425 | 10.55 | |
| | 27 | Angamally | Complete | 17 | 857 | 12.40 | |
| | 28 | North paravoor | Complete | 10 | 163 | 1.78 | |
| 8 | | THRISSUR DISTRICT | | 264 | 11,554 | 97.16 | |
| | 29 | Thrissur Corporation | Complete | 133 | 7878 | 61.89 | |
| | 30 | Irinjalakuda | Complete | 11 | 580 | | |
| | 31 | Chavakad | Complete | 27 | 589 | | |
| | 32 | Guruvayoor | Complete | 0 | 0 | | Reported no slum |
| | 33 | Kunnamkulam | Complete | 23 | 288 | | |
| | 34 | Kodungallur | Complete | 59 | 1218 | 35.27 | |
| | 35 | Chalakudy | Complete | 11 | 1001 | | |
| 9 | | MALAPPURAM DISTRICT | | 403 | 15,205 | 19.40 | |
| | 36 | Malappuram | Complete | 27 | 368 | 19.40 | |
| | 37 | Perinthalmanna | Incomplete | 109 | 5,038 | | |
| | 38 | Ponnani | Complete | 230 | 9,256 | | |
| | 39 | Manjeri | Complete | 0 | 0 | | Reported no slum |
| | 40 | Tirur | Complete | 37 | 543 | | |
| 10 | | PALAKKAD DISTRICT | | 292 | 16567 | 875.63 | |
| | 41 | Chittur | Complete | 36 | 1937 | 137.08 | |
| | 42 | Ottappalam | Complete | 52 | 2166 | 314.38 | |
| | 43 | Palakkad | Complete | 117 | 5,708 | 91.27 | |
| | 44 | Shornur | Complete | 87 | 6,756 | 332.90 | |
| 11 | | WAYANAD DISTRICT | | 10 | 276 | 2.05 | |
| | 45 | Kalpetta | Complete | 10 | 276 | 2.05 | |
| 12 | | KOZHIKODE DISTRICT | | 222 | 11,422 | | |
| | 46 | Kozhikode Corporation | Complete | 79 | 10241 | 355.59 | |
| | 47 | Koyilandy | Incomplete | 124 | | | |
| | 48 | Vatakara | Complete | 19 | 1,181 | 11.03 | |
| 13 | | KANNUR DISTRICT | | 84 | | 4,353 | |
| | 49 | Kuthuparamba | Complete | 30 | 1,173 | | |
| | 50 | Mattanur | Complete | 54 | 3,180 | 187.73 | |
| 14 | | KASARGODE DISTRICT | | 73 | 4,095 | | |
| | 51 | Kasaragod | Complete | 73 | 4,095 | | |
| | | | Total No of Slums | 2,721 | 190,609 | | |

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: 185 — 18-2-2011- ൽ മറുപടിക്ക്

### കെട്ടിടനമ്പർ നൽകുന്നത് സംബന്ധിച്ച തടസ്സവാദങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രദീപ് കുമാർ :<br>ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി :<br>ശ്രീമതി ജെ. അരുന്ധതി :<br>ശ്രീ. വി. എൻ. വാസവൻ : | | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി) | |
| (എ) | പണിപൂർത്തിയാക്കിയ കെട്ടിടങ്ങൾക്ക് തദ്ദേശസ്ഥാപനങ്ങളിൽ നിന്ന് നമ്പർ കിട്ടുന്നതിൽ അനുഭവപ്പെടുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | ഇത് സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിന് സംഘടിപ്പിച്ച അദാലത്തിൽ എത്ര അപേക്ഷകൾ ലഭിച്ചു ; എത്ര അപേക്ഷകളിൽ തീരുമാനമായി എന്ന് വെളിപ്പെടുത്തുമോ ; | (ബി) | ഇത് സംബന്ധിച്ച് പരാതികൾ പരിഹരിക്കുന്നതിന് സംഘടിപ്പിച്ച അദാലത്തിൽ 4030 അപേക്ഷകൾ ലഭിക്കുകയും അവയിൽ 2253 എണ്ണത്തിന് തീരുമാനം കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. |
| (സി) | കെട്ടിടനമ്പർ നൽകുന്നതു സംബന്ധിച്ച് തദ്ദേശ സ്ഥാപനങ്ങൾ എന്തെല്ലാം തടസ്സവാദങ്ങളാണ് | (സി) | 1994 - ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 220 (ബി) വകുപ്പിന്റെ ലംഘനം, മേഖലാ നിയന്ത്രണങ്ങളുടെ |

| | | | |
|---|---|---|---|
| | പ്രധാനമായും ഉന്നയിച്ചിരുന്നത് ; വ്യക്തമാക്കുമോ ; | | ലംഘനം, തീരദേശ നിയന്ത്രണ വിജ്ഞാപനത്തിലെ വ്യവസ്ഥകളുടെ ലംഘനം, 1999 - ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ലംഘനം, പെർമിറ്റിൽ നിന്നും വ്യതിചലിച്ചുള്ള നിർമ്മാണം, 'നിലം' നികത്തു ഭൂമിയിൽ അനുവാദമില്ലാതെയുള്ള നിർമ്മാണം, പട്ടയം/ ഭൂഉടമസ്ഥത സംബന്ധിച്ചുള്ള വിഷയങ്ങൾ, നീതിന്യായ സ്ഥാപനങ്ങളിൽ നടന്നു വരുന്ന വ്യവഹാരങ്ങൾ, ആവശ്യമായ രേഖകൾ അപേക്ഷകൻ ഹാജരാക്കാത്ത സാഹചര്യങ്ങൾ, പുറമ്പോക്ക് കയ്യേറി നിർമ്മാണം, അതിർത്തി തർക്കം, എന്നീ ലംഘനങ്ങളോടു കൂടിയ കെട്ടിടങ്ങൾക്കാണ് കെട്ടിട നമ്പർ അനുവദിക്കുന്നതിന് തടസ്സങ്ങൾ ഉന്നയിക്കപ്പെടുന്നത്. |
| (ഡി) | വയൽ എന്ന് പ്രമാണത്തിൽ രേഖപ്പെടുത്തിയ ഭൂമിയിൽ വീട് വച്ചിട്ടുള്ളവർക്ക് പ്രത്യേക ഇളവ് നൽകുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ? | (ഡി) | കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ബാധകമാക്കുന്നതിന് മുൻപ് റവന്യൂ രേഖകളിൽ നിലമെന്ന് രേഖപ്പെടുത്തിയ കരഭൂമികളിൽ കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് ലഭിക്കുന്നതിന് ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതായി പരാതികൾ ലഭിച്ചതിനെ തുടർന്ന് ചില നിബന്ധനകൾക്ക് വിധേയമായി 300 |

മീറ്റർ സ്ക്വയർ വരെ വലിപ്പമുള്ള വാസ ഗൃഹങ്ങൾ നിർമ്മിക്കുന്നതിന് അനുമതി നൽകാമെന്ന് നിർദ്ദേശിച്ചുകൊണ്ട് 31/7/2008 ലും 23/9/2008 ലും സർക്കുലറുകൾ പുറപ്പെടുവിച്ചിരുന്നു. എന്നാൽ 2008- ലെ നെൽവയൽ-തണ്ണീർ - ത്തട സംരക്ഷണ നിയമം ബാധകമായതിനെ തുടർന്ന് വില്ലേജ് ഓഫീസറും, കൃഷി ഓഫീസറും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയും ഉൾപ്പെട്ട കെട്ടിട നിർമ്മാണ അനുമതി നൽകുന്നതിലേക്കുള്ള കമ്മിറ്റി ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കൂടുന്നില്ലായെന്ന പരാതി ലഭിച്ചതിനെ തുടർന്ന് നിലവിലുള്ള സർക്കുലറിലെ വ്യവസ്ഥകൾക്ക് വിധേയമായി താഴെ പറയുന്ന വ്യവസ്ഥകൾ കൂടി ചേർത്ത് 22/1/2011 ൽ കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് നൽകുന്നതിന് സർക്കാർ ഒരു സർക്കുലറും കൂടി പുറപ്പെടുവിച്ചിട്ടുണ്ട്.

a) 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, നിലവിലുള്ള നെൽവയലുകൾ, തണ്ണീർത്തടങ്ങൾ എന്നിവയ്ക്കു മാത്രം ബാധകമായതി

നാൽ പുതിയതായി നികത്തുന്നതിനു മാത്രമേ പ്രസ്തുത നിയമത്തിലെ വ്യവസ്ഥകൾ ബാധകമാകുകയുള്ളൂ. അതുകൊണ്ട് പ്രസ്തുത നിയമം നിലവിൽ വരുന്നതിന് കുറഞ്ഞത് 10 വർഷം മുമ്പ് നികത്തപ്പെട്ട സ്ഥലത്ത് കെട്ടിട നിർമ്മാണത്തിന് അനുമതി നൽകാവുന്നതാണ്.

b) 31/7/2008 - ലെ 45846/ ആർ.എ.1/ 08/തസ്വഭവ, 23/9/2008 ലെ 59655/ ആർ.എ.1/08/തസ്വഭവ എന്നീ നമ്പർ സർക്കുലറുകൾ പ്രകാരം രൂപീകരിച്ച കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ വീട് നിർമ്മിച്ചിട്ടുള്ള പക്ഷം അവ കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമാണെങ്കിൽ അവയ്ക്ക് കെട്ടിട നമ്പർ നൽകേണ്ടതാണ്.

c) റവന്യൂ/കൃഷി എന്നീ വകുപ്പുകളുടെ പ്രതിനിധികൾ കമ്മിറ്റിയിൽ നിർബന്ധമായി പങ്കെടുക്കേണ്ടതാണ്. കമ്മിറ്റി എല്ലാ മാസവും കൂടുന്നതിന് പഞ്ചായത്ത്/നഗരസഭാ സെക്രട്ടറിമാർ നടപടി സ്വീകരിക്കേണ്ടതാണ്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 186

18-02-2011-ൽ മറുപടിയ്ക്ക്

വനിതാ മത്സ്യത്തൊഴിലാളികൾക്കായി പലിശരഹിത വായ്പ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.എം. യൂസഫ്<br>ശ്രീമതി.കെ.കെ. ശൈലജ ടീച്ചർ<br>ശ്രീമതി. കെ.എസ്. സലീഖ,<br>ശ്രീ.സി. കെ. സദാശിവൻ | ശ്രീ. എസ്. ശർമ്മ<br>(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) വനിതാ മത്സ്യത്തൊഴിലാളികൾക്കായി ഈ സർക്കാർ ആരംഭിച്ച പലിശരഹിത വായ്പാ പദ്ധതിയുടെ വിശദാംശം നൽകുമോ; | എ) മത്സ്യവിപണനത്തിലേർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യഫെഡ് വഴി പലിശരഹിത വായ്പ ഒരു വർഷത്തെ കാലാവധിയിൽ വിതരണം ചെയ്യുന്ന പദ്ധതിയാണിത്. ഒന്ന്, രണ്ട് ഘട്ടം പദ്ധതികൾ നടപ്പിലാക്കി കഴിഞ്ഞു. മൂന്നാം ഘട്ടം പദ്ധതി നടപ്പിലാക്കിവരുന്നു. പലിശരഹിത വായ്പാ പദ്ധതി ഒന്നാംഘട്ടത്തിൽ 30269 പേർക്ക് 5,000 രൂപ വീതം വിതരണം ചെയ്തിട്ടുണ്ട്. ഒന്നാം ഘട്ടത്തിൽ വായ്പ ലഭിച്ചിട്ടില്ലാത്ത അർഹരായ ഗുണഭോക്താക്കൾക്ക് 5,000 രൂപ വീതം വായ്പ വിതരണം ചെയ്തുകൊണ്ടിരിക്കുന്നു. ഇപ്രകാരം 5,000/- രൂപ വീതം 2943 പുതിയ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു കഴിഞ്ഞു. ഒന്നാം ഘട്ട വായ്പയായ 5,000 രൂപ വീതം ക്രമമായി അടച്ചു തീർത്ത 4301 ഗുണഭോക്താക്കൾക്ക് 10,000 രൂപ വീതം വിതരണം ചെയ്തു കഴിഞ്ഞു. മൂന്നാം ഘട്ട വായ്പകളുടെ വിതരണം തുടർന്നുവരുന്നു. |
| ബി) ഇതിനകം എത്ര മത്സ്യത്തൊഴിലാളികൾക്ക് പദ്ധതിയുടെ ആനുകൂല്യം ലഭിച്ചിട്ടുണ്ട്; | ബി) ഇതിനകം വിതരണം ചെയ്ത പലിശരഹിത വായ്പയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.<br>ഒന്നാംഘട്ടം 5,000/- രൂപ വീതം-30269 പേർക്ക്<br>രണ്ടാം ഘട്ടം 10,000/- രൂപവീതം - 15000 പേർക്ക്<br>മൂന്നാം ഘട്ടം 5,000/- രൂപ വീതം - 2943 പേർക്ക്<br>10,000/- രൂപ വീതം- 4301 പേർക്ക് |
| സി) വായ്പാ തുക വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; പുരുഷ മത്സ്യത്തൊഴിലാളികൾക്കുകൂടി പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കുമോ; | സി) ഇക്കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. |
| ഡി) സുനാമി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി വനിതകൾക്കായി ആവിഷ്കരിച്ച ചെറുകിട തൊഴിൽ സംരംഭ വികസന പദ്ധതിയുടെ നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | ഡി) ഉണ്ട്.<br>സാഫ് മുഖേന 9 തീരദേശ ജില്ലകളിൽ നടപ്പിലാക്കുന്ന വിവിധ ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസന പദ്ധതികളിലായി ഇതേവരെ 1420 ഗ്രൂപ്പുകളെ തെരഞ്ഞെടുത്ത് വിവിധ ചെറുകിട സംരംഭങ്ങൾ ആരംഭിക്കുവാൻ ധനസഹായം നൽകിയിട്ടുണ്ട്. ഇതിലൂടെ സംസ്ഥാനത്തെ 6906 സ്ത്രീകൾക്ക് സ്വന്തമായി വരുമാനം ഉണ്ടാക്കുവാനും അവരുടെ കുടുംബങ്ങളുടെ ജീവിത നിലവാരം ഉയർത്തുവാനും സാധിച്ചിട്ടുണ്ട്.<br>ടീപ്പ് മുഖേന, തീരദേശ ഗുണഭോക്താക്കളുടെയും വനിതാ മത്സ്യത്തൊഴിലാളികളുടെയും താൽപ്പര്യവും കഴിവുകളും പരിഗണിച്ച്, |

പ്രാദേശിക സാദ്ധ്യതയുള്ള 1200-ൽപരം സൂക്ഷ്മ സംരംഭങ്ങളാണ് ആരംഭിച്ചിട്ടുള്ളത്. ഇതുവഴി ആറായിരത്തിലധികം കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുന്നുണ്ട്. തീരദേശ ജില്ലയിൽ ഈ പദ്ധതി ഇനത്തിൽ 1011.17 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ സംരംഭങ്ങളുടെ സുസ്ഥിരമായ വളർച്ചയും തുടർച്ചയും ഉറപ്പുവരുത്തുന്നതിനായി തീരമൈത്രി എന്ന പുതിയ പദ്ധതി ഫിഷറീസ് വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. കൂടാതെ ഈ ഗ്രൂപ്പുകൾ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിന് റൂറൽ മാർക്കറ്റിംഗ് എക്സിക്യൂട്ടീവ് എന്ന പദ്ധതിയും തീരമൈത്രി സൂപ്പർ മാർക്കറ്റുകൾ എന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു. വിവിധ മേളകളിലും, എക്സിബിഷനുകളിലും ഈ ഗ്രൂപ്പുകൾക്ക് പങ്കെടുക്കുന്നതിന് അവസരം നൽകുന്നതിനും ശ്രദ്ധിച്ചിട്ടുണ്ട്. ഉൽപ്പന്നങ്ങൾ, വിപണനം നടത്തുന്നതിന് ഗ്രൂപ്പുകളുടെ അപ്പെക്സ് ഫെഡറേഷനുകളും രൂപീകരിച്ചിട്ടുണ്ട്. തുടർ പരിശീലനങ്ങൾ, സാങ്കേതിക പരിശീലനങ്ങൾ എന്നിവയും നൽകുന്നുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 187

18 02 2011 ൽ മറുപടിയ്ക്ക്

## മത്സ്യത്തൊഴിലാളികൾക്കായി ആവിഷ്കരിച്ച ക്ഷേമ പദ്ധതികൾ

ചോദ്യം

മറുപടി

ശ്രീ. എസ്. ശർമ്മ
(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്
ശ്രീ. ആനത്തലവട്ടം ആനന്ദൻ
ശ്രീ. വി.ജെ തങ്കപ്പൻ
ശ്രീ. ബാബു എം. പാലിശ്ശേരി .

എ) മത്സ്യത്തൊഴിലാളികൾക്കായി ആവിഷ്കരിച്ച ക്ഷേമ പദ്ധതികൾ ഏതെല്ലാമാണ്;

എ) മത്സ്യത്തൊഴിലാളികൾക്കായി ആവിഷ്കരിച്ച ക്ഷേമ പദ്ധതികൾ താഴെപ്പറയുന്നു.

1. മത്സ്യബന്ധനത്തിനായി സൗജന്യനിരക്കിൽ മണ്ണെണ്ണ നൽകുന്ന പദ്ധതി
2. ഡീസൽ സബ്സിഡി സ്കീം
3. ആഴക്കടൽ മത്സ്യബന്ധന പദ്ധതി
4. സൗജന്യ റേഷൻ,
5. സുരക്ഷാ കിറ്റുകൾ
6. ഭവന നിർമ്മാണ പദ്ധതി
7. സമ്പാദ്യ സമാശ്വാസ പദ്ധതി .
8. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

എ) മത്സ്യസുരക്ഷാ പദ്ധതി പ്രകാരമുള്ള വിവിധ ഇൻഷ്വറൻസ് പദ്ധതികൾ

ബി) വിവാഹ ധനസഹായം

സി) മത്സ്യത്തൊഴിലാളികളുടെയും ആശ്രിതരുടെയും മരണാനന്തര ചെലവുകൾക്ക് ധനസഹായം

ഡി) വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ, അവശതാ പെൻഷൻ, ചെയർമാൻസ് റിലീഫ് ഫണ്ട്, തിരദേശമേഖലയിലെ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം, തീരദേശമേഖലയിലെ സ്കൂളുകൾക്ക് ധനസഹായം തുടങ്ങിയവ.

9. സാഫ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

വനിതാ മത്സ്യത്തൊഴിലാളികളുടെ സാമ്പത്തിക ശാക്തീകരണം, സുനാമി അടിയന്തിര സഹായ പദ്ധതി (ടീപ്പ്) പ്രകാരം ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം, വൃത്തിയാക്കിയ പച്ചമത്സ്യ/ഉണക്ക മത്സ്യ വിപണന യൂണിറ്റ്, ടീപ്പ് ഫേസ് 2 പദ്ധതി, സുനാമി പുനരധിവാസ പദ്ധതിയിൽപ്പെടുത്തി ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം, സോപ്പും, സോപ്പുൽപ്പന്നങ്ങളുടെയും നിർമ്മാണം, ഗ്രാമീണ വിപണന നിർവ്വഹണം, പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധി പദ്ധതിയിൽപ്പെടുത്തി ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം, മത്സ്യസംസ്കരണം, മൂല്യവർദ്ധിത മത്സ്യഉൽപ്പന്നങ്ങളുടെ നിർമ്മാണം മത്സ്യമാർക്കറ്റുകളുടെ നിർമ്മാണവും നവീകരണവും, ചെറുകിട തൊഴിൽ സംരംഭങ്ങൾ അഭിവൃദ്ധിപ്പെടുത്തൽ എന്നീ പദ്ധതികൾ

10 മത്സ്യഫെഡ് മുഖേന നടപ്പാക്കുന്ന പദ്ധതികൾ

1. സംയോജിത മത്സ്യവികസന പദ്ധതി
2. നാടൻവള്ളങ്ങളുടെ നവീകരണം
3. മത്സ്യബന്ധന വലകൾ വാങ്ങാൻ ധനസഹായം
4. ബാങ്ക് വായ്പാ സബ്സിഡി പദ്ധതി
5. ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ/ടേം മൈക്രോ ഫിനാൻസ് വായ്പാ പദ്ധതി
6. ദേശീയ ന്യൂനപക്ഷ വിഭാഗ വികസന ധനകാര്യ കോർപ്പറേഷൻ/ടേം മൈക്രോ ഫിനാൻസ് വായ്പാ പദ്ധതി

7 എസ്.ജി.എസ്.വൈ പദ്ധതി

8 രാഷ്ട്രീയ കൃഷിവികാസ് യോജന പദ്ധതികൾ

9 ദേശീയ മത്സ്യ വികസന ബോർഡ് വഴിയുള്ള ജലകൃഷി വികസന വായ്പാ പദ്ധതികൾ

10 എം.പി.ഇ.ഡി.എ യുടെ ധനസഹായത്തോടുകൂടിയുള്ള ട്യൂണ ടെർമിനൽ

11 സുനാമി അടിയന്തിര സഹായ പദ്ധതി

12 സുനാമി പുനരധിവാസ പദ്ധതി

13 മത്സ്യത്തൊഴിലാളി വനിതകൾക്ക് പലിശരഹിത വായ്പ

14 മൂല്യവർദ്ധിത മത്സ്യ വിപണന സൗകര്യം

15 ആഴക്കടൽ മത്സ്യബന്ധനം

16 കുട്ടനാട് സ്പെഷ്യൽ പാക്കേജ് പദ്ധതികൾ

17 കണ്ണൂർ നെറ്റ് ഫാക്ടറി

18 ഗ്ലൂക്കോസമിൻ പ്ലാന്റ്

19 ഫിഷ്മീൽ പ്ലാന്റ് ആറാട്ടുപുഴ

20 ശക്തികുളങ്ങരയിലെ ആധുനിക പീലിംഗ് സെന്ററിൽ എം.പി.ഇ.ഡി.എ യുടെ ധനസഹായത്തോടെയുള്ള, നവീകരണം.

സാമൂഹ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്നവ

1. മത്സ്യത്തൊഴിലാളി അപകട മരണ ഇൻഷ്വറൻസ് പദ്ധതി
2. മത്സ്യബന്ധനോപകരണ സുരക്ഷാ പദ്ധതി

ബി) മത്സ്യബന്ധന തൊഴിലാളികൾക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

ബി) ഉണ്ട്

സി) ഇതുമൂലം ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ്; മത്സ്യത്തൊഴി ലാളികളുടെ വള്ളങ്ങൾക്കും എഞ്ചിനും ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

സി) മത്സ്യബോർഡ് വഴി നടപ്പിലാക്കിവരുന്ന ഈ പദ്ധതി പ്രകാരം കേരളത്തിലെ എല്ലാ സജീവ മത്സ്യത്തൊഴിലാളികളെയും രൂപ 42/- + സർവ്വീസ് നികുതി @ 10.30 % പ്രീമിയം നിരക്കിൽ യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനിയിൽ 2010-11 വർഷക്കാലത്തേക്ക് ഇൻഷ്വർ ചെയ്തിട്ടുണ്ട്. ഈ പദ്ധതിയിൽ മത്സ്യത്തൊഴിലാളികളുടെ അപകടമരണത്തിനും മത്സ്യബന്ധനത്തിനിടയിൽ കാണാതാകലിനും, അപകടം മൂലം സ്ഥിരവും പൂർണ്ണവുമായ അവശതയ്ക്കും നൽകിവരുന്ന ധനസഹായം 2 ലക്ഷം രൂപയും സ്ഥിരവും ഭാഗികവുമായ അവശതയ്ക്ക് ധനസഹായം 1,00,000/- രൂപയുമാണ് . മത്സ്യഫെഡ് വഴി നടപ്പിലാക്കുന്ന പദ്ധതി പ്രകാരം 3 ലക്ഷം രൂപ വരെ ഇൻഷ്വറൻസ് ആനുകൂല്യം ലഭ്യമാവും.

ഈ ഇൻഷ്വറൻസ് പദ്ധതി പ്രകാരം പരമ്പരാഗത മത്സ്യബന്ധന ഉപകരണങ്ങളായ വള്ളം, എഞ്ചിൻ എന്നിവ ഇൻഷ്വർ ചെയ്യാവുന്നതാണ്. പ്രസ്തുത പദ്ധതിയിൽ ഫിഷറീസ് വകുപ്പിൽ രജിസ്റ്റർ ചെയ്ത ലൈസൻസ് എടുത്ത പരമ്പരാഗത വള്ളങ്ങൾക്കും, എഞ്ചിനും നിശ്ചിത വിലയുടെ 1.8% ആണ് പ്രീമിയം അടയ്ക്കേണ്ടത്. പ്രസ്തുത പ്രീമിയത്തിന്റെ 25% ഗുണഭോക്താവിന് അടച്ച് ഇൻഷ്വർ ചെയ്യാവുന്നതാണ്. ബാക്കി 75% പ്രീമിയം സർക്കാർ വഹിക്കും. ഇങ്ങനെ ഇൻഷ്വർ ചെയ്ത മത്സ്യബന്ധനോപകരണങ്ങൾക്കാണ് നാശനഷ്ടം സംഭവിക്കുമ്പോൾ ഇൻഷ്വറൻസ് തുക നൽകിവരുന്നത്.

ഡി) മത്സ്യഫെഡ് വഴി എന്തെങ്കിലും ക്ഷേമപദ്ധതികൾ നടപ്പാക്കുന്നുണ്ടോ; എങ്കിൽ പദ്ധതികളുടെ വിശദാംശം നൽകുമോ?

ഡി) ഉണ്ട്. പദ്ധതികളുടെ വിശദാംശം അനുബന്ധം ആയി ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ

# അനുബന്ധം

## മത്സ്യഫെഡ് വഴി ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്ന പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതികൾ |
|---|---|
| 1 | സംയോജിത മത്സ്യവികസന പദ്ധതി |
| 2 | നാടൻവള്ളങ്ങളുടെ നവീകരണം |
| 3 | മത്സ്യബന്ധന വലകൾ വാങ്ങാൻ ധനസഹായം |
| 4 | ബാങ്ക് വായ്പാ സബ്സിഡി പദ്ധതി |
| 5 | ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ/ടേം മൈക്രോ ഫിനാൻസ് വായ്പാ പദ്ധതി |
| 6 | ദേശീയ ന്യൂനപക്ഷ വിഭാഗ വികസന ധനകാര്യ കോർപ്പറേഷൻ/ടേം മൈക്രോ ഫിനാൻസ് വായ്പാ പദ്ധതി |
| 7 | എസ്.ജി.എസ്.വൈ പദ്ധതി |
| 8 | രാഷ്ട്രീയ കൃഷിവികാസ് യോജന പദ്ധതികൾ |
| 9 | ദേശീയ മത്സ്യ വികസന ബോർഡ് വഴിയുള്ള ജലകൃഷി വികസന വായ്പാ പദ്ധതികൾ |
| 10 | എം.പി.ഇ.ഡി.എ യുടെ ധനസഹായത്തോടുകൂടിയുള്ള ട്യൂണ ടെർമിനൽ |
| 11 | സുനാമി അടിയന്തിര സഹായ പദ്ധതി |
| 12 | സുനാമി പുനരധിവാസ പദ്ധതി |
| 13 | മത്സ്യത്തൊഴിലാളി വനിതകൾക്ക് പലിശരഹിത വായ്പ |
| 14 | മൂല്യവർദ്ധിത മത്സ്യ വിപണന സൗകര്യം |
| 15 | ആഴക്കടൽ മത്സ്യബന്ധനം |
| 16 | കുട്ടനാട് സ്പെഷ്യൽ പാക്കേജ് പദ്ധതികൾ |
| 17 | കണ്ണൂർ നെറ്റ് ഫാക്ടറി |
| 18 | ഗ്ലൂക്കോസമിൻ പ്ലാന്റ് |
| 19 | ഫിഷ്മീൽ പ്ലാന്റ് ആറാട്ടുപുഴ |
| 20 | ആധുനിക പീലംഗ് സെന്റർ, ശക്തികുളങ്ങര-എം.പി.ഇ.ഡി.എ ധനസഹായം |

മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും, തൊഴിൽ ഉപകരണങ്ങൾ ലഭ്യമാക്കാനും വിവിധ പദ്ധതികൾ വഴി മത്സ്യബന്ധനോപകരണങ്ങൾക്കുള്ള വായ്പ, മത്സ്യവിപണന സൗകര്യം മത്സ്യലേലത്തിനുള്ള പ്രവർത്തന മൂലധനം, മത്സ്യക്കച്ചവടത്തിലേർപ്പെട്ടിരിക്കുന്ന സ്ത്രീകൾക്ക് പലിശരഹിത വായ്പ, സ്വയം സഹായ ഗ്രൂപ്പുകൾക്ക് മൈക്രോഫിനാൻസ് വായ്പ, മത്സ്യത്തൊഴിലാളി കുടുംബത്തിലെ തൊഴിൽരഹിതരായ അംഗങ്ങൾക്ക് ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ, ദേശീയ ന്യൂനപക്ഷ വിഭാഗ വികസന ധനകാര്യ കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ മുതലായ ധനസഹായങ്ങൾ കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്.

ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന സംയോജിത മത്സ്യവികസന പദ്ധതി വഴി 6376.50 ലക്ഷം രൂപ മത്സ്യബന്ധന ഉപകരണങ്ങൾ, പ്രവർത്തന മൂലധനം, മത്സ്യ വിപണന സൗകര്യം മുതലായ പദ്ധതികൾ വഴി നൽകിയിട്ടുണ്ട്. നാടൻ വള്ളങ്ങളിൽ എഞ്ചിൻ ഘടിപ്പിക്കുന്നതിനും, മത്സ്യബന്ധന വലകൾ വാങ്ങുന്നതിനും, മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ബാങ്ക് വായ്പാ സബ്സിഡിയായും ഈ

സർക്കാർ അധികാരത്തിൽ വന്നശേഷം 210 ലക്ഷം രൂപ സബ്സിഡിയായും അനുവദിച്ചു നൽകിയിട്ടുണ്ട്. ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ വായ്പാ പദ്ധതികളിൽ നിന്ന് 5742.05 ലക്ഷം രൂപ മൈക്രോ ഫിനാൻസ് / ടേം വായ്പാ ഇനത്തിൽ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് നൽകിയിട്ടുണ്ട്. ദേശീയ ന്യൂനപക്ഷ വിഭാഗ വികസന ധനകാര്യ കോർപ്പറേഷൻ വായ്പാ പദ്ധതിയിൽ നിന്നും 4223.91 ലക്ഷം രൂപയുടെ ധനസഹായവും മത്സ്യത്തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്. പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കുന്നതിനുവേണ്ടി 488 ലക്ഷം രൂപ അടങ്കൽ തുക വരുന്ന ആഴക്കടൽ മത്സ്യബന്ധന പദ്ധതി ആവിഷ്കരിച്ച് കേന്ദ്ര സർക്കാരിന്റെ അധിക ധന സഹായ പദ്ധതിപ്രകാരം അംഗീകാരം ലഭിച്ച പദ്ധതിയിൽ 20 ഗ്രൂപ്പുകൾക്ക് ആഴക്കടൽ മത്സ്യബന്ധന ഉപകരണങ്ങൾ വിതരണം ചെയ്യാനുള്ള പദ്ധതിയും നടപ്പിലാക്കിവരുന്നു.

സുനാമി അടിയന്തിര സഹായപദ്ധതിയിലും, സുനാമി പുനരധിവാസ പദ്ധതിയിലും ഉൾപ്പെടുത്തി 1861.25 ലക്ഷം രൂപയുടെ പദ്ധതികൾ മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി മത്സ്യഫെഡ് വഴി നടപ്പിലാക്കിയിട്ടുണ്ട്.

സാമൂഹ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായി മത്സ്യഫെഡ് താഴെ പറയുന്ന രണ്ട് പദ്ധതികൾ നടപ്പിലാക്കുന്നു.

1. മത്സ്യത്തൊഴിലാളി അപകട മരണ ഇൻഷ്വറൻസ് പദ്ധതി:

അപകടത്തിൽ മരണമടയുകയോ അംഗവൈകല്യം സംഭവിക്കുകയോ ചെയ്യുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് 3 ലക്ഷം രൂപ ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന ഒരു പദ്ധതി മത്സ്യഫെഡ് ഇൻഷ്വറൻസ് കമ്പനികളുമായി ചേർന്ന് നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയുടെ പ്രീമിയം മത്സ്യത്തൊഴിലാളികൾ തന്നെയാണ് മത്സ്യഫെഡ് സഹകരണ സംഘങ്ങൾ വഴി അടയ്ക്കുന്നത്. ഈ വർഷവും കഴിഞ്ഞ വർഷവും (2009-10, 10,11) മത്സ്യബന്ധനത്തിനിടയിൽ ഹൃദയാഘാതം മൂലം മരണപ്പെട്ടാലും ആനുകൂല്യം നൽകത്തക്ക രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. തുടക്കത്തിൽ ഇത് 50,000 രൂപ ആയിരുന്നു. പിന്നീട് 1.50 ലക്ഷം രൂപയും കഴിഞ്ഞ വർഷം മുതൽ 3 ലക്ഷം രൂപയുമാണ് ഇൻഷ്വറൻസ് ആനുകൂല്യം. പൂർണ്ണ അംഗവൈകല്യത്തിന് 3 ലക്ഷം രൂപയും 50 ശതമാനം അതായത് ഒരു കൈ, ഒരു കാൽ, ഒരു കണ്ണ് നഷ്ടപ്പെട്ടാൽ 1.50 ലക്ഷം രൂപയും നിബന്ധനകൾക്ക് വിധേയമായി ആശുപത്രി ചികിൽസാ ചെലവും ലഭിക്കുന്നതാണ്.

2. മത്സ്യബന്ധനോപകരണ സുരക്ഷാ പദ്ധതി:

മത്സ്യഫെഡ് വഴി വായ്പയായി നൽകുന്ന മത്സ്യബന്ധനോപകരണങ്ങൾ ഇൻഷ്വർ ചെയ്യുന്ന പദ്ധതിയാണിത്. പ്രകൃതിക്ഷോഭം, അപകടം, കലാപം മൂലമല്ലാതുള്ള തീപിടുത്തം എന്നിവ മൂലം മത്സ്യബന്ധനോപകരണങ്ങൾ മുങ്ങിപോകുകയോ നാശനഷ്ടം സംഭവിക്കുകയോ ചെയ്യുമ്പോൾ പരിരക്ഷ ലഭിക്കും. മത്സബന്ധനോപകരണങ്ങളുടെ വിലയുടെ 4 ശതമാനമാണ് പദ്ധതി പ്രീമിയം. നാശനഷ്ടത്തിന് ഭാഗികമായും പൂർണ്ണമായും പരിരക്ഷ ലഭിക്കും. വലയ്ക്ക് ഭാഗിക പരിരക്ഷ ലഭിക്കുകയില്ല.

Pushpa kumari

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട

ചോദ്യം നമ്പർ: 188 — 18-02-2011-ൽ മറുപടിയ്ക്ക്

## ചെറുകിട മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.പി. മുഹമ്മദ്<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.കെ. അച്ചുതൻ<br>ശ്രീ.ടി.എൻ. പ്രതാപൻ | ശ്രീ. എസ്. ശർമ്മ<br>(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതൊക്കെ ചെറുകിട മത്സ്യ ബന്ധന തുറമുഖങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കാണ് തുടക്കം കുറിച്ചത്; | എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കണ്ണൂർ ജില്ലയിലെ തലായ്, കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി, കാസർഗോഡ് ജില്ലയിലെ കാസർഗോഡ്, ആലപ്പുഴ ജില്ലയിലെ ചെത്തി ഒന്ന്-രണ്ട് ഘട്ടങ്ങൾ, അർത്തുങ്കൽ ഒന്നാം ഘട്ടം, എറണാകുളം ജില്ലയിലെ ചെല്ലാനം ഒന്ന്, രണ്ട് ഘട്ടങ്ങൾ എന്നിവ ആരംഭിച്ചു. മറ്റു മത്സ്യബന്ധന തുറമുഖങ്ങളുടെ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. തൃശ്ശൂർ ജില്ലയിലെ ചേറ്റുവ, ഫിഷിംഗ് ഹാർബർ നിർമ്മാണത്തിനുള്ള വേയ്ബ്രിഡ്ജ് സ്ഥാപിക്കു ന്നതിനുള്ള നടപടികൾ നടന്നുവരുന്നു. നിർമ്മാണം 2011 ഫെബ്രുവരി മാസം 21-ാം തിയതിക്ക് ശേഷം ആരംഭി ക്കുന്നതാണ്. കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണം ആരംഭിക്കു ന്നതിന് ഭരണാനുവാദം നൽകി ടെണ്ടർ നടപടികൾ പൂർത്തിയാക്കി കോൺട്രാക്ടർ ഉടൻ എഗ്രിമെന്റ് വച്ച് പ്രവൃത്തി ആരംഭിക്കുന്നതാണ്. |
| ബി) അവയിൽ ഏതൊക്കെ തുറമുഖങ്ങളുടെ നിർമ്മാണം പൂർത്തിയാക്കാനായി എന്ന് വെളിപ്പെടുത്തുമോ; | ബി) ചെല്ലാനം, അർത്തുങ്കൽ എന്നിവയുടെ ഒന്നാം ഘട്ടം പൂർത്തിയായി. |
| സി) ഇനിയും പൂർത്തിയാക്കാത്ത ചെറുകിട മത്സ്യ ബന്ധന തുറമുഖങ്ങളുടെ പ്രവർത്തനം എന്ന് തുടങ്ങാനാകുമെന്നാണ് കരുതുന്നത്; | സി) കണ്ണൂർ ജില്ലയിലെ തലായ്, കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി എന്നീ മത്സ്യബന്ധന തുറമുഖങ്ങൾ 2011-12-ലും തൃശ്ശൂർ ജില്ലയിലെ ചേറ്റുവ, കാസർഗോഡ് ജില്ലയിലെ കാസർഗോഡ്, ചെറുവത്തൂർ എന്നീ മത്സ്യബന്ധന തുറമുഖങ്ങൾ 2013-14-ലും പൂർത്തീകരിച്ച് പ്രവർത്തനം തുടങ്ങാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| ഡി) സംസ്ഥാനത്ത് ഇനിയും ഇത്തരത്തിൽ എത്ര ചെറുകിട മത്സ്യ ബന്ധന തുറമുഖങ്ങൾ തുടങ്ങാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്; വിശദവിവരം ലഭ്യമാക്കുമോ? | ഡി) 7 വിവിധ ജില്ലകളിലായി 9 പുതിയ മത്സ്യബന്ധന തുറമുഖങ്ങൾ നിർമ്മിക്കുവാനാണ് ഉദ്ദേശിക്കുന്നത്. കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം, കണ്ണൂർ ജില്ലയിലെ പുതിയങ്ങാടി, കോഴിക്കോട് ജില്ലയിലെ വെള്ളയിൽ, മലപ്പുറം ജില്ലയിലെ താനൂർ, പരപ്പനങ്ങാടി, ആലപ്പുഴ ജില്ലയിലെ പുന്നപ്ര, കൊല്ലം ജില്ലയിലെ സൗത്ത് പരവൂർ, തിരുവനന്തപുരം ജില്ലയിലെ ചിലക്കൂർ (വർക്കല), വലിയതുറ എന്നിവിടങ്ങളിലാണ് മത്സ്യബന്ധന തുറമുഖങ്ങൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്. ഇവയിൽ മഞ്ചേശ്വരം, വെള്ളയിൽ എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ അന്വേഷണ ഗവേഷണ പഠനങ്ങളും പരിസ്ഥിതിപഠനവും പൂർത്തിയാക്കി വിശദമായ പദ്ധതിരൂപരേഖ തയ്യാറാക്കിവരുന്നു. പരപ്പനങ്ങാടി, താനൂർ, വലിയതുറ എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ മാതൃകാപഠനം പൂർത്തിയായിട്ടുണ്ട്. പരിസ്ഥിതിപഠനം പുരോഗമിച്ചുവരുന്നു. പുതിയങ്ങാടി, പുന്നപ്ര, സൗത്ത് പരവൂർ, ചിലക്കൂർ (വർക്കല) എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ അന്വേഷണ ഗവേഷണ പഠനങ്ങൾ പുരോഗമിച്ചുവരുന്നു. |

Sreeja Kumari

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ .189 18.02.2011-ൽ മറുപടിയ്ക്ക്

### കേരള ലോക്കൽ സെൽഫ് ഗവൺമെന്റ് സ്റ്റേറ്റ് സർവ്വീസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.രാജു<br>ശ്രീ.മാങ്കോട് രാധാകൃഷ്ണൻ<br>ശ്രീ.പള്ളിപ്രം ബാലൻ<br>ശ്രീ.വി.എസ്.സുനിൽകുമാർ | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് പഞ്ചായത്ത്, നഗര കാര്യം, ഗ്രാമവികസനം എന്നീ വകുപ്പുകൾ സംയോജിപ്പിച്ച് കേരള ലോക്കൽ സെൽഫ് ഗവൺമെന്റ് സ്റ്റേറ്റ് സർവ്വീസ് രൂപീകരിക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ; ഇത് സംബന്ധിച്ച് നിയോഗിച്ച ഉന്നതതല സമിതിയുടെ ശുപാർശകൾ ലഭിച്ചിട്ടുണ്ടോ;<br><br>(ബി) പ്രസ്തുത ഉന്നതതല സമിതിയുടെ ശുപാർശകൾ എന്തെല്ലാം; ഇവയിൽ ഏതെല്ലാം ശുപാർശകൾ നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) ഉണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന് ഒരു പൊതു സർവ്വീസ് രൂപീകരിക്കുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള ഉന്നതതല സമിതി യോഗം കൂടുകയും ചർച്ചയ്ക്കുള്ള കരട് റൂൾ തയ്യാറാക്കിയിട്ടുമുണ്ട്. ഇതു സംബന്ധിച്ച് തദ്ദേശസ്വയം ഭരണ വകുപ്പിൽ പ്രവർത്തിക്കുന്ന പൊതു സംഘടനകളുമായി 21.02.2011-ന് ചർച്ച നടത്തുവാൻ തീരുമാനമായിട്ടുണ്ട്. |
| (സി) പ്രസ്തുത സംയോജനത്തിലൂടെ ഉണ്ടാകുന്ന പുതിയ വകുപ്പിന്റെ ഘടന എന്തായിരിക്കുമെന്ന് വെളിപ്പെടുത്തുമോ? | (സി) അവസാന തീരുമാനമായിട്ടില്ല. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭ ചോദ്യം നമ്പർ :190

18..2..2011-ൽ മറുപടിയ്ക്ക്

### "ശബരിമല മാസ്റ്റർ പ്ലാനിന്റെ പുരോഗതി'

<u>ചോദ്യം</u>

ശ്രീ. കെ.പി. മോഹനൻ :
ശ്രീ. എം.വി.ശ്രേയാംസ് കുമാർ:
ശ്രീ. എം. കെ.പ്രേംനാഥ് :

(എ) ശബരിമല മാസ്റ്റർ പ്ലാൻ പ്രകാരം പമ്പയിലും നിലയ്ക്കലും, സന്നിധാനത്തിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ ;

<u>ഉത്തരം</u>

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പ് മന്ത്രി.

(എ) ശബരിമല മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിന് മേൽനോട്ടം വഹിക്കാൻ ബഹു. ഹൈക്കോടതി നിയോഗിച്ചിട്ടുള്ള ഹൈപവർ കമ്മിറ്റി ശബരിമലയിലെ ഭക്തജനത്തിരക്ക് ക്രമീകരിക്കുന്നതിനായി ചില വികസന പ്രോജക്ടുകൾക്ക് മുൻഗണന നൽകി നിശ്ചയിച്ചിട്ടുണ്ട്. നിലയ്ക്കലിലെ പാർക്കിംഗ് സൗകര്യങ്ങൾ വിപുലപ്പെടുത്തിക്കൊണ്ട് നിലയ്ക്കൽ പ്രധാന ബേസ് ക്യാമ്പായി വികസിപ്പിക്കുകയാണ് ഇതിൽ പ്രധാനം. ഇതു വഴി തീർത്ഥാടകരുടെ സുരക്ഷ ഉറപ്പാക്കാനും ശബരിമലയിലേക്കുള്ള പ്രവേശനം നിയന്ത്രിച്ച് തിരക്ക് ക്രമീകരിക്കാനും സാധിക്കും. സന്നിധാനത്ത് ഇരുനിലയുള്ള നടപ്പന്തൽ നിർമ്മിച്ച് കൂടുതൽ സ്ഥലസൗകര്യം ഉറപ്പാക്കുക, ക്ഷേത്രത്തിനു പുറകുവശത്തായി തീർത്ഥാടകർക്ക് മടങ്ങിപോകാനുള്ള മേൽപ്പാലം നിർമ്മിക്കുക, പ്രസാദ കോംപ്ലക്സ് പുന:നിർമ്മാണം എന്നിവയ്ക്ക് മുൻഗണന നൽകിയിട്ടുണ്ട്. കൂടാതെ മകരജ്യോതി ദർശനത്തിനായി ജനങ്ങളെത്തുന്ന പോയിന്റുകളിൽ സുരക്ഷിതത്വവും സൗകര്യങ്ങളും ഉറപ്പാക്കാനുള്ള നടപടികളും സമിതി മുൻഗണന നൽകി ത്വരിതപ്പെടുത്തും. കൂടാതെ ക്യൂ കോംപ്ലക്സ് നിർമ്മാണം, റോപ്പ്വേ നിർമ്മാണം, പരമ്പരാഗത പാതകളുടെ വിപുലീകരണം, പമ്പയിലും ശബരിമലയിലും സീവേജ്

ട്രീറ്റ്മെന്റ് പ്ലാന്റുകളുടെ നിർമ്മാണം, നിലയ്ക്കലിൽ ശബരിഭവനുകളുടെ നിർമ്മാണം, ചെക്ക്ഡാം എന്നിവയൊക്കെയാണ് ആദ്യഘട്ടത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

| | | | |
|---|---|---|---|
| (ബി) | ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതിയുടെ പുരോഗതി വിശദീകരിക്കുമോ ? | (ബി) | ശബരിമല മാസ്റ്റർ പ്ലാനിലെ പൊതു നിർദ്ദേശങ്ങൾ അടിസ്ഥാനമാക്കി നിലയ്ക്കൽ, ശബരിമല എന്നിവിടങ്ങളിലേക്കുള്ള ലേ ഔട്ട് പ്ലാനുകൾ തയ്യാറാക്കിക്കഴിഞ്ഞു. അടുത്തസീസണിനു മുമ്പായി നിലയ്ക്കലിലെ പാർക്കിംഗ് സൗകര്യങ്ങൾ വിപുലപ്പെടുത്തുക, ട്രാൻസ്പോർട്ട് ടെർമിനൽ നിർമ്മാണം, റോഡ്, ചെക്ക്ഡാം, എന്നിവയും, ശബരിമലയിൽ ക്യൂ കോംപ്ലക്സ്, നടപ്പന്തൽ പുന:നിർമ്മാണം, ലോവർ തിരുമുറ്റത്തിന്റെ പുന:നിർമ്മാണം പ്രസാദ കോംപ്ലക്സ് എന്നിവയും റോപ്പ്‌വേയും നടപ്പാക്കാനുള്ള നടപടികൾ നടന്നുവരുന്നു. ഏകദേശം 100 കോടി രൂപയിലധികം വേണ്ടിവരുന്ന ടി വികസന പദ്ധതികൾക്കുള്ള ഫണ്ട് സ്വരൂപിക്കുന്നതിനായി ശബരിമല ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് ട്രസ്റ്റ് രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. സ്പോൺസർമാരെയും ഡോണർമാരെയും കണ്ടെത്തുന്നതിന് ഉന്നതാധികാര സമിതിയും ട്രസ്റ്റും പ്രയത്നിച്ചുവരുന്നു. കൂടാതെ മലകയറുന്നതിലെ അപകടാവസ്ഥകൾ ഒഴിവാക്കാനും, തിക്കും തിരക്കും മൂലമുള്ള ദുരന്തങ്ങളൊഴിവാക്കാനും ഉദ്ദേശിച്ചുകൊണ്ട് ദേശീയ, സംസ്ഥാന ദുരന്തനിവാരണ ഏജൻസികളുമായും വിദഗ്ദ്ധരുമായും ചർച്ച ചെയ്ത് ഒരു 'ദുരന്ത നിവാരണ പ്രവർത്തന പദ്ധതി' നടപ്പാക്കുവാനും മാസ്റ്റർ പ്ലാൻ ഉന്നതാധികാരസമിതി ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 191

18.02.2011-ൽ മറുപടിയ്ക്ക്

പുതിയ ടൂറിസം പ്രോജക്ടുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.മുരളി<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. എ.പി. അനിൽകുമാർ<br>ശ്രീ.എം. എ .വാഹീദ് | ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി). |
| എ) സംസ്ഥാനത്ത് ഈ സാമ്പത്തിക വർഷം ഏതൊക്കെ പുതിയ ടൂറിസം പ്രോജക്ടുകൾ ആരംഭിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്; | എ) അനുബന്ധമായി നൽകുന്നു. |
| ബി) പുതിയ എത്ര ടൂറിസം പ്രോജക്ടുകൾക്ക് ഭരണാനുമതി നല്കിയിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ; | ബി) 54 പ്രോജക്ടുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| സി) ഇത്തരത്തിൽ ഭരണാനുമതി ലഭിച്ച പദ്ധതികൾക്ക് ആകെ എത്ര കോടി രൂപ മുതൽ മുടക്കാനാണ് ഉദ്ദേശിക്കുന്നത്; | സി) ഏകദേശം 130.25 കോടി രൂപ മുതൽ മുടക്കാനാണ് ഉദ്ദേശിക്കുന്നത്. |
| ഡി) ഇക്കോ ടൂറിസത്തിനായി ഇതിൽ ഏതൊക്കെ പദ്ധതികളാണുള്ളത്; | ഡി) ഈ സാമ്പത്തിക വർഷം ആരംഭിക്കാൻ ലക്ഷ്യമിട്ടിരുന്ന ഇക്കോ ടൂറിസം പദ്ധതികൾ ഇവയാണ്.<br>1) തെന്മലയിൽ താമസ സൗകര്യം<br>2) പരുന്തു റാഞ്ചി മണപ്പുറം<br>3) നെല്ലിയാമ്പതി 4) കുടുക്കത്തുപാറ |
| ഇ) ഇവ പൂർത്തിയാക്കുന്നതിന് സമയബന്ധിതമായ എന്തൊക്കെ ക്രമീകരണങ്ങൾക്കാണ് രൂപം നല്കിയിരിക്കുന്നത്? | ഇ) ഈ സാമ്പത്തിക വർഷം ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പ്രോജക്ടുകൾ നടപ്പാക്കുന്നതിന് നിർവ്വഹണ ഏജൻസികളെ നിയമിക്കുകയും, അതനുസരിച്ച് പ്രവർത്തികൾ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പണി ആരംഭിച്ച പ്രവർത്തികളുടെ പുരോഗതി വിലയിരുത്തുന്നതിനും ഇനിയും ആരംഭിക്കാനുള്ളവയുടെ പണി ഉടൻ തന്നെ ആരംഭിക്കുന്നതിനുമായി ടൂറിസം വകുപ്പിലെ ജോയിന്റ് ഡയറക്ടർമാർ, ജില്ലാ ഓഫീസർമാർ, ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ സെക്രട്ടറിമാർ, നിർവ്വഹണ ഏജൻസികൾ, ബന്ധപ്പെട്ട വകുപ്പുകൾ എന്നിവയുടെ മീറ്റിംഗ് വിളിച്ചുകൂട്ടുകയും, നടന്നു വരുന്ന പ്രവർത്തികളുടെ പുരോഗതി വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി ജില്ലാ തലത്തിൽ ഉദ്യോഗസ്ഥൻമാർക്ക് ചുമതല നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

1. തലശ്ശേരി പൈതൃക ടൂറിസം പദ്ധതി
2. മുസിരിസ് പൈതൃക പദ്ധതി
3. വഴിയോര വിശ്രമ കേന്ദ്രം , പാറശ്ശാല
4. നെടുങ്കണ്ടം, കല്ലാർ ടൂറിസം പദ്ധതി
5. കാപ്പിൽ ബീച്ച് ടൂറിസം വികസനം
6. രാമക്കൽ മേട് എനർജി പാർക്ക്
7. ചിൽഡ്രൺസ് പാർക്ക്, കോഴിക്കോട്
8. കാസർഗോഡ് ബീച്ച് ടൂറിസം പദ്ധതി
9. വാഞ്ചികടവ് പാർക്ക്,ചാവക്കാട്
10. ഒട്ടുമ്പ്രം ബീച്ച് വികസനം, മലപ്പുറം
11. പയ്യാമ്പലം ബീച്ച് ടൂറിസം പദ്ധതി
12. കൊട്ടിയൂർ പിൽഗ്രീം ടൂറിസം പദ്ധതി
13. കിഴുന്ന ബീച്ച് ടൂറിസം വികസനം പദ്ധതി, കണ്ണൂർ
14. ജവഹർ ഘട്ട് , തലശ്ശേരി
15. ശബരിമല എടത്താവളം, പത്തനംതിട്ട
16. കാനായികാനം സംരക്ഷണ പദ്ധതി
17. കുമരകം കൾച്ചറൽ സെന്റർ
18. തൃത്താല ടൂറിസം വികസനം പദ്ധതി, പാലക്കാട്
19. പുത്തരിക്കണ്ടം സൗന്ദര്യവൽക്കരണ പദ്ധതി
20. പാതിരാമണൽ ബയോപാർക്ക് പദ്ധതിയുടെ ഭാഗമായ പാലം നിർമ്മാണം
21. കൊച്ചി മുളവുകാട് ടൂറിസം വികസനം പദ്ധതി
22. സപര്യ ടൂറിസം പദ്ധതി
23. പരുന്തു റാഞ്ചി ഇക്കോ ടൂറിസം പദ്ധതി
24. കുമളി ടൂറിസം ഡെസ്റ്റിനേഷൻ വികസനം
25. പാർക്ക് വ്യൂ മ്യൂസിയത്തിൽ ലാന്റ്സ്കേപ്പിംഗ് പ്രവർത്തികൾ
26. തൃശ്ശൂർ ടൗൺ സ്ക്വയർ
27. സുൽത്താൻ ബത്തേരി ടൗൺ സ്ക്വയർ, വയനാട്
28. സുൽത്താൻ ബത്തേരി ഗസ്റ്റ്ഹൗസ്, അഡീഷണൽ ബ്ലോക്ക്
29. ധർമ്മടത്തിന് സമീപം കൊടുവള്ളിയിൽ ബീച്ച് ടൂറിസം വികസനം പദ്ധതി
30. മണിയാർ ഡാം സൗന്ദര്യവൽക്കരണ പദ്ധതി
31. റിവർസൈഡ് പാർക്ക്, മലപ്പുറം
32. ഡർബാർ ഹാൾ ഗ്രൗണ്ട്, സൗന്ദര്യവൽക്കരണ ം, എറണാകുളം
33. നല്ലതണ്ണി, ഇടുക്കി,ടൂറിസം വികസനം
34. ഹരിത വനം ടൂറിസം പദ്ധതി
35. പെരിയാറിന്റെ തീരത്ത് നടപ്പാത നിർമ്മാണം
36. ചെമ്പൈ ഗ്രാമം, കോട്ടായി, പാലക്കാട്
37. കാഞ്ഞിപ്പുഴ ഡാം സൗന്ദര്യവൽക്കരണ ം, പാലക്കാട്
38. ക്ലീൻ ഡെസ്റ്റിനേഷൻ കാമ്പയിൻ
39. വേമ്പനാട് തീരത്ത് നടപ്പാത നിർമ്മാണം
40. ബീയെം കായൽ ടൂറിസം പദ്ധതി
41. ചാവക്കാട് ബീച്ച് ടൂറിസം വികസനം
42. പാതിരാമണൽ ബയോപാർക്ക്
43. ഇന്ദ്രൻചിറ ടൂറിസം പദ്ധതി, എറണാകുളം
44. ആലപ്പുഴ, വയനാട് നവീകരണം
45. മൂന്നാർ യാത്രി നിവാസിന്റെഅധിക പ്രവൃത്തികൾ
46. പാപനാശം, വർക്കല, ഡെസ്റ്റിനേഷൻ വികസനം
47. വാളറ മോട്ടലിന്റെ നവീകരണം
48. കടമ്പ്രയാർ ടൂറിസം പദ്ധതി, രണ്ടാം ഘട്ടം
49. കരിപ്പൂർ കടവ്, സ്ഥിരം പവലിയൻ നിർമ്മാണം

50. സഞ്ചാരികളുടെ സുരക്ഷയുമായി ബന്ധപ്പെട്ട്

എ) ക്രാഫ്റ്റ് വില്ലേജ് ഇരിങ്ങൽ

ബി) വർക്കല ബീച്ച്

സി) നിളാ ടൂറിസം കുറ്റിപ്പുറം

ഡി) മൂന്നാർ എന്നിവയും

51. ഇ ക്കോ ടൂറിസം പദ്ധതികളായ
തെന്മലയിൽ താമസ സൗകര്യം, [illegible] നെല്ലിയാമ്പതി
കുടുക്കത്തുപാറ എന്നിവയും .

സെക്ഷൻ ഓഫീസർ

<u>പന്ത്രണ്ടാം കേരള നിയമസഭ</u>

<u>പതിനേഴാം സമ്മേളനം</u>

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 192

18-2-2011- ൽ
മറുപടിയ്ക്ക്

<u>ബേക്കൽ ടൂറിസം വികസന നടപടികൾ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. കെ.വി. കുഞ്ഞിരാമൻ:<br>ശ്രീ. കെ. കുഞ്ഞിരാമൻ:<br>ശ്രീ. സി.എച്ച്. കുഞ്ഞമ്പു:<br>ശ്രീ. സി.കെ.പി. പത്മനാഭൻ: | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും<br>വകുപ്പു മന്ത്രി) |
| എ) ബേക്കൽ ടൂറിസം വികസനവുമായി ബന്ധപ്പെട്ട് ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ; | എ) ബേക്കൽ ടൂറിസം പദ്ധതിയുടെ ഭാഗമായി സ്വകാര്യ സംരംഭകർക്കും പൊതുജനങ്ങൾക്കും വെള്ളം ലഭ്യമാക്കുന്നതിനുവേണ്ടി 7.4 ദശലക്ഷം പ്രതിദിന ശേഷിയുള്ള ജലവിതരണ പദ്ധതി നടപ്പിലാക്കി. റിസോർട്ടുകളിലേക്കുള്ള റോഡുകൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി മലബാർ പാക്കേജിൽ ഉൾപ്പെടുത്തി 20.21 കോടി രൂപ ചെലവിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൊതുമരാമത്ത് വകുപ്പുവഴി ആരംഭിച്ചു. ബേക്കൽ കോട്ട സന്ദർശിക്കാനെത്തുന്ന സഞ്ചാരികൾക്ക് വാഹന പാർക്കിംങ് സൗകര്യവും ടോയ്‌ലെറ്റ് സമുച്ചയവും ഒരുക്കിയിട്ടുണ്ട്. ബി.ആർ.ഡി.സി. നിർമ്മിച്ച തണൽ വിശ്രമകേന്ദ്രം ഒരു ഫാമിലി എന്റർട്ടെയ്ൻമെന്റ് സെന്ററാക്കി വിപുലീകരിച്ചിട്ടുണ്ട്. ഇതിൽ താമസ സൗകര്യം, ഭക്ഷണശാല, വിനോദ സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. ബി.ആർ.ഡി.സി. വികസിപ്പിച്ച പള്ളിക്കര ബീച്ച് പാർക്കിൽ ഗെസിബോ, കുട്ടികൾക്കായുള്ള കളിയുപകരണങ്ങൾ, എന്നിവ ഒരുക്കിയിട്ടുണ്ട്. വലിയപറമ്പ ടൂറിസം വികസനത്തിന്റെ ഭാഗമായി ഇൻഫർമേഷൻ സെന്റർ പണിയുന്നതിന് വേണ്ടി 10 സെന്റ് സ്ഥലം സ്വകാര്യവ്യക്തിയിൽ നിന്നും വിലയ്ക്ക് വാങ്ങിച്ചു. തൊട്ടടുത്ത് കിടക്കുന്ന 7.5 സെന്റ് പഞ്ചായത്ത് പുറമ്പോക്ക് ലീസിന് വാങ്ങുകയും ഒരു അമിനിറ്റി സെന്റർ പണികഴിപ്പിക്കുകയും ചെയ്തു. സഞ്ചാരികളുടെ സൗകര്യാർത്ഥം ഒരു ബോട്ട് ടെർമിനൽ വിനോദസഞ്ചാര വകുപ്പ് നിർമ്മിച്ച് ബി.ആർ.ഡി.സി ക്ക് കൈമാറിയിട്ടുണ്ട്. ഇതിൽ സന്ദർശകർക്ക് വിവരങ്ങൾ, വിശ്രമം, ഭക്ഷണം, പ്രാഥമിക സൗകര്യങ്ങൾ എന്നിവ |

| | |
|---|---|
| | ലഭ്യമാക്കുന്നതിനും, ബോട്ട് സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടി ബി.ആർ.ഡി.സി സ്വീകരിച്ചിട്ടുണ്ട്. |
| ബി) ബേക്കലിൽ എത്ര റിസോർട്ടുകളാണ് നിർമ്മിക്കുന്നത്; അവയുടെ ഇപ്പോഴത്തെ അവസ്ഥ വിശദീകരിക്കുമോ; | ബി) ബേക്കലിൽ ആറ് റിസോർട്ട് സൈറ്റുകളിൽ അഞ്ചു സൈറ്റുകൾ റിസോർട്ട് നിർമ്മാണത്തിനായി പാട്ടകരാർ വ്യവസ്ഥയിൽ കൈമാറിയിട്ടുണ്ട്.<br>ഭാരത് ഗ്രൂപ്പിന്റെ ലളിത് റിസോർട്ട് & സ്പാ ഉദുമ ബേവൂരിയിൽ 31-1-2010-ൽ പ്രവർത്തനം ആരംഭിച്ചു. ഖന്ന ഹോട്ടൽ ഗ്രൂപ്പ് ഉദുമ കാപ്പിൽ നിർമ്മിക്കുന്ന റിസോർട്ടിന്റേയും ചെമ്മനാട് പഞ്ചായത്തിലെ ചെമ്പരിക്കയിൽ ഹോളിഡേ ഗ്രൂപ്പ് നിർമ്മിക്കുന്ന റിസോർട്ടിന്റേയും നിർമ്മാണ പ്രവർത്തനം ധൃതഗതിയിൽ നടന്നു വരുന്നു. പള്ളിക്കര പഞ്ചായത്തിലെ ചേറ്റുകുണ്ടിൽ എയർട്രാവൽ എന്റർപ്രൈസസ് നിർമ്മിക്കുന്ന റിസോർട്ട് നിർമ്മാണം പ്രാരംഭ ഘട്ടത്തിലാണ്. ഉദുമ പഞ്ചായത്തിലെ കുതിരിൽ ഗ്ളോബ് ലിങ്ക് ഹോട്ടൽസ് & എന്റർടെയ്മെന്റ് നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| സി) ബേക്കലിൽ എത്ര റിസോർട്ടുകൾ പ്രവർത്തനസജ്ജമായിട്ടുണ്ട്; | സി) ഒന്ന്; ഭാരത് ഗ്രൂപ്പിന്റെ ലളിത് റിസോർട്ട് & സ്പാ 31-1-2010-ൽ പ്രവർത്തനമാരംഭിച്ചു. |
| ഡി) ബേക്കലിനെ അന്താരാഷ്ട്ര ടൂറിസം ഭൂപടത്തിലെത്തിക്കുന്നതിന് മാർക്കറ്റിംഗ് രംഗത്ത് ടൂറിസം വകുപ്പ് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കുമോ ? | ഡി) ബേക്കലിനെ അന്താരാഷ്ട്ര ടൂറിസം ഭൂപടത്തിലെത്തിക്കുന്നതിനായി കേരള ടൂറിസം വെബ്സൈറ്റിൽ ബേക്കൽ വിനോദസഞ്ചാര കേന്ദ്രത്തെ ഉൾപ്പെടുത്തിയിട്ടുണ്ട്. വെബ് സൈറ്റിൽ ബേക്കലിനെക്കുറിച്ചുള്ള വിവരങ്ങൾക്കു പുറമേ സമീപത്തുള്ള പ്രധാന ഹോട്ടലുകളുടെ വിവരങ്ങളും നൽകിയിട്ടുണ്ട്.<br>ഇതു കൂടാതെ ബേക്കലിനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ തയ്യാറാക്കി കേരള ടൂറിസത്തിന്റെ വെബ്സൈറ്റിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ബേക്കലിനു മാത്രമായി ബ്രോഷറുകൾ തയ്യാറാക്കി പ്രചാരണം നടത്തി വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 193 — 18/2/2011 ൽ മറുപടിയ്ക്ക്

## സംസ്ഥാനത്ത് സിവിൽപോലീസ് സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ചന്ദ്രൻ :<br>ശ്രീ. എ. എം. ആരിഫ് :<br>ശ്രീ. കെ. കെ. ജയചന്ദ്രൻ :<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും<br>വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് സിവിൽ പോലീസ് സംവിധാനം നടപ്പാക്കുന്നതുമൂലം പോലീസ് സേനയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ എന്തെല്ലാമാണ് ; | (എ) സിവിൽ പോലീസ് സംവിധാനം നടപ്പിലാക്കുന്നതിന് മുൻപ് സായുധ ബറ്റാലിയനുകളിൽ നിയമിക്കപ്പെടുന്ന പോലീസുകാർ ഒഴിവ് ഉണ്ടാകുന്ന മുറയ്ക്ക് ജില്ലാ സായുധ പോലീസിലേക്കും അവിടെ നിന്നും ലോക്കൽ പോലീസിലേക്കും നിയമിക്കപ്പെടുകയാണ് ഉണ്ടായിരുന്നത്. ഈ സംവിധാനം വഴി ലോക്കൽ പോലീസിൽ നിയമിക്കപ്പെടുന്നവർ 40 വയസ്സിന് മുകളിലുള്ളവരായിരുന്നു. സിവിൽ പോലീസ് സംവിധാനം നിലവിൽ വന്നതോടെ സായുധ ബറ്റാലിയനിൽ നിന്നും നേരിട്ട് സിവിൽ പോലീസിലേക്ക് നിയമിക്കപ്പെടുന്നതുകൊണ്ട് ചെറുപ്പക്കാരായ പോലീസുകാരുടെ സേവനം പോലീസ് സ്റ്റേഷനുകളിൽ ഉയരുന്നതും നൈറ്റ് പട്രോളിംഗിനും ക്രമസമാധാന പരിപാലന ജോലിക്കും കൂടുതൽ ചെറുപ്പക്കാരായ പോലീസുകാരുടെ സേവനം ലഭ്യമാക്കുകയും ചെയ്യുന്നു. |

| | |
|---|---|
| (ബി) പുതിയ സംവിധാനം നടപ്പാക്കുന്നതിനായി പോലീസ് വകുപ്പിൽ കൂടുതൽ തസ്തികകൾ സൃഷ്ടിക്കുമോ ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) സിവിൽ പോലീസ് സംവിധാനം നടപ്പിലാക്കുന്നതിനായി പോലീസ് വകുപ്പിൽ കൂടുതൽ തസ്തികകൾ സൃഷ്ടിക്കപ്പെടുന്നില്ല. |
| (സി) ആംഡ് റിസർവ്വ് പോലീസുകാരെ സ്റ്റേഷനുകളിലേയ്ക്ക് നിയോഗിക്കുന്നതിൻെറ ഫലമായി റിസർവ്വ് പോലിസിൽ ഉണ്ടാകുന്ന കുറവ് എങ്ങനെ പരിഹരിക്കുന്നതെന്ന് വിശദമാക്കുമോ; | (സി) സംയോജനത്തെത്തുടർന്ന് ഇപ്പോൾ ജില്ലാ സായുധ പോലീസ് ചെയ്തുകൊണ്ടിരിക്കുന്ന ചില പ്രത്യേക ജോലികൾ ഡിസ്ട്രിക് ഹെഡ് ക്വാർട്ടേഴ്സ് വിംഗ് നിർവ്വഹിക്കുന്നതാണ്. ഓരോ ജില്ലയിലേയും ഡിസ്ട്രിക് ഹെഡ് ക്വാർട്ടേഴ്സ് വിംഗിന് ആവശ്യമായ അംഗബലം സംബന്ധിച്ച പഠനം നടത്താൻ ശ്രീ. ഹേമചന്ദ്രൻ ഐ. പി. എസിൻെറ നേതൃത്വത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |
| (ഡി) പുതിയ സംവിധാനം നടപ്പാക്കുന്നതോടൊപ്പം പോലീസുകാരെ ജനങ്ങളുടെ സംരക്ഷകരും സേവകരുമാക്കി മാറ്റുന്നതിനുതകുന്ന പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിക്കുമോ ? | (ഡി) സംസ്ഥാനത്ത് സിവിൽ പോലീസ് സംവിധാനം നടപ്പിലാക്കുന്നതിൻെറ ഭാഗമായി ജില്ലാ സായുധ പോലീസ് ഉദ്യോഗസ്ഥർക്കായുള്ള 72 ദിവസത്തെ ഇൻഡക്ഷൻ ട്രെയിനിംഗ് നടത്താനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**
**പതിനേഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം : 194** **18. 02. 2011-ൽ മറുപടിക്ക്.**

## ഹൈവേ സുരക്ഷാ ജാഗ്രതാ സമിതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. ഡി. ദേവസ്സി<br>ശ്രീ. വി. ചെന്താമരാക്ഷൻ<br>ശ്രീ. എസ്. രാജേന്ദ്രൻ | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) റോഡപകടത്തിൽപ്പെടുന്നവരെ അടിയന്തിരമായി ആശുപത്രിയിൽ എത്തിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ ആവിഷ്ക്കരിച്ച പദ്ധതി മൂലം ഗുണമുണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ; | : (എ) ഗുണമുണ്ടായിട്ടുണ്ട് ;<br>മുൻകാലങ്ങളിൽ വാഹനാപകടങ്ങളിൽപ്പെടുന്നവരെ ആശുപത്രിയിൽ എത്തിക്കാൻ പലരും താൽപര്യം പ്രകടിപ്പിച്ചിരുന്നില്ല. എന്നാൽ ഇപ്പോൾ അപകടങ്ങളിൽപ്പെടുന്നവരെ ഉടൻ അടുത്ത ആശുപത്രിയിൽ എത്തിക്കാൻ പൊതുജനം തയ്യാറാകുന്നതിനാൽ നിരവധി ജീവനുകൾ രക്ഷിക്കാൻ കഴിയുന്നുണ്ട്. കൂടാതെ അപകടത്തിൽപ്പെടുന്നവരെ ആശുപത്രിയിൽ എത്തിക്കുന്നതുമൂലം കേസിൽ ഉൾപ്പെടുമോ എന്ന അകാരണമായ ഭയം കുറഞ്ഞ് വരുന്നതായും കാണുന്നു. |
| (ബി) അപകടത്തിന് ഇരയായവരെ ആശുപത്രിയിൽ എത്തിച്ചവർക്ക് വാഹനക്കൂലി ഇനത്തിൽ ഇതുവരെ എത്ര രൂപ അനുവദിച്ചു എന്ന് വെളിപ്പെടുത്തുമോ ; | : (ബി) ഇതിനായി പ്ലാൻ ഫണ്ട് 2010-11-ൽ ഉൾപ്പെടുത്തി സർക്കാർ 11 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുകയിൽ നിന്ന് 31.01.2011 വരെ 8,55,400 രൂപ വിനിയോഗിച്ചിട്ടുണ്ട്. |

(മറുപുറം)

| | |
|---|---|
| (സി) ഹൈവേകളിൽ അപകടങ്ങൾ കുറയ്ക്കുന്നതിനും സുരക്ഷയ്ക്കുമായി രൂപീകരിച്ച ഹൈവേ സുരക്ഷ ജാഗ്രതാ സമിതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ ഇതുമൂലം ഉണ്ടായിട്ടുള്ള നേട്ടങ്ങൾ വ്യക്തമാക്കുമോ ; | : (സി) ഉണ്ട് ; ഇത്തരം ജാഗ്രതാ സമിതികൾ ഹൈവേകളിൽ അപകടങ്ങൾ കുറച്ചുകൊണ്ടു വരുന്നതിനുള്ള പ്രവർത്തങ്ങൾ നടത്തുകയും, അപകടങ്ങൾ നടക്കുമ്പോൾ അടിയന്തിര രക്ഷാപ്രവർത്തനം നടത്തുകയും ചെയ്തു വരുന്നു. ഇത്തരം പ്രവർത്തനങ്ങളുടെ ഫലമായി റോഡപകട നിരക്കിൽ കുറവുണ്ടായിട്ടുണ്ട്. ജാഗ്രതാ സമിതികളുടെ പ്രവർത്തന മേൽനോട്ടം അതാത് ഇൻസ്പെക്ടർമാരിൽ നിക്ഷിപ്തമാണ്. |
| (ഡി) കൂടുതൽ ജാഗ്രതാ സമിതികൾ രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ ? | : (ഡി) 2011-12 സാമ്പത്തിക വർഷത്തിൽ 50 പുതിയ കേന്ദ്രങ്ങളിൽ കൂടി ഹൈവേ സുരക്ഷാ ജാഗ്രതാ സമിതികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ വകുപ്പുതല പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭ ചോദ്യം നമ്പർ :195

18..2..2011-ൽ മറുപടിയ്ക്ക്

## "മലബാർ ദേവസ്വം ബോർഡ് ക്ഷേത്രങ്ങളുടെ സംരക്ഷണത്തിനും നവീകരണത്തിനും സ്വീകരിച്ച നടപടികൾ"

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കുഞ്ഞിരാമൻ :<br>ശ്രീ. മരളി പെരുനെല്ലി :<br>ശ്രീ. എം പ്രകാശൻ മാസ്റ്റർ : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും<br>വകുപ്പ് മന്ത്രി. |
| (എ) മലബാർ ദേവസ്വം ബോർഡ് നിലവിൽ വന്നശേഷം ക്ഷേത്രങ്ങളുടെ സംരക്ഷണത്തിനും നവീകരണത്തിനും വേണ്ടി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ), മലബാർ ദേവസ്വം ബോർഡ് നിലവിൽ വന്നശേഷം 2008-2009 വർഷത്തിൽ 750 ക്ഷേത്രങ്ങൾക്കായി 1 കോടി 75 ലക്ഷം രൂപയും, 2009-2010 വർഷത്തിൽ 683 ക്ഷേത്രങ്ങൾക്കായി 2 കോടി 8 ലക്ഷം രൂപയും ജീർണ്ണോദ്ധാരണ ഗ്രാന്റായി നൽകിയിട്ടുണ്ട്. 2010-2011 ൽ ഈ ഇനത്തിൽ 3 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ക്ഷേത്രങ്ങളുടെ അന്യാധീനപ്പെട്ട ഭൂസ്വത്ത് തിരിച്ചുപിടിക്കുന്നതിന് പ്രസ്തുത ഭൂസ്വത്തുക്കൾക്ക് ലാന്റ് കൺസർവൻസി ആക്റ്റ് ബാധകമാക്കിയിട്ടുണ്ട്. ഇതിനായി ഒരു ലാന്റ് കൺസർവൻസി യൂണിറ്റ് രൂപീകരിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളുടെ ഭൂമിയിൽ ക്ഷേത്രങ്ങൾക്കാവശ്യമായ പുഷ്പങ്ങൾ കൃഷി ചെയ്യുന്നതിനുള്ള ഒരു പദ്ധതി ബോർഡിന്റെ സാമ്പത്തിക സഹായത്തോടെ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. ഇതിനുപുറമേ ക്ഷേത്രങ്ങളിലെ തരിശുഭൂമികളിൽ വനംവകുപ്പുമായി സഹകരിച്ച് വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നതിന് ദേവാരണ്യം പദ്ധതിയും നടപ്പാക്കിവരുന്നു. |

| | | | |
|---|---|---|---|
| (ബി) | ജീവനക്കാരുടെ ശമ്പള പരിഷ്കരണ ത്തിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ബി) | മലബാറിലെ ക്ഷേത്ര ജീവനക്കാർക്ക് 28.02.2009 ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 116/2009/ആർ.ഡി ഉത്തരവു പ്രകാരം ശമ്പള പരിഷ്കരണം നടപ്പാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ അടിച്ചുതളി മുതൽ മാനേജർ വരെയുള്ള ജീവനക്കാർക്ക് മികച്ച ശമ്പളം ലഭിച്ചുവരുന്നുണ്ട്. സർക്കാർ ജീവനക്കാർക്ക് ലഭിക്കുന്ന നിരക്കിലുള്ള ക്ഷാമബത്തയും ഇവർക്ക് അനുവദിച്ചിട്ടുണ്ട്. 04.02.2010 ലെ GO(P)No. 41/2010/RD പ്രകാരം മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങ ളിലെ എക്സിക്യൂട്ടീവ് ഓഫീസർമാരുടെ ശമ്പള വും പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ട്. |
| (സി) | ക്ഷേത്രാചാരങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്ക് ധനസഹാ യം നൽകുന്നതിന് നടപടി സ്വീകരി ച്ചിട്ടുണ്ടോ; | (സി) | ക്ഷേത്രാചാരങ്ങളുമായി ബന്ധപ്പെട്ടു പ്രവർത്തി ക്കുന്ന ആചാര സ്ഥാനികർ / കോലധാരികൾ എന്നിവർക്ക് പ്രതിമാസ ആനുകൂല്യം നൽകുന്നതിന് "ഉത്തര മലബാറിലെ ക്ഷേത്ര ആചാരസ്ഥാനികർ/ കോലധാരികൾ എന്നിവർ ക്കുള്ള ധനസഹായ പദ്ധതി-2010" എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. ഇതിന്റെ ഗുണഭോക്താക്കൾക്ക് അസിസ്റ്റന്റ് കമ്മീഷണർമാർ മുഖേന ധനസഹായവിതരണം നടത്തിവരുന്നു. |
| (ഡി) | ക്ഷേത്രങ്ങളും കാവുകളുമായി ബന്ധ പ്പെട്ടുകിടക്കുന്ന ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | ക്ഷേത്രങ്ങളും കാവുകളുമായി ബന്ധപ്പെട്ട ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും പുന രുദ്ധരിക്കുന്നതിനുമായി ക്ഷേത്രഭാരവാഹിക ളിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾക്ക് ധനസഹായം അനുവദിക്കുന്നതിന് മലബാർ ദേവസ്വം ബോർഡ് മുൻഗണന നൽകിവരുന്നു. സംസ്ഥാനത്തെ ഇത്തരം ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന് റവന്യൂ (ദേവസ്വം) വകുപ്പ് ജലവിഭവ വകുപ്പുമായി ചേർന്ന് ഒരു പദ്ധതി രൂപീകരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ
## പതിനേഴാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 196** 18-02-2011-ന് വാങ്മൂലം മറുപടിയ്ക്ക്

## ട്രെയിനുകളിലും റെയിൽവേ സ്റ്റേഷനുകളിലും സ്ത്രീകൾക്കെതിരെയുള്ള പീഡനങ്ങളും മറ്റു കുറ്റകൃത്യങ്ങളും തടയുന്നതിനുള്ള സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. കെ. പി. പത്മനാഭൻ :<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ :<br>ശ്രീ. കെ. കെ. ജയചന്ദ്രൻ :<br>ശ്രീ. എം. ചന്ദ്രൻ : | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) ട്രെയിൻ യാത്രക്കാരുടെ സുരക്ഷിതത്വത്തിനായി കേരളത്തിലൂടെ ഓടുന്ന ട്രെയിനുകളിൽ എത്ര പോലീസുകാരുടെ സേവനം റെയിൽവേയ്ക്ക് വിട്ടുകൊടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ; | (എ) ഗവൺമെൻ് റയിൽവേ പോലീസിൽ ഒരു എസ്.പി, രണ്ട് ഡി.വൈ. എസ്.പി, നാല് ഇൻസ്പെക്ടർ, എഴുപത്തിയഞ്ച് സീനിയർ സിവിൽ പോലീസ് ഓഫീസർ, 376 സിവിൽ പോലീസ് ഓഫീസർ എന്നിവരുടെ സേവനവും കേരളത്തിലൂടെ സഞ്ചരിക്കുന്ന 97 തീവണ്ടികളിൽ മൊബൈൽ/ ബീറ്റ് പട്രോൾ ഡ്യൂട്ടിയ്ക്കായി ഓരോ വണ്ടിയിലും രണ്ട് വീതം പുരുഷ/ വനിതാ സിവിൽ പോലിസ് ഓഫീസർമാരുടെ സേവനവും നൽകുന്നുണ്ട്. |
| (ബി) കേരളത്തിലൂടെ ഓടുന്ന ട്രെയിനുകളിലും റെയിൽവേ സ്റ്റേഷനുകളിലും സ്ത്രീകൾക്കെതിരെയുള്ള പീഡനങ്ങളും മറ്റ് കുറ്റകൃത്യങ്ങളും വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) കഴിഞ്ഞ അഞ്ച് വർഷത്തെ കണക്കുകളിൽ ഏറ്റക്കുറച്ചിലുകളുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (സി) ഇതു തടയുന്നതിന് നിലവിലുള്ള സംവിധാനം ശക്തിപ്പെടുത്തുന്നതിന് റെയിൽവേയുമായി ആലോചിച്ച് ആവശ്യമായ നടപടി സ്വീകരിക്കുമോ ? | (സി) റയിൽവേയുടെ അംഗീകാരത്തോടെ ഗവൺമെന്റ് റയിൽവേ പോലീസിന്റെ അംഗസംഖ്യ വർദ്ധിപ്പിക്കുയവാനും റയിൽ സുരക്ഷാ സേനയും ഗവൺമെന്റ് റയിൽവേ പോലീസും തമ്മിലുള്ള പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും സഹകരണം വർദ്ധിപ്പിക്കുവാനും റയിൽ അലർട്ട് സേവനത്തിന് ആവശ്യമായ പ്രചാരം നൽകാനും രാത്രി 7 മണിയ്ക്ക് ശേഷമുള്ള എല്ലാ പാസഞ്ചർ തീവണ്ടികളിലും സ്ത്രീകളുടെ കംപാർട്ട്മെന്റിനടുത്തുള്ള കംപാർട്ട്മെന്റുകളിൽ പോലീസ് സാന്നിദ്ധ്യം ഉറപ്പാക്കാനും |

തീരുമാനിച്ചിട്ടുണ്ട്. കൂടാതെ എല്ലാ കംപാർട്ട്മെന്റുകളിലും പരാതിപ്പെട്ടി/ പരാതി കാർഡ് സ്ഥാപിക്കാനും/ ലഭ്യമാക്കാനും

റയിൽവേ ജീവനക്കാർക്ക് സ്ത്രീ യാത്രക്കാരുടെ സുരക്ഷ സംബന്ധിച്ച ബോധവൽക്കരണം നൽകാനും ഓരോ സ്റ്റേഷനിലും സ്റ്റേഷൻ മാസ്റ്ററോ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥനോ വനിതാ കംപാർട്ട്മെന്റ് പരിശോധിക്കാനും യാത്രക്കാരികൾക്ക് ആവശ്യമായ നിർദ്ദേശം നൽകാനും തീവണ്ടികളിലെ കച്ചവടക്കാരെയും വില്പനക്കാരെയും നിശ്ചിത കാലയളവുകളിൽ പരിശോധിക്കുവാനും വനിതാ കംപാർട്ട്മെന്റിന് പകരം ജനറൽ കംപാർട്ട്മെന്റുകളിൽ നിശ്ചിത എണ്ണം സീറ്റ് സ്ത്രീകൾക്ക് സംവരണം ചെയ്യാനും അതുവരെ വനിതാ കംപാർട്ട്മെന്റ് ട്രെയിനിന്റെ മധ്യഭാഗത്താക്കാനുമുള്ള നിർദ്ദേശങ്ങൾ പരിശോധിച്ച് നടപടിയെടുക്കുവാൻ റയിൽവേയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.197

18-02-2011-ൽ മറുപടിക്ക്.

## പോലീസ് വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി. ജയരാജൻ,<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ,<br>ശ്രീ. ബി.രാഘവൻ,<br>ശ്രീ. സി.എം. ദിനേശ് മണി. | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>( ആഭ്യന്തരവും വിജിലൻസും വിനോദ സഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) ക്രമസമാധാന രംഗം കാര്യക്ഷമമാക്കുന്നതിന് ആഭ്യന്തര വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (എ) ക്രമസമാധാന രംഗം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർത്തിരിക്കുന്നു.<br><br>1) കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ കർശനവും മാതൃകാപരവുമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. കുറ്റകൃത്യ സാധ്യത കൂടുതലുള്ള സ്ഥലങ്ങളിലും തിരക്കേറിയ സ്ഥലങ്ങളിലും പോലീസ് സാന്നിദ്ധ്യം, പരിശോധന എന്നിവ ഏർപ്പെടുത്തിവരുന്നു.<br><br>2) പുതിയ വാഹനങ്ങൾ ലഭ്യമാക്കുകയും പോലീസ് കോൺസ്റ്റബിൾ തലം വരെയുള്ള എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും സൗജന്യമായി മൊബൈൽ സിം കാർഡുകൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.<br><br>3) 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം,ഹൈവേ പോലീസ് , ഫ്ലൈയിംഗ് സ്ക്വാഡ് എന്നിവ പ്രവർത്തിച്ചു വരുന്നു. |

പോലീസ് ബീറ്റ് , പട്രോളിംഗ് എന്നിവ ശക്തമാക്കിയും, കോംപിംഗ് ഓപ്പറേഷൻ നടത്തിയും നടപടി സ്വീകരിക്കുന്നുണ്ട്.

4) 16 പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുകയും, ഒഴിവുള്ള തസ്തികകളിലെല്ലാം നിയമനം നടത്തുകയും ചെയ്തിട്ടുണ്ട്.

| | |
|---|---|
| (ബി) കുറ്റകൃത്യങ്ങൾ തടയുന്നതിനും കുറ്റാന്വേഷണം ശാസ്ത്രീയമാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ; | (ബി) സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ ( തടയൽ) നിയമം ഫലപ്രദമായി നടപ്പിലാക്കി വരുന്നു. ജനമൈത്രി സുരക്ഷാ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. കൂടാതെ റസിഡന്റ്സ് അസോസിയേഷനുകളുമായി ചേർന്ന് ബോധവൽക്കരണ ക്ലാസുകളും പട്രോളിംഗും ബീറ്റും നടത്തി വരുന്നുണ്ട്. ഇവ കൂടാതെ പൊതുജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കി കടലോര ജാഗ്രതാ സമിതി, ഹൈവേ സുരക്ഷാ ജാഗ്രതാ സമിതി, സ്കൂൾ/ കോളേജ് ജാഗ്രതാ സമിതി, സ്റ്റുഡന്റ് കേഡറ്റ് പോലീസ് പദ്ധതി എന്നിവ നടപ്പാക്കി വരുന്നുണ്ട്.<br><br>കുറ്റാന്വേഷണം ശാസ്ത്രീയമാകുന്നതിന്റെ ഭാഗമായി ഫോറൻസിക് സയൻസ് ലബോറട്ടറി, ഫിംഗർ പ്രിന്റ് ബ്യൂറോ, സൈബർ ക്രൈം പോലീസ് സ്റ്റേഷൻ, ഹൈടെക് എൻക്വയറി സെൽ, ജില്ലാ സൈബർ സെല്ലുകൾ എന്നിവ കാര്യക്ഷമമായി പ്രവർത്തിപ്പിച്ചു വരുന്നു. |
| (സി) ഈ വർഷം സംസ്ഥാനത്ത് നടന്ന കൊലപാതകങ്ങളുടെ എണ്ണത്തിൽ കാര്യമായ കുറവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ; | (സി) 2010 വർഷത്തിൽ സംസ്ഥാനത്ത് 368 കൊലപാതകങ്ങളാണ് നടന്നത്. ഇത് മുൻ വർഷങ്ങളിൽ നടന്ന കൊലപാതകങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കൂടുതലല്ല. |

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാനത്ത് നടന്ന കൊലക്കേസുകൾ ഊർജ്ജിതമായി അന്വേഷിക്കുന്നതിനും കുറ്റവാളികളെ അറസ്റ്റ് ചെയ്യുന്നതിനും കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; | (ഡി) | കഴിഞ്ഞിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് 1825 കൊലപാതകങ്ങളിലായി രജിസ്റ്റർ ചെയ്ത 1704 കേസുകളിൽ 105 എണ്ണത്തിലെ പ്രതികളെ കണ്ടെത്തുന്നതിന് അന്വേഷണം ഊർജ്ജിതമായി നടന്നു വരുന്നു. |
| (ഇ) | പോലീസ് വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ? | (ഇ) | ലഭ്യമായ പോലീസ് അംഗബലം മികച്ച രീതിയിലും അധികാര വികേന്ദ്രീകരണത്തിലൂടെയും കുറ്റമറ്റ രീതിയിൽ വിന്യസിച്ച് സംസ്ഥാനത്ത് പൊതുവായ ക്രമസമാധാന നില ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മാതൃകാപരമായ ഈ നടപടി മൂലം സംസ്ഥാന സർക്കാർ ദേശീയ മാധ്യമങ്ങളുടെ ശ്രദ്ധ പിടിച്ചു പറ്റുകയും മികച്ച ക്രമസമാധാനപാലനത്തിനുള്ള ബഹുമതിക്ക് അർഹത നേടുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. 198

18.02.2011-ലെ മറുപടിക്ക്

**തദ്ദേശസ്ഥാപനങ്ങളുടെ തനത് ഫണ്ട് വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.രാജു എബ്രഹാം :<br>ശ്രീമതി.ജെ.അരുന്ധതി :<br>ശ്രീ.കെ.ടി.ജലീൽ :<br>ശ്രീ.ആർ.സെൽവരാജ് : | ശ്രീ.പാലോളി മുഹമ്മദ്കുട്ടി<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |
| (എ) തദ്ദേശസ്ഥാപനങ്ങളുടെ തനത് ഫണ്ട് വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നികുതി വരവുകളായ കെട്ടിട നികുതി, തൊഴിൽ നികുതി, പരസ്യ നികുതി, വിനോദ നികുതി, പ്രദർശന നികുതി എന്നിവയിൽ നിന്നും നികുതിയേതര വരവുകളായ ലൈസൻസ് ഫീസ്, ഷോപ്പിംഗ് കോംപ്ലക്സ്, മാർക്കറ്റ്, മണൽ, ലേലം, പെർമിറ്റ് ഫീസ്, ബസ്സ്റ്റാൻഡ് രജിസ്ട്രേഷൻ ഫീസ് തുടങ്ങിയ ഇനത്തിലുള്ള വരവുകളാണ് ഗ്രാമ പഞ്ചായത്തുകളുടെ പ്രധാന വരുമാന മാർഗ്ഗങ്ങൾ.<br>മൂന്നാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശകളിൽ അധിക വിഭവ സമാഹരണത്തിനായി നികുതി - നികുതിയേതര വരുമാനം വർദ്ധിപ്പിക്കൽ, പൊതു ജനങ്ങളിൽ നിന്നും സംഭാവന സ്വീകരിക്കുന്നതു വർദ്ധിപ്പിക്കൽ, വായ്പ എടുക്കൽ എന്നിവ ശുപാർശ ചെയ്തിട്ടുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ വളരെകാലമായി പുതുക്കാതിരുന്ന വസ്തുനികുതി പരിഷ്കരിക്കുവാനുള്ള നിയമഭേദഗതികൾ വരുത്തിയിട്ടുണ്ട്. അതിനാവശ്യമായ ചട്ടങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, വൈദ്യന്മാർ, പാരാമെഡിക്കൽ വിദഗ്ദർ, മറ്റ് സമാന തൊഴിലിലേർപ്പെട്ടിരിക്കുന്നവർ എന്നിവരിൽ നിന്ന് ഈടാക്കുന്ന തൊഴിൽ നികുതി നിരക്ക് വർദ്ധിപ്പിച്ചും ഉത്തരവായിട്ടുണ്ട്.<br>വസ്തുനികുതി നിർണ്ണയത്തിന്മേലുള്ള റിവിഷൻ, അപ്പീൽ പെറ്റീഷനുകളിന്മേൽ യഥാക്രമം പരമാവധി 10%, 20% ഇളവുകളേ അനുവദിക്കാൻ പാടുള്ളൂ എന്നും ഉത്തരവ് നൽകീട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | തനത് ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ നിലവിലുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ; | (ബി) | ഉണ്ട്. ഗ്രാമ പഞ്ചായത്തുകളുടെയും ബ്ലോക്ക് പഞ്ചായത്തുകളുടെയും തനത് ഫണ്ട് വിനിയോഗം സംബന്ധിച്ച് 16.02.2006-ലെ സർക്കാർ ഉത്തരവ് (എം.എസ്) 58/06/ത.സ്വ.ഭ.വ. പ്രകാരവും മുൻസിപ്പാലിറ്റികളുടെ തനത് ഫണ്ട് വിനിയോഗം സംബന്ധിച്ച് 30.08.2000-ലെ ജി.ഒ.(പി).247/2000/ ത.സ്വ.ഭ.വ. പ്രകാരവും മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇവ അനുബന്ധം 1, 2 ആയി ചേർത്തിരിക്കുന്നു. |
| (സി) | നഗരസഭകൾക്കും പഞ്ചായത്തുകൾക്കും വികസന പ്രവർത്തനങ്ങൾക്ക് കുറഞ്ഞ ചെലവിൽ വായ്പ ലഭ്യമാക്കുന്നതിന് രൂപീകരിച്ച കേരള ലോക്കൽ ഗവൺമെന്റ് ഡെവലപ്പ്മെന്റ് ഫണ്ട് പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; | (സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങൾക്ക് വായ്പ ലഭ്യമാക്കുന്നതിനു വേണ്ടി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിൽ കേരള തദ്ദേശ സർക്കാർ വികസന ഫണ്ട് (KLGDF-Kerala Local Government Development Fund) രൂപീകരിച്ച് കൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.<br>2010 ജൂൺ 11-ന് ഇതിന്റെ ഔദ്യോഗിക ഉത്ഘാടനം നടന്നുവെങ്കിലും ഇതിന്റെ പ്രവർത്തനം പ്രാരംഭഘട്ടത്തിലാണ്. സംസ്ഥാന തദ്ദേശസ്വയംഭരണ മന്ത്രി ചെയർമാനും തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി കൺവീനറുമായിട്ടുള്ള ഒരു ഫണ്ട് ബോർഡ് രൂപീകരിക്കുകയും ആയതിന്റെ ആദ്യയോഗം 26.07.2010-ൽ നടക്കുകയും ചെയ്തു. |

| | | | |
|---|---|---|---|
| ഡി) | സ്ഥാപനത്തിന്റെ പ്രവർത്തന മൂലധനം എത്രയാണ് ; ഫണ്ട് വിപുലീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; | ഡി) | എ.ഡി.ബി. ധനസഹായത്തോടെയുള്ള കേരള സുസ്ഥിര നഗര വികസന പദ്ധതിയിൽ നിന്നും 243.58 കോടി രൂപ ഇതിലേയ്ക്ക് മാറ്റി വച്ചിട്ടുണ്ട്. ഇതിൽ 67.50 കോടി രൂപ എ.ഡി.ബി. വായ്പയും 176.08 കോടി രൂപ സംസ്ഥാന സർക്കാർ വിഹിതവുമാണ്. മറ്റ് ധനസമാഹരണത്തിനുള്ള നടപടികൾ പ്രാഥമിക ഘട്ടത്തിലാണ്. |
| ഇ) | തദ്ദേശസ്ഥാപനങ്ങൾക്ക് ഫണ്ടിൽ നിന്നും വായ്പ ലഭിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ വ്യക്തമാക്കുമോ ? | ഇ) | പ്രസ്തുത ഫണ്ടിൽ നിന്നും വായ്പ ലഭിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കി വരുന്നതേയുള്ളൂ. |

സെക്ഷൻ ഓഫീസർ

അനുബന്ധം I

**കേരള സർക്കാർ**

**സംഗ്രഹം**

ദ്ദേശ സ്വയംഭരണ വകുപ്പ് - ഗ്രാമപഞ്ചായത്തുകൾ - അസാധാരണ ചെലവുകൾ പൊതുപരിധിക്ക് വിധേയമായി വഹിക്കൽ - മുൻകൂർ അനുവാദം നൽകിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കൽ

---

**തദ്ദേശ സ്വയംഭരണ (എൻ) വകുപ്പ്**

ജി.ഒ. (എം.എസ്.) 58/06/തസ്വഭവ. തിരുവനന്തപുരം, തീയതി 16-07-2006

**ഉത്തരവ്**

1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമം വകുപ്പ് 213, ഉപവകുപ്പ് (4) അനുസരിച്ച് ഗ്രാമപഞ്ചായത്തിന്:-

(i) പഞ്ചായത്ത് സമ്മേളനങ്ങൾക്കോ പഞ്ചായത്ത് അസോസിയേഷന് സംഭാവന നൽകുന്നതിനോ;

(ii) വിശിഷ്ട വ്യക്തികൾക്ക് സ്വീകരണം നൽകുന്നതിനോ പൊതു പ്രദർശനം സംഘടിപ്പിക്കുന്നതിനോ പൊതു ചടങ്ങുകളോ വിനോദ പരിപാടികളോ നടത്തുന്നതിനോ;

(iii) നിയമങ്ങളിലും ചട്ടങ്ങളിലും എടുത്തു പറഞ്ഞിട്ടില്ലാത്ത കാര്യങ്ങൾ ചെയ്യുന്നതിനോ;

ഭൂരിപക്ഷ തീരുമാനപ്രകാരം ചെലവ് അനുവാദം നൽകാവുന്നതാണ്. പ്രസ്തുത ഉപവകുപ്പിൽ ചേർത്തിട്ടുള്ള ക്ലിപ്ത നിബന്ധന അനുസരിച്ച് ഇത്തരം ചെലവിന്റെ വാർഷിക മൊത്തം തുക സർക്കാർ നിർദ്ദേശിക്കുന്ന പരിധിയിൽ കവിയാൻ പാടില്ലാത്തതാണ്. എന്നാൽ ഇക്കാര്യത്തിൽ പ്രത്യേക പരിധിയോ പൊതുപരിധിയോ നിർണ്ണയിച്ചുകൊണ്ട് ചട്ടങ്ങൾ ഇതിനകം വന്നിട്ടില്ല.

മേൽപ്പറഞ്ഞ സാഹചര്യങ്ങൾ കണക്കിലെടുത്തും അധികാര വികേന്ദ്രീകരണ തത്വങ്ങളുടെ അന്തസത്തയ്ക്കനുസൃതമായും ഗ്രാമപഞ്ചായത്തുകൾ താഴെ പറയുന്ന അസാധാരണ ചെലവുകൾ തനതു ഫണ്ടിന്മേലുള്ള മിച്ച ഫണ്ടിന്റെ ഇരുപതു ശതമാനം വരെയും എന്നാൽ ഒരു ലക്ഷം രൂപയിൽ കവിയാതെയും വഹിക്കുന്നതിന് വാർഷിക പരിധി നിശ്ചയിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(1) കലാ-സാംസ്കാരിക മത്സരങ്ങളും കായിക വിനോദവും

(2) വിജയികൾക്കുള്ള സമ്മാനദാനം

(3) പഞ്ചായത്തിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ചടങ്ങുകൾ

(4) പഞ്ചായത്തിന് പങ്കാളിത്തമുള്ള ചികിത്സാക്യാമ്പ്, സൗജന്യ ചികിത്സാ പദ്ധതികൾ

(5) നിയമ സഹായ സമിതി സംഘടിപ്പിക്കുന്ന നിയമ സഹായ സാക്ഷരതാ ക്യാമ്പുകൾ.

(6) കലാ-സാംസ്കാരിക പ്രദർശനങ്ങൾ

(7) പഞ്ചായത്ത് ആസ്തികളുടെ ഉദ്ഘാടനം

(8) നെഹ്റുയുവകേന്ദ്ര/എൻ.എസ്.എസ്. സംഘടിപ്പിക്കുന്ന പരിപാടികൾ

(9) പഞ്ചായത്തിന്റെ പങ്കാളിത്തത്തോടെ പരിസ്ഥിതി ക്ലബ്ബുകളും ആസൂത്രണ സംഘടനകളും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംഘടിപ്പിക്കുന്ന പരിപാടികൾ

(10) സർക്കാരും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നടത്തുന്ന മറ്റു ചടങ്ങുകൾ

പ്രകൃതിക്ഷോഭത്തെ തുടർന്ന് അനിവാര്യമാകുന്ന അടിയന്തിര ദുരിതാശ്വാസ നടപടികൾക്ക് അസാധാരണ ചെലവുകൾ വഹിക്കുന്നത് താഴെകൊടുത്തിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായിരിക്കേണ്ടതാണ്.

(1) തനതു ഫണ്ടിന്മേലുള്ള മിച്ചഫണ്ട് കണക്കാക്കുന്നതിൽ പൊതുകാര്യങ്ങൾക്കുള്ള സർക്കാർ ഗ്രാന്റ് (General Purpose Grant) ഉൾപ്പെടുത്താവുന്നതും എന്നാൽ ശമ്പളം, അലവൻസുകൾ, മറ്റു പ്രതിഫലങ്ങൾ, കറന്റ് ചാർജ്, വെള്ളക്കരം, ഓഫീസ് ചെലവുകൾ, ബാദ്ധ്യതകൾ [illegible] ചെയ്യുന്നതിനുള്ള ചെലവുകൾ, മറ്റു അനിവാര്യ ചെലവുകൾ എന്നിവ ഒഴിവാക്കേണ്ടതാണ്

(2) മുൻ സാമ്പത്തിക വർഷത്തിലെ തനതു വരവ് ചെലവുകളുടെ അടിസ്ഥാനത്തിലായിരിക്കണം തിച്ച ഫണ്ട് കണക്കാക്കേണ്ടത്

(3) വ്യക്തികൾക്കും സംഘടനകൾക്കും പണമായി സഹായം നൽകുന്നതും നിയമാനുസൃതമല്ലാത്ത പരസ്യച്ചെലവുകൾ വഹിക്കുന്നതും മത-രാഷ്ട്രീയ-തൊഴിലാളി സംഘടനകളുടെ പരിപാടികൾക്ക് ചെലവുകൾ ചെയ്യുന്നതും അസാധാരണ ചെലവുകളിൽ ഉൾപ്പെടുത്താൻ പാടില്ലാത്തതാണ്

(4) പഞ്ചായത്ത് അസാധാരണ ചെലവിനങ്ങൾ സംബന്ധിച്ച ഒരു രജിസ്റ്റർ എഴുതി സൂക്ഷിച്ചു പോരേണ്ടതാണ്

(5) അസാധാരണ ചെലവിനങ്ങളിൽനിന്നും ധനസഹായം സ്വീകരിക്കുന്നവർ ആ തുക ചെലവിട്ടതു സംബന്ധിച്ച കൃത്യമായ രേഖകൾ എഴുതി കുറഞ്ഞത് മൂന്നു വർഷം വരെ സൂക്ഷിക്കേണ്ടതാണ്.

(6) ലോക്കൽ ഫണ്ട് ആഡിറ്റർമാരും പെർഫോർമൻസ് ആഡിറ്റർമാരും ഇത് സംബന്ധിച്ച ചെലവുകൾ നൂറു ശതമാനവും ആഡിറ്റ് ചെയ്യേണ്ടതാണ്.

(7) അസാധാരണ ചെലവുകളുടെ വാർഷിക കണക്ക് പ്രത്യേകമായി എല്ലാ ഗ്രാമസഭകളിലും അവതരിപ്പിക്കേണ്ടതാണ്.

ഈ ഉത്തരവ് ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ചട്ടങ്ങൾ പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

എസ്.എം. വിജയാനന്ദ്
പ്രിൻസിപ്പൽ സെക്രട്ടറി

SO, LSG/FM/Dept.

11. [illegible]

[illegible] 1% തുക [illegible] (ഒരു ലക്ഷം രൂപ) [illegible].

4) മേൽപ്പറഞ്ഞ സാധാരണ ചെലവുകളിൽ ഓരോ ഇനത്തിനും പ്രതിവർഷം ചെലവാക്കേണ്ട തുക, നിശ്ചിത മൊത്തം വാർഷിക പരിധിയ്ക്ക് വിധേയമായി മുൻകൂട്ടി നഗരസഭ നിശ്ചയിക്കേണ്ടതും ബജറ്റിൽ അതിനാവശ്യമായ തുക വകകൊള്ളിക്കേണ്ടതുമാണ്. ബജറ്റിൽ വക കൊള്ളിക്കാതെ ഇത്തരത്തിലുള്ള യാതൊരു ചെലവും ചെയ്യാൻ പാടില്ല.

5) വാർഷിക പരിധിയിൽ കവിയുന്ന സാധാരണ ചെലവുകൾക്ക് വക കണ്ടെത്തുന്നതിനായി നഗരസഭയ്ക്ക് വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും സംഭാവനകൾ സ്വരൂപിച്ച് ഒരു പ്രത്യേക ഫണ്ട് രൂപീകരിക്കാവുന്നതാണ്.

മേൽപ്പറഞ്ഞ സാധാരണ ചെലവുകൾക്ക് മേലിൽ സർക്കാരിൽ നിന്നും അനുവാദം തേടേണ്ടതില്ല. പരിധിയിൽ കവിഞ്ഞ് ചെലവ് ചെയ്യുന്നതിന് യാതൊരു നഗരസഭയ്ക്കും സർക്കാരിൽ നിന്ന് പ്രത്യേക അനുവാദം നൽകുന്നതുമല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ. വി. പ്രകാശ്,
അഡീഷണൽ സെക്രട്ടറി.

മുനിസിപ്പൽ ഭരണ ഡയറക്ടർ.
എല്ലാ കോർപ്പറേഷൻ മേയർമാർക്കും / സെക്രട്ടറിമാർക്കും.
എല്ലാ മുനിസിപ്പൽ ചെയർമാൻമാർക്കും / സെക്രട്ടറിമാർക്കും.
അക്കൗണ്ടന്റ് ജനറൽ (അക്കൗണ്ട്സ്) (ഓഡിറ്റ്) തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ.
തദ്ദേശ സ്വയംഭരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും.
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിന്.
എല്ലാ മുനിസിപ്പൽ ഭരണ റീജിയണൽ ജോയിന്റ് ഡയറക്ടർമാർക്കും.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

SO, LSG (FM) Dept.

[illegible]

A

അനുബന്ധം II

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരസഭകൾ - അസാധാരണ ചെലവുകളുടെ വാർഷിക [illegible] ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ബി) വകുപ്പ്

സ.ഉ. (പി) നം. 247/2000/തസ്വഭവ. തിരുവനന്തപുരം, തീയതി: 30.08.2000

---

പരാമർശം :- മുനിസിപ്പൽ ഭരണ ഡയറക്ടറുടെ 30.7.99-ലെ സി2-10505/99 നമ്പർ കത്ത്.

<u>ഉത്തരവ്</u>

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 283(6)-ാം വകുപ്പ് പ്രകാരം മുനിസിപ്പാലിറ്റികളുടെ ചുമതലകളുമായി നേരിട്ട് ബന്ധമില്ലാത്ത ഒരു ആവശ്യത്തിനായി ഏതെങ്കിലും ചെലവോ ധനസഹായമോ ഗവൺമെന്റോ സർക്കാർ നിശ്ചയിച്ചിട്ടുള്ള വാർഷിക പരിധിയിൽ കൂടുതലായി മുനിസിപ്പാലിറ്റി ചെയ്യാൻ പാടില്ലാത്തതാണെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇപ്രകാരം ഒരു വാർഷിക പരിധി സർക്കാർ നിശ്ചയിക്കണമെന്ന് പരാമർശത്തിലെ കത്ത് മുഖേന മുനിസിപ്പൽ ഭരണ ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

2) സർക്കാർ ഈ കാര്യം വിശദമായി പരിശോധിച്ചു. അതനുസരിച്ച് മുനിസിപ്പാലിറ്റികളുടെ ചുമതലകളുമായി നേരിട്ട് ബന്ധമില്ലാത്ത അസാധാരണ ചെലവുകൾക്ക് വാർഷിക പരിധി നിശ്ചയിച്ചുകൊണ്ടും ഇത്തരം ചെലവുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ടും താഴെപ്പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) സമർത്ഥരായ വിദ്യാർത്ഥികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്യുക, കലാകായിക മത്സരങ്ങൾ, വിളംബരങ്ങൾ, കന്നുകാലി പ്രദർശനങ്ങൾ മുതലായവ സംഘടിപ്പിക്കുക, സ്വാതന്ത്ര്യദിനം, റിപ്പബ്ലിക് ദിനം, ശിശുദിനം തുടങ്ങിയവ ആഘോഷിക്കുക, ദേശീയ സമ്പാദ്യ വാരം, ഗാന്ധിജയന്തി വാരം, വനമഹോത്സവം, ഓണാഘോഷം തുടങ്ങിയവയോടനുബന്ധിച്ചുള്ള പരിപാടികൾ സംഘടിപ്പിക്കുക, ശിലാ സ്ഥാപന ഉദ്ഘാടന ചടങ്ങുകൾ നടത്തുക, വിശിഷ്ട വ്യക്തികൾക്ക് സ്വീകരണം നൽകുക, സ്ഥാപനങ്ങൾക്കും സംഘടനകൾക്കും സംഭാവനകൾ നൽകുക എന്നീ കാര്യങ്ങൾക്കും ആക്ടിലെ ചട്ടങ്ങളിലോ തങ്ങളുടെ ചുമതലയായി പറഞ്ഞിട്ടില്ലാത്ത മറ്റു കാര്യങ്ങൾക്കും, വേണ്ടി മാത്രം, മുനിസിപ്പൽ ഫണ്ടിൽനിന്നും, മുനിസിപ്പൽ കൗൺസിലിന് താഴെപ്പറയുന്ന പരിധിക്കുള്ളിൽ [illegible] തുക ചെലവഴിക്കാവുന്നതാണ്.

1. <u>മുനിസിപ്പൽ കൗൺസിൽ</u>

പ്രതിവർഷം, സർക്കാരിൽ നിന്നുള്ള നികുതി വിഹിതമുൾപ്പെടെ മുൻ വർഷത്തെ തനത് വരുമാനത്തിന്റെ 1% തുക പരമാവധി 75,000/- രൂപ (മുനിസിപ്പൽ കൗൺസിലിന്റെ അനുമതിയോടെ) ([illegible])

# പന്ത്രണ്ടാം കേരള നിയമസഭ
## പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭ ചോദ്യം നമ്പർ :199

18..2..2011-ൽ മറുപടിയ്ക്ക്

## "തിരുവനന്തപുരം ശ്രീ പത്മനാഭ സ്വാമി ക്ഷേത്രം സർക്കാർ ഏറ്റെടുക്കണമെന്ന ഹൈക്കോടതി ഉത്തരവ് "

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ജി. കാർത്തികേയൻ :<br>ശ്രീ. ടി. എൻ.പ്രതാപൻ:<br>ശ്രീ. അടൂർ പ്രകാശ് :<br>ശ്രീ. എൻ. ശക്തൻ : | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും<br>വകുപ്പ് മന്ത്രി. |
| (എ) തിരുവനന്തപുരം ശ്രീ പത്മനാഭ സ്വാമി ക്ഷേത്രം സർക്കാർ ഏറ്റെടുക്കണമെന്നതു സംബന്ധിച്ച് ഹൈക്കോടതി എന്തൊക്കെ ഉത്തരവുകളാണ് നൽകിയിട്ടുള്ളത് ;<br><br>(ബി) ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്നറിയിക്കുമോ ;<br>(സി) പ്രസ്തുത ക്ഷേത്രത്തിന്റെ ഭരണ നിർവ്വഹണത്തിന് ട്രസ്റ്റ് രൂപീകരിക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ ;<br>(ഡി) പ്രസ്തുത ക്ഷേത്രത്തിലെ ആസ്തികളും അമൂല്യ ശേഖരങ്ങളും സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങൾക്കാണ് രൂപം നൽകാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കുമോ ? | (എ),<br>(ബി),<br>(സി)<br>&<br>(ഡി) | തിരുവനന്തപുരം ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന്റെ ഭരണനടത്തിപ്പു സംബന്ധിച്ചുള്ള ഹൈക്കോടതി ഉത്തരവ് ഇപ്പോൾ ലഭ്യമായിട്ടുണ്ട്. ഒരു ട്രസ്റ്റോ സമാനമായ സമിതിയോ രൂപീകരിച്ച് ക്ഷേത്രഭരണം സർക്കാർ ഏറ്റെടുക്കണമെന്നാണ് പ്രധാന നിർദ്ദേശം. ബഹു. കോടതി ഉത്തരവിലെ നിർദ്ദേശങ്ങൾ നിയമപ്രകാരം പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനേഴാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട</u>
<u>ചോദ്യം നമ്പർ: 200</u>

18-02-2011-ൽ മറുപടിയ്ക്ക്

## മത്സ്യബന്ധന മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം

ചോദ്യം

ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി
ശ്രീ. കെ.വി. അബ്ദുൾ ഖാദർ
ശ്രീ. എ.എം. ആരിഫ്,
ശ്രീ.എ. പ്രദീപ് കുമാർ

മറുപടി

ശ്രീ. എസ്. ശർമ്മ
(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

എ) മത്സ്യബന്ധന മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പു മുഖേന നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം നൽകുമോ;

എ) മത്സ്യബന്ധന മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന ഫിഷിംഗ് ഹാർബറുകളുടെ നിർമ്മാണം ഫിഷ് ലാന്റിംഗ് സെന്ററുകളുടെ നിർമ്മാണം, തീരദേശ റോഡുകളുടെ നിർമ്മാണവും പുനരുദ്ധാരണവും, പാലങ്ങളുടെ നിർമ്മാണം, ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ നിർമ്മാണം, കുടിവെള്ള പദ്ധതികൾ, ഹാച്ചറികൾ, സുനാമി പുനരധിവാസ പദ്ധതികൾ, തുടങ്ങിയവ നടപ്പിലാക്കിവരുന്നു.

ബി) ഫിഷിംഗ് ഹാർബറുകളുടെ വികസനത്തിനായി സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി (3545 ലക്ഷം, 50% കേന്ദ്രാവിഷ്കൃത പദ്ധതി) കണ്ണൂർ ജില്ലയിലെ തലായ് മത്സ്യബന്ധന തുറമുഖം (1925.74 ലക്ഷം 50% കേന്ദ്രാവിഷ്കൃത പദ്ധതി), കാസർഗോഡ് ജില്ലയിലെ കാസർഗോഡ് മത്സ്യബന്ധന തുറമുഖം (1975 ലക്ഷം-ആർ.കെ.വി.വൈ), ആലപ്പുഴ ജില്ലയിലെ ചെത്തി മത്സ്യബന്ധന തുറമുഖം ഒന്ന്, രണ്ട് ഘട്ടങ്ങൾ (500 ലക്ഷം, 495 ലക്ഷം സംസ്ഥാന പദ്ധതി), അർത്തുങ്കൽ മത്സ്യബന്ധന തുറമുഖം-ഒന്നാംഘട്ടം (500 ലക്ഷം-റ്റിആർ.പി) എറണാകുളം ജില്ലയിലെ ചെല്ലാനം മത്സ്യബന്ധന തുറമുഖം ഒന്നാം ഘട്ടം (500 ലക്ഷം റ്റിആർ.പി) എന്നിവ ആരംഭിച്ചു. ചെല്ലാനം, അർത്തുങ്കൽ എന്നിവയുടെ ഒന്നാംഘട്ട പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. മറ്റു മത്സ്യബന്ധന തുറമുഖങ്ങളുടെ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. 75% കേന്ദ്രാവിഷ്കൃത പദ്ധതിയായി അംഗീകാരം ലഭ്യമായ ചേറ്റുവ മത്സ്യബന്ധന തുറമുഖത്തിന്റെ (3024 ലക്ഷം) പ്രധാന പ്രവൃത്തികൾക്ക് കരാറിലേർപ്പെട്ടു. ചെറുവത്തൂർ മത്സ്യബന്ധന തുറമുഖത്തിന്റെ (2906 ലക്ഷം) പ്രധാന പ്രവൃത്തികളുടെ ദർഘാസുകൾ സർക്കാർ പരിഗണനയിലാണ്. നബാർഡ് ധനസഹായത്തോടെ നടപ്പിലാക്കുന്ന ചെല്ലാനം മത്സ്യബന്ധന തുറമുഖം- രണ്ടാംഘട്ടം (2990 ലക്ഷം) പുലിമുട്ടുകളുടെ നിർമ്മാണ പ്രവൃത്തിക്കുള്ള കരാറിലേർപ്പെട്ടിട്ടുണ്ട്. കൂടാതെ തങ്കശ്ശേരി, നീണ്ടകര, കായംകുളം, പുതിയാപ്പ എന്നീ

| | |
|---|---|
| | മത്സ്യബന്ധന തുറമുഖങ്ങളുടെ നിലവാരം ഉയർത്തുന്ന പ്രവൃത്തികൾക്കായി എൻ.എഫ്.ഡി.ബി യിൽ നിന്നും സഹായം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തികൾ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| സി) തീരദേശ മേഖലയെ മറ്റു മേഖലകളും നാഷണൽ ഹൈവേയുമായി ബന്ധപ്പെടുത്തുന്ന റോഡുകളുടെ വികസനത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | സി) തീരദേശ റോഡ് വികസന പദ്ധതിയിൻകീഴിൽ നിർമ്മാണം ഏറ്റെടുത്തിട്ടുള്ള ചില റോഡുകൾ ദേശീയ പാതയുമായോ ഇതര മേഖലകളുമായോ ഗതാഗത ബന്ധം സാദ്ധ്യമാക്കുന്നവയാണ്. തീരദേശ റോഡുകളുടെ വികസനത്തിനായി ഇതിനകം 105 കോടി രൂപയുടെ പ്രവർത്തനാനുമതി നൽകിയിട്ടുണ്ട്. |
| ഡി) മത്സ്യവിപണനത്തിന് ആധുനിക സൗകര്യങ്ങളോടുകൂടിയ മാർക്കറ്റുകളുടെ അപര്യാപ്തത പരിഹരിക്കുന്നതിന് എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | ഡി) ആധുനിക മത്സ്യമാർക്കറ്റുകൾ പാങ്ങോട്, ആലുവ, പത്തനംതിട്ട, നോർത്ത് പറവൂർ, എറണാകുളം ബ്രോഡ്‌വേ, മൂവാറ്റുപുഴ എന്നിവിടങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. ഇതിനായി 1340 ലക്ഷം രൂപ ചെലവാകുമെന്ന് പ്രതീക്ഷിക്കുന്നു. സർക്കാർ വിഹിതമായി 154.5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

Girija Kumari

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനേഴാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 201 | 18-2-2011 ൽ മറുപടിയ്ക്ക് |

### കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസിന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബാബു.എം. പാലിശ്ശേരി:<br>ശ്രീ. വി. ജെ. തങ്കപ്പൻ:<br>ശ്രീമതി. പി. അയിഷാ പോറ്റി:<br>ശ്രീ. ടി.പി. കുഞ്ഞുണ്ണി: | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുളള നടപടികൾ വിശദമാക്കുമോ; | എ) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഈ വർഷം താഴെ പറയുന്ന കാര്യങ്ങൾ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നു.<br>1. തിരുവനന്തപുരത്തും, പള്ളുരുത്തി , തലശ്ശേരി പഠന കേന്ദ്രങ്ങളിലും പുതിയ കോഴ്സുകൾ ആരംഭിക്കുന്നതാണ്. കസ്റ്റമർ റിലേഷൻ, ഈവന്റ് മാനേജ്മെന്റ്, മെഡിക്കൽ ടൂറിസം, എയർപോർട്ട് മാനേജ്മെന്റ് എന്നീ മേഖലകൾക്ക് ഊന്നൽ നൽകുന്ന കോഴ്സുകൾ ആയിരിക്കും ആരംഭിക്കുക.<br>2. ടൂറിസം വ്യവസായത്തിൽ പ്രവർത്തിക്കുന്ന പ്രൊഫഷണലുകൾ, മാനേജ്മെന്റ് വിദഗ്ധർ, ഓഫീസ് മേധാവികൾ എന്നിവർക്കായി 2/3 ആഴ്ചകൾ നീണ്ടുനിൽക്കുന്ന എക്സിക്യൂട്ടീവ് ഡെവലപ്മെന്റ് പ്രോഗ്രാം;<br>3. കേരളത്തിലെ ചെറുകിട ഇടത്തര സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി ടൂറിസത്തിൽ സംരംഭകത്വ വികസന പരിപാടികൾ<br>4. ഗവേഷണ പഠനങ്ങൾ ശക്തിപ്പെടുത്തുന്നതിനുളള തുടർ നടപടികൾ<br>5. വ്യവസായികളുമായി തുടർബന്ധം സ്ഥാപി ക്കുന്നതിനും വിദ്യാർത്ഥികൾക്ക് അതുമൂലം പ്രയോജനം ഉണ്ടാക്കുന്നതിനും **Industry Institute** |

**Partnership Cell** ന്റെ പ്രവർത്തനം ആരംഭിക്കും.

6. മേൽപ്പറഞ്ഞവയോടൊപ്പം ടൂറിസം മേഖലകൾക്ക് ആവശ്യമായ കൂടുതൽ പരിപാടികൾ നടപ്പാക്കുന്നതിനുള്ള പരിശീലന പരിപാടികൾ കൈക്കൊണ്ട് വരുന്നു.

ബി) ഇവിടെ ഏതെല്ലാം പ്രൊഫഷണൽ കോഴ്സുകളാണ് ഇപ്പോൾ നടത്തുന്നത്;

ബി) 2 വർഷക്കാലാവധിയുള്ള **MBA (Travel & Tourism)** കോഴ്സ് തിരുവനന്തപുരം സെന്ററിൽ **AICTE** യുടേയും കേരള യൂണിവേഴ്സിറ്റിയുടേയും അംഗീകാരത്തോടെ നടത്തുന്നുണ്ട്. മറ്റ് പഠനകേന്ദ്രങ്ങളിൽ നടത്തുന്ന പ്രധാനപ്പെട്ട കോഴ്സുകൾ ചുവടെ ചേർക്കുന്നു.

1. ഒരു വർഷം ദൈർഘ്യമുള്ള **PG Diploma in Tourism and Hospitality Management Course**
2. **Front Office, House Keeping, Airline Distribution System** എന്നിവയിൽ **Diploma course**

സി) ടൂറിസം രംഗത്ത് പ്രവർത്തിക്കുന്നവർക്കായി പ്രത്യേക പരിശീലന പരിപാടികൾ കിറ്റ്സ് ആവിഷ്ക്കരിച്ചിട്ടുണ്ടോ; ഈ വർഷം ആരംഭിച്ച പുതിയ പദ്ധതികൾ ഏതെല്ലാമാണ്;

സി) കഴിഞ്ഞ ഒരു വർഷം കേരളത്തിലെ വിവിധ ഹോട്ടലുകളിൽ **Front Office, House Keeping, F&B Service** എന്നീ മേഖലകളിൽ പ്രവർത്തിക്കുന്ന **2000**-ൽ പരം ജീവനക്കാർക്ക് **Lets Learn** പദ്ധതി പ്രകാരം പരിശീലനം നൽകി. ഇതിനുപരിയായി **Tour Guide, Life Guard, Immigration Officers, Tourism/Management** അദ്ധ്യാപകർ, ഗസ്റ്റ് ഹൗസ് ജീവനക്കാർ എന്നിവർക്ക് പരിശീലനം നൽകുകയുണ്ടായി. അംഗീകൃത ഗൈഡുകളുടെ കുറവ് നികത്താനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മേഖലകളിൽ വച്ച് ലൈസൻസ്ഡ് ലോക്കൽ ഗൈഡുകൾക്കും തിരുവനന്തപുരത്ത് വച്ച് ലൈസൻസ്ഡ് സംസ്ഥാനതല ഗൈഡുകൾക്കും പരിശീലനം നൽകുന്ന കോഴ്സ് സംഘടിപ്പിക്കുവാനും ഉദ്ദേശിക്കുന്നു.

| | |
|---|---|
| ഡി) ഇൻസ്റ്റിറ്റ്യൂട്ടിന്റെ പശ്ചാത്തല സൗകര്യം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | ഡി) അക്കാദമിക്/അഡ്മിനിസ്ട്രേറ്റീവ്/ട്രെയിനിംഗ് എന്നീ വിഭാഗങ്ങൾ ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യ വികസന നടപടികൾ സ്വീകരിച്ചു വരുന്നു. ഇതോടൊപ്പം വിദ്യാർത്ഥികൾക്ക് ആവശ്യമായ ഹോസ്റ്റൽ സൗകര്യം പ്രദാനം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. കിറ്റ്സിന്റെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചും വ്യവസായികൾക്കും വിദ്യാർത്ഥികൾക്കും സഞ്ചാരി കൾക്കും ടൂറിസം മാനവശേഷി വികസന രംഗത്തും പ്രയോജനമുണ്ടാകത്തക്ക വിധത്തിലുള്ള ഒരു സ്ഥാപനമാക്കി കിറ്റ്സിനെ മാറ്റാനുള്ള പ്രാരംഭ നടപടികൾക്കും തുടക്കം കുറിച്ചിട്ടുണ്ട്. |
| ഇ) കിറ്റ്സിന്റെ കീഴിൽ എത്ര സെന്ററുകൾ പ്രവർത്തിക്കുന്നു; അവയുടെ പ്രവർത്തനം വിശദ മാക്കുമോ ? | ഇ) കിറ്റ്സിന്റെ കീഴിൽ എറണാകുളം (പള്ളുരുത്തിയിലും) തലശ്ശേരിയിലുമായി 2 സെന്ററുകൾ പ്രവർത്തി ക്കുന്നുണ്ട്. കിറ്റ്സിന്റെ തലശ്ശേരി സെന്ററിൽ പോസ്റ്റ് ഗ്രാഡുവേറ്റ് ഡിപ്ലോമ ഇൻ ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, ഡിപ്ലോമ ഇൻ ടൂറിസം & ഹോസ്പിറ്റാലിറ്റി, എയർലൈൻസ് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം എന്നീ ഹ്രസ്വകാല കോഴ്സുകളാണ് പ്രധാനമായും നടത്തുന്നത്. കൂടാതെ, ടൂറിസം മേഖലയിൽ ടാക്സി ഡ്രൈവേഴ്സിനും വനസംരക്ഷണ സമിതി അംഗങ്ങൾക്കും പരിശീലന പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്. കിറ്റ്സിന്റെ പള്ളുരുത്തി സെന്ററിൽ പോസ്റ്റ് ഗ്രാഡുവേറ്റ് ഡിപ്ലോമ ഇൻ ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, ഫ്രണ്ട് ഓഫീസ് ആന്റ് ഹൗസ് കീപ്പിംഗ് സർട്ടിഫിക്കറ്റ് കോഴ്സ് എന്നീ പ്രധാന കോഴ്സുകൾ നടത്തുന്നുണ്ട്. കൂടാതെ ലോക്കൽ ഗൈഡിന്റെ ഒരു പരിശീലന പരിപാടി കഴിഞ്ഞ വർഷം നടത്തുകയുണ്ടായി. അടുത്ത അദ്ധ്യയന വർഷം ഈ സെന്ററുകളിൽ പുതിയ കോഴ്സുകൾ നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനേഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം : 202** **18. 02. 2011-ൽ മറുപടിക്ക്.**

### കടലോര ജാഗ്രതാ സമിതിയുടെ പ്രവർത്തനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എ. എ. അസീസ് | | ശ്രീ. കോടിയേരി ബാലകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് കടലോര ജാഗ്രതാ സമിതി രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ എവിടങ്ങളിലൊക്കെയാണെന്ന് വ്യക്തമാക്കാമോ ; | : | (എ) ഉണ്ട്. തിരുവനന്തപുരം സിറ്റി - 6, തിരുവനന്തപുരം റൂറൽ - 7, കൊല്ലം - 10, ആലപ്പുഴ - 9, കൊച്ചി സിറ്റി - 3, എറണാകുളം റൂറൽ - 2, തൃശ്ശൂർ - 6, മലപ്പുറം - 5, കോഴിക്കോട് സിറ്റി - 7, കോഴിക്കോട് റൂറൽ - 4, കണ്ണൂർ - 8, കാസറഗോഡ് - 7 എന്നിങ്ങനെ 74 കടലോര ജാഗ്രതാ സമിതികളും, അരൂർ, കായംകുളം എന്നീ പോലീസ് സ്റ്റേഷൻ പരിധിയിൽ 2 കായലോര ജാഗ്രതാ സമിതികളും രൂപീകരിച്ചിട്ടുണ്ട്. |
| (ബി) ആരൊക്കെയാണ് പ്രസ്തുത ജാഗ്രതാ സമിതിയിലെ അംഗങ്ങൾ ; സമിതിയുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ; | : | (ബി) ജാഗ്രതാ സമിതിയിലെ അംഗങ്ങൾ, സമിതിയുടെ പ്രവർത്തനങ്ങൾ എന്നിവയുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |

(മറുപുറം)

(സി) കടൽ കടന്നുവരുന്ന ഭീകര പ്രവർത്തനത്തെ തടയുന്നതിന് പ്രസ്തുത ജാഗ്രതാ സമിതി എപ്രകാരം പ്രയോജനകരമാകുമെന്ന് വ്യക്തമാക്കുമോ ?

: (സി) ജാഗ്രതാ സമിതികൾ കാലാകാലങ്ങളിൽ യോഗങ്ങൾ കൂടുകയും തീരദേശ സുരക്ഷയും മറ്റ് അനുബന്ധ വിഷയങ്ങളും ചർച്ച ചെയ്ത് ആവശ്യമായ സുരക്ഷാ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. തീരദേശ സംരക്ഷണം ഉറപ്പാക്കുന്നതിനായി തീരദേശ പ്രവർത്തനങ്ങളെക്കുറിച്ച് ജാഗ്രതാസമിതി പ്രവർത്തകർ നിതാന്ത ജാഗ്രത പുലർത്തുന്നു. കടലിലും, കായലിലും പ്രവർത്തിക്കുന്ന മത്സ്യബന്ധനയാനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ യാനങ്ങളേയും സദാ നിരീക്ഷിച്ചുകൊണ്ടിരിക്കുന്നു. ജാഗ്രതാ സമിതി അംഗങ്ങളുടെ പ്രവർത്തനങ്ങൾ കടലോര പ്രദേശത്തുള്ള മറ്റു ജനങ്ങൾക്കിടയിലും തീരദേശ സുരക്ഷയെക്കുറിച്ചുള്ള ഒരു അവബോധം ഉണ്ടാക്കുന്നതിനും അവരെയൊക്കെ തന്നെ ജാഗരൂകരാക്കുന്നതിനും സഹായിച്ചിട്ടുണ്ട്. അപരിചിതരായ ആളുകൾ, ബോട്ടുകൾ, സംശയകരമായ ചരക്കു നീക്കങ്ങൾ എന്നിവ ജാഗ്രതാ സമിതി അംഗങ്ങൾ സസൂക്ഷ്മം, നിരീക്ഷിക്കുകയും, സംശയകരമായി എന്തെങ്കിലും ശ്രദ്ധയിൽപ്പെട്ടാൽ ഈ വിവരം ഉടൻതന്നെ ബന്ധപ്പെട്ടവരെ അറിയിക്കുകയും അനന്തര നടപടികൾ തൽക്ഷണം സ്വീകരിക്കുകയും ചെയ്തുവരുന്നു.

Bindu

സെക്ഷൻ ഓഫീസർ

## അനുബന്ധം

## പ്രാദേശിക ജാഗ്രതാ സമിതി

**ഘടന**

ചെയർ പേഴ്സൺ : ബന്ധപ്പെട്ട താലൂക്ക് തഹസിൽദാർ

കൺവീനർ : സ്ഥലത്തെ സർക്കിൾ ഇൻസ്പെക്ടർ

അംഗങ്ങൾ : 1) പോലീസ് സ്റ്റേഷൻ സ്ഥിതി ചെയ്യുന്ന സ്ഥലത്തെ പഞ്ചായത്ത് പ്രസിഡന്റ് അല്ലെങ്കിൽ അദ്ദേഹത്തിന്റെ ഔദ്യോഗിക നോമിനി

2) പോലീസ്
3) ഫിഷറീസ്
4) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്
5) തുറമുഖ വകുപ്പ്
6) മത്സ്യഫെഡ്

} എന്നീ വകുപ്പുകളിലെ ഓരോ പ്രതിനിധികൾ

: 7) ജില്ലാ കളക്ടർ നിർദ്ദേശിക്കുന്ന മത്സ്യതൊഴിലാളി സംഘടനയുടെ സെക്രട്ടറിയോ/ പ്രസിഡന്റോ ആയ നാലു പേർ

: 8) പോലീസ് സ്റ്റേഷന്റെ അധികാര പരിധിയിലുള്ള ഫിഷ് ലാന്റിംഗ് സെന്ററുകളുമായോ ഫിഷിംഗ് വില്ലേജുകളുമായോ ബന്ധപ്പെട്ട് സ്ഥിരമായി കടലിൽ പോകുന്ന 10 മത്സ്യ തൊഴിലാളികൾ (ഈ 10 പേർ ആരൊക്കെയാണെന്ന് സർക്കിൾ ഇൻസ്പെക്ടർ, ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ സഹായത്തോടെ പ്രാഥമിക ലിസ്റ്റ് തയ്യാറാക്കി സംസ്ഥാന സ്പെഷ്യൽ ബ്രാഞ്ച് ഡി.വൈ.എസ്.പി, ജില്ലാ പോലീസ് സൂപ്രണ്ട്, എന്നിവർ യോഗം കൂടി തീരുമാനിക്കേണ്ടതാണ്.)

പ്രാദേശിക-സർക്കാരിതര സംഘടനയിൽപ്പെട്ട ഒന്നോ രണ്ടോ ആളുകളെ ആവശ്യമുള്ള സന്ദർഭങ്ങളിൽ പ്രത്യേക ക്ഷണിതാക്കളായി യോഗത്തിൽ പങ്കെടുപ്പിക്കാവുന്നതാണ്.

(മറുപുറം)

പ്രാദേശിക ജാഗ്രതാസമിതിയുടെ യോഗങ്ങളിൽ കോസ്റ്റ് ഗാർഡ്, കസ്റ്റംസ്, നേവി മുതലായ കേന്ദ്ര ഏജൻസികളുടെ പ്രതിനിധികൾക്ക് സംബന്ധിക്കാവുന്നതും സമിതി അംഗങ്ങളുമായി ആശയവിനിമയം നടത്താവുന്നതും ക്ലാസ്സുകൾ എടുക്കാവുന്നതുമാണ്.

ഒരു തഹസീൽദാരുടെ അധികാര പരിധിയിൽ ഒന്നിലധികം തീരദേശ പോലീസ് സ്റ്റേഷനുകൾ ഉണ്ടെങ്കിൽ രണ്ടാമത്തേതിന്റെ ചെയർമാൻ, സ്ഥലം ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടായിരിക്കും. എന്നാൽ പ്രാദേശിക ജാഗ്രതാ സമിതിയുടെ എണ്ണം രണ്ടിൽ കൂടുതൽ ആവുകയാണെങ്കിൽ ഫിഷറീസ്, ഹാർബർ എഞ്ചിനീയറിംഗ്, തുറമുഖ വകുപ്പ്, മത്സ്യഫെഡ് മുതലായവയിൽ നിന്നും തീരദേശവുമായി നേരിട്ടു ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഒരു സീനിയർ ഉദ്യോഗസ്ഥനെ, ജില്ലാകളക്ടറുടെ തീരുമാനപ്രകാരം ചെയർമാനായി നിയോഗിക്കുന്നതാണ്. ഒരു സർക്കിൾ ഇൻസ്പെക്ടറുടെ അധികാര പരിധിയിൽ രണ്ടിലധികം പ്രാദേശിക ജാഗ്രതാ സമിതികൾ അധികമായി വന്നാൽ അതിന്റെ കൺവീനർ ബന്ധപ്പെട്ട പോലീസ് സ്റ്റേഷന്റെ സബ് ഇൻസ്പെക്ടർ ആയിരിക്കും.

പ്രാദേശിക ജാഗ്രതാ സമിതികൾ മാസത്തിൽ കുറഞ്ഞത് ഒരു പ്രാവശ്യമെങ്കിലും യോഗം കൂടി പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് രേഖപ്പെടുത്തി ജില്ലാ സമിതിയെ അറിയിക്കേണ്ടതാണ്.

## പ്രാദേശിക ജാഗ്രതാ ഉപസമിതി

വളരെ വലിയ അധികാരപരിധിയുള്ള തീരദേശ പോലീസ് സ്റ്റേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രാദേശിക ജാഗ്രതാ സമിതികൾ, തീരപ്രദേശ പ്രവർത്തനങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കുന്നതിന് ഓരോ ഫിഷ്‌ലാന്റിംഗ് സെന്റർ/ഫിഷിംഗ് ഹാർബർ/ഫിഷിംഗ് വില്ലേജ് കേന്ദ്രീകരിച്ച് തീരദേശ ജാഗ്രതാ ഉപസമിതികൾ രൂപീകരിക്കേണ്ടതാണ്.

**ഘടന**

1) ബന്ധപ്പെട്ട വാർഡുമെമ്പർ - ചെയർമാൻ
2) ഫിഷറീസ് മത്സ്യഭവൻ ഓഫീസർ - അംഗം
3) സ്ഥിരമായി കടലിൽ പോകുന്ന മത്സ്യതൊഴിലാളികൾ - **5 പേർ**
(ഈ അഞ്ചുപേരെ വാർഡുമെമ്പറും ഫിഷറീസ് മത്സ്യഭവൻ ഓഫീസറും കൺവീനറും കൂടി യോജിച്ച് തീരുമാനിക്കേണ്ടതാണ്.)
4) പോലീസ് വകുപ്പിൽ നിന്നുള്ള എ.എസ്.ഐ.
(അദ്ദേഹം ഉപസമിതിയുടെ കൺവീനർ ആയിരിക്കും)

(മറുപുറം)

പ്രാദേശിക ജാഗ്രതാ ഉപസമിതികൾ തീരസുരക്ഷയുമായി ബന്ധപ്പെട്ട വിഷയങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കേണ്ടതും സംശയകരമായ നീക്കങ്ങൾ അപ്പപ്പോൾ തന്നെ പ്രാദേശിക സമിതിയെ അറിയിക്കേണ്ടതുമാണ്. പ്രാദേശിക ജാഗ്രതാ സമിതികളിലേയും ഉപസമിതികളിലേയും പ്രവർത്തകർക്ക് ആവശ്യമായ പരിശീലനം നൽകുന്നതാണ്.

## ജില്ലാ ജാഗ്രതാ സമിതി

**ഘടന**

| | |
|---|---|
| ചെയർ പേഴ്സൺ | ജില്ലാ കളക്ടർ |
| കൺവീനർ | ജില്ലാ പോലീസ് സൂപ്രണ്ട് |
| അംഗങ്ങൾ | ബന്ധപ്പെട്ട തീരദേശ നിയോജക മണ്ഡലത്തിലെ എം.എൽ.എ./എം.പി. അല്ലെങ്കിൽ അവരുടെ ഔദ്യോഗിക നോമിനി |
| | ജില്ലാ പഞ്ചായത്ത്പ്രസിഡന്റ്/ അദ്ദേഹത്തിന്റെ ഔദ്യോഗിക നോമിനി |
| | ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ |
| | ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ പ്രതിനിധി |
| | തുറമുഖ വകുപ്പിന്റെ പ്രതിനിധി |
| | മത്സ്യഫെഡിന്റെ പ്രതിനിധി |
| | സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ചിന്റെ പ്രതിനിധി |
| | ജില്ലാ ഇൻഫർമേഷൻ ഓഫീസർ |
| | മത്സ്യബന്ധന മേഖലകളിൽ പ്രവർത്തിക്കുന്ന മത്സ്യതൊഴിലാളികളുടെ ട്രേഡ് യൂണിയൻ പ്രതിനിധികൾ (**പരമാവധി അഞ്ചുപേർ**) ഇവരെ ജില്ലാ പഞ്ചായത്ത് പ്രസിഡന്റും ജില്ലാ പോലീസ് സൂപ്രണ്ടും ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറും ചേർന്ന് യോജിച്ച് തീരുമാനിക്കേണ്ടതാണ്. |
| | മത്സ്യബന്ധന മേഖലയിൽ പ്രവർത്തിക്കുന്ന സർക്കാരിതര സംഘടനകളുടെ പ്രതിനിധികൾ (പരമാവധി രണ്ടുപേർ) ഇവരെ ജില്ലാ കളക്ടർ നോമിനേറ്റ് ചെയ്യേണ്ടതാണ്. |
| | ആവശ്യമുള്ള സന്ദർഭങ്ങളിൽ ജില്ലാകളക്ടർക്ക് കൂടുതൽ അംഗങ്ങളെ നോമിനേറ്റ് ചെയ്യാവുന്നതാണ്. എന്നാൽ ജില്ലാതല സമിതിയിലെ അംഗങ്ങൾ 21 എണ്ണത്തിൽ കൂടാൻ പാടില്ലാത്തതാണ്. |

ജില്ലാ ജാഗ്രതാ സമിതി, പ്രാദേശിക സമിതികളുടെ യോഗതീരുമാനങ്ങൾ അപ്പപ്പോൾ വിലയിരുത്തുകയും, പ്രവർത്തനങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കുകയും ചെയ്യേണ്ടതാണ്. പ്രാദേശിക ജാഗ്രതാ സമിതികളുടെ കണ്ടെത്തലുകളിന്മേൽ സർക്കാരുമായോ, അതാതു വകുപ്പുമായോ ബന്ധപ്പെട്ട് അടിയന്തിര

(മറുപുറം)

നടപടികൾ കൈക്കൊള്ളേണ്ടതുമാണ്. മാത്രമല്ല, പ്രാദേശിക ജാഗ്രതാ സമിതിയുടെ പ്രവർത്തനങ്ങളിൽ പോരായ്മകളോ വീഴ്ചകളോ ഉണ്ടെങ്കിൽ, അവർക്ക് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകേണ്ടതാണ്. ജില്ലാസമിതി മൂന്നുമാസം കൂടുമ്പോൾ യോഗം ചേരേണ്ടതാണ്. എന്നാൽ അടിയന്തിര ഘട്ടങ്ങളിൽ യോഗം ചേർന്ന് സംഗതികൾ വിലയിരുത്തി വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## കടലോര ജാഗ്രതാ സമിതിയുടെ പ്രവർത്തനങ്ങൾ

തീരദേശ സംരക്ഷണം ഉറപ്പാക്കുന്നതിനായി, തീരദേശ പ്രവർത്തനങ്ങളെക്കുറിച്ച് ജാഗ്രതാ സമിതി പ്രവർത്തകർ നിതാന്ത ജാഗ്രത പുലർത്തേണ്ടതാണ്. കടലിലും കായലിലും പ്രവർത്തിക്കുന്ന മത്സ്യബന്ധന യാനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ യാനങ്ങളേയും നിരീക്ഷിക്കേണ്ടതാണ്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ യാനങ്ങളും ഫിഷറീസ്/പോർട്ട് വകുപ്പിൽ രജിസ്റ്റർ ചെയ്യേണ്ടതും, രജിസ്ട്രേഷൻ/ലൈസൻസ് എന്നിവയുടെ കോപ്പി യാനത്തിൽ സൂക്ഷിക്കേണ്ടതുമാണ്. കൂടാതെ രജിസ്ട്രേഷൻ നമ്പർ നിശ്ചിത വലിപ്പത്തിൽ യാനത്തിൽ പ്രദർശിപ്പിക്കണം. ഇതിനു വിപരീതമായി കാണുന്നതും സംശയകരമായ രീതിയിലുള്ളതുമായ യാനങ്ങളെക്കുറിച്ചുള്ള വിവരം ജാഗ്രതാ സമിതി പ്രവർത്തകർ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ അറിയിക്കേണ്ടതാണ്.

ബോട്ടുകളിലും മറ്റ് യാനങ്ങളിലും ജോലിചെയ്യുന്ന മത്സ്യ തൊഴിലാളികൾക്ക് ഫിഷറീസ് വകുപ്പ് ഫോട്ടോ ഐഡന്റിറ്റി കാർഡ് നൽകേണ്ടതാണ്. ഐഡന്റിറ്റി കാർഡ് ഫിഷറീസ് വകുപ്പിൽ നിന്നും ലഭിക്കുന്നതുവരെ മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും ലഭിച്ച ഫോട്ടോ പതിപ്പിച്ച പാസ്സ് ബുക്കിന്റെ കോപ്പികൾ സൂക്ഷിക്കേണ്ടതാണ്. ഇതിന് വിപരീതമായി കാണുന്ന വ്യക്തികളെക്കുറിച്ചുള്ള വിവരം ജാഗ്രതാ സമിതി പ്രവർത്തകർ ബന്ധപ്പെട്ട അധികാരികളെ അറിയിക്കേണ്ടതാണ്.

അപരിചിതരായ ആളുകൾ, ബോട്ടുകൾ, സംശയകരമായ ചരക്കു നീക്കങ്ങൾ എന്നിവ ജാഗ്രതാ സമിതി അംഗങ്ങൾ നിരീക്ഷിക്കേണ്ടതാണ്.

തീരദേശകടലിൽ നടക്കുന്ന പ്രവർത്തനങ്ങൾ നിരീക്ഷിക്കേണ്ടതും സംശയകരമായ സംഗതികളെ സംബന്ധിച്ച് പ്രവർത്തകർ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ അറിവ് നൽകേണ്ടതുമാണ്.

കടലിൽ ഉണ്ടാകുന്ന അപകടങ്ങൾ, സുനാമിപോലുള്ള പ്രകൃതി ക്ഷോഭം മുതലായ ഘട്ടങ്ങളിൽ അടിയന്തിര സഹായം നൽകുന്നതിനും രക്ഷാപ്രവർത്തനം നടത്തുന്നതിനും ജാഗ്രതാ സമിതികൾ

(മറുപുറം)

മുൻപന്തിയിൽ നിൽക്കേണ്ടതാണ്. അതിനുള്ള പരിശീലനം റവന്യൂ വകുപ്പിന്റെ '**ഡിസാസ്റ്റർ മാനേജ്മെന്റ്**' വിഭാഗം മുഖേന നൽകുന്നതാണ്.

ട്രോളിംഗ് നിരോധനം നിലവിലുള്ള ഓഫ് സീസണിൽ മത്സ്യതൊഴിലാളികൾക്ക് തീരദേശ സുരക്ഷയെ സംബന്ധിച്ച് ആവശ്യമായ ബോധവൽക്കരണ ക്ലാസ്സുകളും മറ്റു പരിശീലന പരിപാടികളും ഏർപ്പെടുത്തുന്നതാണ്.

സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന തുറമുഖങ്ങളിലും ഫിഷ് ലാന്റിംഗ് സെന്ററുകളിലും മതിയായ സുരക്ഷ ഏർപ്പെടുത്തുന്നതാണ്. സുരക്ഷാ ക്രമീകരണങ്ങളിലും അവയുടെ പ്രവർത്തനങ്ങളിലും പോരായ്മകളോ വീഴ്ചകളോ സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ജാഗ്രതാ സമിതി അംഗങ്ങൾ ആ വിവരം ഫിഷറീസ്-പോലീസ്-തുറമുഖ വകുപ്പ് അധികാരികളെ അറിയിക്കേണ്ടതാണ്.

ജാഗ്രതാ സമിതി അംഗങ്ങൾക്ക് ബന്ധപ്പെട്ട പോലീസ് സൂപ്രണ്ട് ഫോട്ടോ പതിച്ച ഒരു തിരിച്ചറിയൽ കാർഡ് നൽകേണ്ടതാണ്. എന്നാൽ ഈ കാർഡ് മുഖേന അവർക്ക് യാതൊരുവിധ പോലീസ് അധികാരങ്ങളും ഉണ്ടായിരിക്കുന്നതല്ല.

ജാഗ്രതാ സമിതിയിലെ എല്ലാ അംഗങ്ങളുടെയും മൊബൈൽ ഫോൺ നമ്പരുകൾ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിലും സർക്കിൾ ഓഫീസുകളിലും അവർക്ക് പോലീസുമായി ബന്ധപ്പെടേണ്ട നമ്പരുകൾ സമിതി അംഗങ്ങളുടെ പക്കലും ഉണ്ടായിരിക്കേണ്ടതാണ്. പോലീസുമായുള്ള വാർത്താ വിനിമയത്തിനാവശ്യമായ ടോൾഫ്രീ ഉൾപ്പെടെയുള്ള ക്രമീകരണങ്ങൾ ഡി.ജി.പി. നടപ്പിലാക്കേണ്ടതാണ്.

തീരദേശ സുരക്ഷയെ സംബന്ധിച്ചുള്ള പ്രധാനപ്പെട്ട വിവരങ്ങൾ നൽകുകയും സുരക്ഷാ സേനയുടെ പ്രവർത്തനത്തെ സഹായിക്കുകയും ചെയ്യുന്ന തീരദേശ ജാഗ്രതാ സമിതിയിലെ അംഗങ്ങൾക്ക് സർക്കാർ തലത്തിൽ അംഗീകാരവും പാരിതോഷികവും നൽകുന്നതാണ്.

Bindu

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ - പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 203 — 18/02/2011-ൽ മറുപടിയ്ക്ക്

## മത്സ്യത്തൊഴിലാളി ഗ്രാമങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ.കെ. ഷാജു :<br>ശ്രീ. കെ.ബി. ഗണേഷ്കുമാർ : | ശ്രീ. എസ്. ശർമ്മ<br>(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |

| | |
| --- | --- |
| (എ) ഫിഷറീസ് വകുപ്പിന്റെ കീഴിൽ മത്സ്യത്തൊഴിലാളി ഗ്രാമങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ ;<br><br>(ബി) മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിന് എന്തൊക്കെ പുതിയ പദ്ധതികളാണ് നടപ്പാക്കാൻ പോകുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) & (ബി) : തീരദേശ മേഖലയിലെ മത്സ്യഗ്രാമങ്ങളിലെയും മത്സ്യത്തൊഴിലാളികളുടെയും സമഗ്ര വികസനം ലക്ഷ്യമാക്കി സർക്കാർ 3092 കോടിയോളം രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. ഹാർബറുകൾ, തീരദേശറോഡുകൾ, ലാന്റിംഗ് സെന്ററുകൾ, മത്സ്യത്തൊഴിലാളി സ്ത്രീകളുടെ തൊഴിൽ സംരംഭങ്ങൾ, മത്സ്യവില്പനക്കാർക്ക് പലിശരഹിത വായ്പ, റിവോൾവിംഗ് ഫണ്ട്, കുടിവെള്ള പദ്ധതികൾ, സ്കൂളുകൾ, ആരോഗ്യ കേന്ദ്രങ്ങൾ, മത്സ്യമാർക്കറ്റുകളുടെ നവീകരണം തുടങ്ങിയവയാണ് പ്രധാനപ്പെട്ട പദ്ധതികൾ. ഇതിനുപുറമേ 13-ാം ധനകാര്യകമ്മീഷൻ അനുവദിച്ചിട്ടുള്ള 200 കോടി രൂപയ്ക്കുള്ള പദ്ധതികളുടെ രൂപരേഖയും തയ്യാറാക്കിവരുന്നു.<br>മത്സ്യത്തൊഴിലാളികളുടെ ക്ഷേമപെൻഷൻ 400 രൂപയായിട്ടുയർത്താനും സമ്പാദ്യ സമാശ്വാസ പദ്ധതി തുക ഇരട്ടിയാക്കാനും ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. തിരഞ്ഞെടുത്ത 25 മത്സ്യഗ്രാമങ്ങളിൽ 2011-12 സാമ്പത്തിക വർഷത്തിൽ പ്രത്യേക വികസന പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. പുതിയ മത്സ്യബന്ധന തുറമുഖങ്ങളുടെയും ലാന്റിംഗ് സെന്ററുകളുടെയും നിർമ്മാണവും ഉദ്ദേശിച്ചിട്ടുണ്ട്.<br>പദ്ധതിയിൻ കീഴിൽ കടലോര മേഖലയിൽ സുസ്ഥിരമായി ജീവിത നിലവാരം ഉയർത്തുന്നതിന് തീരമൈത്രി എന്ന പദ്ധതിയ്ക്ക് 2010-11 ൽ തുടക്കം കുറിച്ചിട്ടുണ്ട്. 2011-12-ൽ 400 ലക്ഷം രൂപയാണ് തീരമൈത്രി മിഷനു വേണ്ടി ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്. പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br>1) കേരളത്തിലെ മത്സ്യബന്ധന സമൂഹത്തിന്റെ ജീവിത നിലവാരം സുസ്ഥിരമായി ഉയർത്തുവാനുള്ള സംയോജിത വികസനം.<br>2) വൈവിധ്യമാർന്ന ജീവിത നിലവാരം |

| | |
|---|---|
| | പ്രോത്സാഹിപ്പിക്കുന്നതിനും മത്സ്യബന്ധന കുടുംബങ്ങളുടെ വരുമാന നിലവാരം വർദ്ധിപ്പിക്കുന്നതിനും മറ്റു ജീവിത മാർഗ്ഗങ്ങൾ മെച്ചപ്പെടുത്തുന്നതിനും.<br>3) കാര്യശേഷി വർദ്ധിപ്പിക്കുന്ന പരിപാടികൾ മുഖേന വൈദഗ്ധ്യം മെച്ചപ്പെടുത്തുന്നതിനും, പുതിയ ഉപജീവനവൈദഗ്ധ്യം നൽകുന്നതിനും.<br>4) കാര്യക്ഷമതയും ഗുണമേന്മയും വർദ്ധിപ്പിക്കുന്നതിനും സാങ്കേതിക വിദ്യയുടെ നവീകരണം ഊർജ്ജിതമാക്കുന്നതിനും. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നമ്പർ 204 — 18.02.2011 ൽ മറുപടിക്ക്

# സ്റ്റേഷനറി വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.എം.മോനായി<br>ശ്രീ.പി.വിശ്വൻ<br>ശ്രീ.വി.ശശികുമാർ<br>ശ്രീ.എം.ഹംസ | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) സ്റ്റേഷനറി വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (എ) എസ്റ്റാബ്ലിഷ്മെന്റ്, അക്കൗണ്ടിംഗ് വിഭാഗങ്ങളിൽ കമ്പ്യൂട്ടറൈസേഷൻ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. സ്റ്റേഷനറി വകുപ്പിനെ ദേശീയ ഇ-ഗവേണൻസ് പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആസ്ഥാന കാര്യാലയത്തിൽ ബയോമെട്രിക് പഞ്ചിംഗ് മെഷീൻ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ ഇ-മിസ്റ്റ് സോഫ്ട്വെയർ (ഇലക്ട്രോണിക് മാനേജ്മെന്റ് ആന്റ് ഇൻഫർമേഷൻ സിസ്റ്റം ഫോർ സ്റ്റേഷനറി ഡിപ്പാർട്ടുമെന്റ്) മുഖാന്തിരം വിതരണ മേഖല കമ്പ്യൂട്ടർവൽക്കരിക്കുന്ന ജോലി അന്തിമ ഘട്ടത്തിലാണ്. |
| (ബി) വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയായിട്ടുണ്ടോ ; | (ബി) ഇല്ല. |

(. . . . . . .2)

(സി) സ്റ്റേഷനറി സാധനങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) സ്റ്റോർ പർച്ചേസ് മാന്വലിലെ എല്ലാ നിബന്ധനകളും പാലിച്ചുകൊണ്ട്, പേപ്പർ, മറ്റു സ്റ്റേഷനറി സാധനങ്ങൾ എന്നിവ ദർഘാസ് മുഖാന്തിരമാണ് വാങ്ങുന്നത്. ദർഘാസിനോടൊപ്പം ലഭിക്കുന്ന സാമ്പിളുകൾ പേപ്പർ ടെസ്റ്റിംഗ് ലബോറട്ടറിയിൽ പരിശോധിച്ച് ദർഘാസ് പ്രകാരമുള്ള സ്പെസിഫിക്കേഷനിലുള്ളവയ്ക്കു മാത്രമേ സപ്ലൈ ഓർഡർ നൽകാറുള്ളു. ഡി.ജി.എസ്.&ഡി റേറ്റ് കോൺട്രാക്ട് പ്രകാരം വാങ്ങുന്ന പേപ്പർ ഇനങ്ങൾക്ക് ഡി.ജി.എസ്.&ഡി. യുടെ ക്വാളിറ്റി അഷ്വറൻസ് ശാഖയുടെ ഇൻസ്പെക്ഷൻ റിപ്പോർട്ട് നിർബന്ധമാക്കിയിട്ടുണ്ട്. നടപടിക്രമങ്ങൾ കൂടുതൽ സുതാര്യമാക്കുന്നതിന് ഇ-പ്രൊക്യൂർമെന്റ് സിസ്റ്റം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) ഈ വർഷം എത്ര ടൈപ്പ്റൈറ്ററുകൾ വാങ്ങി എന്ന് വെളിപ്പെടുത്തുമോ ;

(ഡി) വാങ്ങിയിട്ടില്ല.

(ഇ) വാറന്റി കഴിഞ്ഞ കമ്പ്യൂട്ടറുകൾ റിപ്പയർ ചെയ്യുന്നതിന് വകുപ്പിലെ വർക്ക്ഷോപ്പ് മെക്കാനിക്കുകൾക്ക് പരിശീലനം നൽകുമോ ?

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ

<u>പന്ത്രണ്ടാം കേരള നിയമസഭ</u>

<u>പതിനേഴാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: T * 205 — 18-02-2011 ൽ മറുപടിക്ക്

<u>ഭൂമിയുടെ ന്യായവില</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. ടി.പി. കുഞ്ഞുണ്ണി:<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ:<br>ശ്രീ. എസ്. രാജേന്ദ്രൻ:<br>ശ്രീ. ബി. രാഘവൻ: | ശ്രീ. എസ്. ശർമ്മ<br>(ഫിഷറീസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഭൂമിയുടെ ന്യായ വില നിശ്ചയിച്ച് ഉത്തരവായത് എന്നാണ്; | (എ) 06-03-2010 ലെ കേരള ഗസറ്റ് (അസാധാരണം) 515 നമ്പരായാണ് സംസ്ഥാനത്തെ 21 റവന്യൂ ഡിവിഷ ണൽ അതിർത്തിയിലേയും ഭൂമിയുടെ അന്തിമ ഫെയർവാല്യൂ വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുള്ളത്. |
| (ബി) ന്യായവില നടപ്പാക്കിയതോ ടൊപ്പം സ്റ്റാമ്പ് ഡ്യൂട്ടിയിൽ കുറവ് വരു ത്തിയിട്ടുണ്ടോ; | (ബി) ന്യായവില നടപ്പിൽ വരുത്തിയ തോടൊപ്പം, കേരള ഫിനാൻസ് ആക്റ്റ്, 2010 പ്രകാരം 1959 ലെ കേരള മുദ്രപത്ര നിയമത്തിൽ വരുത്തിയ ഭേദഗതി അനു സരിച്ച്, 01-04-2010 മുതൽ മുദ്രവില നിര ക്കിൽ കുറവ് വരുത്തിയിട്ടുണ്ട്. |
| (സി) പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിൽ നിലവി ലുണ്ടായിരുന്നതും പുതുക്കി നിശ്ചയിച്ച തുമായ നികുതി നിരക്ക് വ്യക്തമാ ക്കുമോ; | (സി) |

| ലോക്കൽ ബോഡി | 01-4-2010 നു മുമ്പ് നിലവി ലുണ്ടായി രുന്ന മുദ്ര വില നിരക്ക് | 01-4-2010 നു ശേഷമു ള്ള മുദ്ര വില നിരക്ക് |
|---|---|---|
| പഞ്ചായത്ത് | 10% | 7% |
| മുനിസിപ്പാ ലിറ്റി | 12.5% | 8% |
| കോർപ്പറേ ഷൻ | 13.5% | 9% |

| | |
|---|---|
| (ഡി) കുടുംബാംഗങ്ങൾ തമ്മിലുള്ള വസ്തുകൈമാറ്റങ്ങൾക്ക് എന്തെല്ലാം ഇളവുകളാണ് നൽകിയിട്ടുള്ളത്; | (ഡി) കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗ പത്രം, ദാനം, ഒഴിമുറി, ധനനിശ്ചയം എന്നീ ആധാരങ്ങൾക്ക് മുദ്രവിലയിലും രജിസ്ട്രേഷൻ ഫീസിലും ഇളവുകൾ നൽകിയിട്ടുണ്ട്. |

(ഇ) വീടുവയ്ക്കുന്നതിനായി സ്ഥലം വാങ്ങുന്ന ആദിവാസികൾക്കും മറ്റ് താഴ്ന്ന വിഭാഗക്കാർക്കും സ്റ്റാമ്പ് ഡ്യൂട്ടിയിലും മറ്റും എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിയിട്ടുളളത്;

(ഇ) പട്ടികവർഗ്ഗ വിഭാഗത്തിൽപെടുന്ന ആൾക്കാർക്ക് വീട് വയ്ക്കുന്ന ആവശ്യത്തിലേക്കായി 5 സെന്റിൽ താഴെ ഭൂമി വാങ്ങുന്നതിന് ആവശ്യമായ മുദ്രവില 27-03-2010 ലെ ജി.ഒ (എം.എസ്) 86/10/റ്റി.ഡി നമ്പർ സർക്കാർ ഉത്തരവനുസരിച്ച് ഒഴിവാക്കി നൽകിയിട്ടുണ്ട്. കൂടാതെ, ദാരിദ്ര രേഖയ്ക്ക് താഴെയുള്ള പട്ടിക വർഗ്ഗക്കാർ അവരുടെ കുടുംബാംഗങ്ങൾക്കിടയിൽ നടത്തുന്ന ഭാഗപത്രാധാരങ്ങൾക്ക് ആവശ്യമായ മുദ്രവില 100 രൂപയായും, രജിസ്ട്രേഷൻ ഫീസ് 1% മായും കുറച്ചുകൊണ്ട് 04-08-2010 ലെ ജി.ഒ. (പി) 201/2010/റ്റി.ഡി, ജി.ഒ. (പി) 202/2010/റ്റി.ഡി എന്നീ നമ്പർ സർക്കാർ ഉത്തരവുകൾ പ്രകാരം ഇളവ് അനുവദിച്ചിട്ടുണ്ട്.

(എഫ്) ഭൂമിക്ക് ന്യായവില നിശ്ചയിച്ചതിനുശേഷം സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിലുളള വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

(എഫ്) ന്യായവില നിർണ്ണയിച്ച ശേഷം സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിലും രജിസ്ട്രേഷൻ ഫീസിനത്തിലുമുളള റവന്യൂ വരുമാനത്തിൽ മിതമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. 206 — 18.2.2010 ൽ മറുപടിയ്ക്ക്

## വയനാട് ജില്ലയ്ക്കായി പ്രത്യേക പാക്കേജ്

**ചോദ്യം**

ശ്രീമതി കെ.കെ. ലതിക
ശ്രീ. പി കൃഷ്ണ പ്രസാദ്
" കെ.സി. കുഞ്ഞി രാമൻ
" ജോർജ് എം. തോമസ്

**ഉത്തരം**

ശ്രീ. പാലോളി മുഹമ്മദ് കുട്ടി.
(തദ്ദേശ സ്വയം ഭരണ വകുപ്പു മന്ത്രി.)

| | | | |
|---|---|---|---|
| (എ) | പ്രധാനമന്ത്രിയുടെ പതിനഞ്ചിന പരിപാടിയിൽ ഉൾപ്പെടുത്തുന്നതിനായി വയനാട് ജില്ലയ്ക്കായി പ്രത്യേക പാക്കേജ് തയ്യാറാക്കി കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോ; | (എ) | രാജ്യത്ത് ന്യൂനപക്ഷങ്ങൾ കൂടുതലായി താമസിക്കുന്നതും പിന്നോക്ക അവസ്ഥയുള്ളതുമായ 90 ജില്ലകളെ തെരഞ്ഞെടുത്ത് ഈ ജില്ലകളുടെ സമഗ്ര വികസനത്തിനുള്ള സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി കേന്ദ്ര ഗവണ്മെന്റ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന മൾട്ടി സെക്ടറൽ ഡെവലപ്മെന്റ് പ്രോഗ്രാം പ്രകാരം കേരളത്തിൽ നിന്നും വയനാട് ജില്ലയെ തെരഞ്ഞെടുക്കുകയും അതനുസരിച്ച് ജില്ലയുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി പ്രത്യേക പാക്കേജ് തയ്യാറാക്കി കേന്ദ്രത്തിന് സമർപ്പിച്ചിട്ടുമുണ്ട്. |
| (ബി) | പാക്കേജിന്റെ വിശദാംശം നൽകുമോ; | (ബി) | മൾട്ടി സെക്ടറൽ ഡെവലപ്മെന്റ് പ്രോഗ്രാം പദ്ധതിയിൽ ഉൾപ്പെട്ട ജില്ലകളിൽ നടത്തിയ അടിസ്ഥാന സ്ഥിതിവിവര സർവ്വേയിൽ കണ്ടെത്തിയ 'വികസന വിടവുകൾ' നികത്തുന്നതിനുള്ള പദ്ധതികളാണ് ഈ പരിപാടിയിൽ കേന്ദ്ര സഹായത്തിനായി പരിഗണിക്കുന്നത്. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ജനങ്ങളുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തി ദേശീയ ശരാശരിയിലേക്ക് ഉയർത്തിക്കൊണ്ടുവരുക എന്നതും പദ്ധതി ലക്ഷ്യമിടുന്നു. സ്കൂൾ വിദ്യാഭ്യാസത്തിനുള്ള മെച്ചപ്പെട്ട അടിസ്ഥാന സൗകര്യം, ശുചിത്വ പരിപാലനം, വാസയോഗ്യമായ വീട്, കുടിവെള്ളം, വൈദ്യുതി, ആരോഗ്യം തുടങ്ങിയ മേഖലകളിൽ ആസ്തികകളുടെ നിർമ്മാണം, ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്കായുള്ള വരുമാനദായ പ്രവൃത്തികൾ തുടങ്ങിയവയ്ക്കാണ് പദ്ധതിയിൽ പ്രാമുഖ്യം നൽകുന്നത്. 2009-12 ആണ് പദ്ധതിയുടെ പൂർത്തികരണ കാലാവധി. ഈ പദ്ധതി പ്രകാരം കേരളത്തിൽ നിന്നും തെരെഞ്ഞെടുക്കപ്പെട്ട വയനാട് ജില്ലയുടെ സമഗ്ര വികസനത്തിനായി വിവിധ മേഖലകളിലായി (കൃഷി, |

| | | | |
|---|---|---|---|
| | | | മൃഗസംരക്ഷണം, ക്ഷീര വികസനം, മത്സ്യബന്ധനം, വിദ്യാഭ്യാസം, തൊഴിലും സ്ത്രീ ശാക്തീകരണവും, പ്രാദേശിക വിജ്ഞാന കേന്ദ്രങ്ങളുടെ നിർമ്മാണം, അറവുശാല നവീകരണം, ആരോഗ്യം, അടിസ്ഥാന സൗകര്യ വികസനം, കുടിവെള്ളം) പദ്ധതികൾ തയ്യാറാക്കി കേന്ദ്ര ഗവണ്മെന്റിന്റെ അംഗീകാരത്തിനായി സമർപ്പിച്ചു. |
| (സി) | എത്ര കോടി രൂപയുടെ പാക്കേജാണ് സമർപ്പിച്ചിട്ടുള്ളത്; | (സി) | 2481 ലക്ഷം രൂപയുടെ നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചു. |
| (ഡി) | ഏതെല്ലാം പദ്ധതികൾക്ക് അംഗീകാരം ലഭിച്ചു; പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതിന് എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; | (ഡി) | കേന്ദ്ര സർക്കാരിന് സമർപ്പിച്ച പദ്ധതികളിൽ 10 ആരോഗ്യ ഉപ കേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള 180 ലക്ഷം (85:15 കേന്ദ്ര സംസ്ഥാന വിഹിതം) രൂപയുടെ പദ്ധതി, ജില്ലയിലെ 23 സ്കൂളുകളിലായി 38 ക്ലാസ് മുറികൾ നിർമ്മിക്കുന്നതിനും ലാബോറട്ടറികൾ സ്ഥാപിക്കുന്നതിനുമായുള്ള 349.98 ലക്ഷം (65:35 കേന്ദ്ര സംസ്ഥാന വിഹിതം) രൂപയുടെ പദ്ധതി, ജില്ലയിലെ ന്യൂനപക്ഷ ആധിക്യമുള്ള മൂന്നു വില്ലേജുകളിൽ കുടിവെള്ളത്തിനുള്ള 1380 ലക്ഷം (75:25 കേന്ദ്ര സംസ്ഥാന വിഹിതം) രൂപയുടെ പദ്ധതി എന്നീ പദ്ധതികൾക്ക് അംഗീകാരം ലഭിച്ചു. ഈ പദ്ധതികൾക്ക് യഥാക്രമം 76.50 ലക്ഷം രൂപയും 113.74 ലക്ഷം രൂപയും 517.5 ലക്ഷം രൂപയും ആദ്യഗഡുവായി ലഭിച്ചിട്ടുണ്ട്. കൂടാതെ മേപ്പാടി ഗവ. പോളിടെക്നിക്കിനുള്ള ലാബോറട്ടറി സൗകര്യങ്ങൾക്കുള്ള 75 ലക്ഷം (മുഴുവൻ തുകയും കേന്ദ്ര വിഹിതം) രൂപയുടെ പദ്ധതിക്ക് തത്ത്വത്തിൽ അംഗീകാരവും ലഭിച്ചിട്ടുണ്ട്. |
| (ഇ) | പദ്ധതി നടപ്പാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ? | (ഇ) | നിർദ്ദിഷ്ട കാലാവധിയ്ക്കുള്ളിൽ പദ്ധതി പൂർത്തീകരിയ്ക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.

## വിശദീകരണക്കുറിപ്പ്

രാജ്യത്ത് ന്യൂനപക്ഷങ്ങൾ കൂടുതലായി താമസിക്കുന്നതും പിന്നോക്ക അവസ്ഥയുള്ളതുമായ 90 ജില്ലകളെ തെരഞ്ഞെടുത്ത് ഈ ജില്ലകളുടെ സമഗ്ര വികസനത്തിനുള്ള സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി കേന്ദ്ര ഗവണ്മെന്റ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് മൾട്ടി സെക്ടറൽ ഡെവലപ്മെന്റ് പ്രോഗ്രാം. പദ്ധതിയിൽ ഉൾപ്പെട്ട ജില്ലകളിൽ നടത്തിയ അടിസ്ഥാന സ്ഥിതിവിവര സർവ്വേയിൽ കണ്ടെത്തിയ 'വികസന വിടവുകൾ' നികത്തുന്നതിനുള്ള പദ്ധതി കളാണ് ഈ പരിപാടിയിൽ കേന്ദ്ര സഹായത്തിനായി പരിഗണിക്കുന്നത്. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ജനങ്ങളുടെ ജീവിത സാഹചര്യങ്ങൾ മെച്ച പ്പെടുത്തി ദേശീയ ശരാശരിയിലേക്ക് ഉയർത്തിക്കൊണ്ടുവരുക എന്നതും പദ്ധതി ലക്ഷ്യമിടുന്നു. സ്കൂൾ വിദ്യാഭ്യാസത്തിനുള്ള മെച്ചപ്പെട്ട അടിസ്ഥാന സൗകര്യം, ശുചിത്വ പരിപാലനം, വാസയോഗ്യമായ വീട്, കുടിവെള്ളം, വൈദ്യുതി, ആരോഗ്യം തുടങ്ങിയ മേഖലകളിൽ ആസ്തികകളുടെ നിർമ്മാണം, ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്കായുള്ള വരുമാനദായ പ്രവൃത്തികൾ തുടങ്ങിയവയ്ക്കാണ് പദ്ധതിയിൽ പ്രാമുഖ്യം നൽകുന്നത്. 2009-12 ആണ് പദ്ധതിയുടെ പൂർത്തികരണ കാലാവധി. ഈ പദ്ധതി പ്രകാരം കേരളത്തിൽ നിന്നും വയനാട് ജില്ലയെ മാത്രമാണ് . തെരഞ്ഞെടുത്തിട്ടുള്ളത്. ജില്ലയ്ക്ക് പദ്ധതി പ്രകാരം 1500 ലക്ഷം രൂപയാണ് കേന്ദ്ര ധനസഹായമായി നീക്കിവച്ചിട്ടുള്ളത്.

കേന്ദ്ര ഗവണ്മെന്റിന്റെ നിർദ്ദേശ പ്രകാരം ഇന്ത്യൻ കൗൺസിൽ ഫോർ സോഷ്യൽ സയൻസ് റിസർച്ച് എന്ന സ്ഥാപനം നടത്തിയ സർവേയുടെ അടിസ്ഥാനത്തിൽ വിവധ മേഖലകളിലായി (കൃഷി, മൃഗസംരക്ഷണം, ക്ഷീര വികസനം, മത്സ്യബന്ധനം, വിദ്യാഭ്യാസം, തൊഴിലും സ്ത്രീ ശാക്തീകരണവും, പ്രാദേശിക വിജ്ഞാന കേന്ദ്രങ്ങളുടെ നിർമ്മാണം, അറവുശാല നവീകരണം, ആരോഗ്യം, അടിസ്ഥാന സൗകര്യ വികസനം, കുടിവെള്ളം) 2417 ലക്ഷം രൂപയുടെ പദ്ധതി നിർദ്ദേശങ്ങൾ 2009- ൽ കേന്ദ്ര ഗവണ്മെന്റിന്റെ അംഗീകാര ത്തിനായി സമർപ്പിച്ചു. തുടർന്ന് കേന്ദ്ര ഗവണ്മെന്റിന്റെ നിർദ്ദേശ പ്രകാരം 2481 ലക്ഷം രൂപയുടെ പുതുക്കിയ പദ്ധതി നിർദ്ദേശങ്ങൾ 2010- ൽ കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചു.

വയനാട് ജില്ലയിലെ ന്യൂനപക്ഷങ്ങളുടെ സർവ്വതോൻമുഖമായ ഉന്നമനം ലക്ഷ്യം വച്ചുകൊണ്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ച പദ്ധതികളിൽ 10 ആരോഗ്യ ഉപ കേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള 180 ലക്ഷം രൂപയുടെ പദ്ധതിയ്ക്ക് കേന്ദ്രം അംഗീകാരം നൽകുകയുണ്ടായി. 85:15 അനുപാതത്തിൽ കേന്ദ്രവും സംസ്ഥാനവും ധനവിനിയോഗം നടത്തേണ്ട ഈ പദ്ധതിക്ക് 153 ലക്ഷം രൂപയാണ് കേന്ദ്ര ധനസഹായമായി ലഭിക്കുക. ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തന ങ്ങൾ ആരംഭിക്കുന്നതിനായി ഇതിനോടകം 91 ലക്ഷം രൂപ (76.50 കേന്ദ്ര വിഹിതവും 14.50 ലക്ഷം സംസ്ഥാന വിഹിതം) ജില്ലാ കളക്ടർക്ക് കൈമാറിക്കഴിഞ്ഞു. ടി പദ്ധതി ആരോഗ്യ വകുപ്പ്, NRHM എന്നീ വകുപ്പുകൾ മുഖാന്തിരം നടപ്പാക്കി വരുന്നു.

ജില്ലയിലെ 23 സ്ക്കൂളുകളിലായി 38 ക്ലാസ് മുറികൾ നിർമ്മിക്കുന്നതിനും ലാബോട്ടറികൾ സ്ഥാപിക്കുന്നതിനുമായുള്ള 349.98 ലക്ഷം രൂപയുടെ പദ്ധതി യാണ്. കേന്ദ്ര ഗവണ്മെന്റ് അംഗീകരിച്ച മറെറാരു പദ്ധതി. 65:35 എന്ന അനുപാതത്തിൽ കേന്ദ്രവും സംസ്ഥാനവും ധനവിനിയോഗം നടത്തേണ്ട

ഈ പദ്ധതിക്ക് 227. 49 ലക്ഷം രൂപയാണ് കേന്ദ്ര ധനസഹായമായി ലഭിക്കുക. അതിൽ 113.74 ലക്ഷം രൂപ ആദ്യഗഡുവായി കേന്ദ്ര ഗവണ്മെന്റ് അനുവദിച്ചിട്ടുണ്ട്. ഗവ. ഉത്തരവ് (എം. എസ്) 29/11/ജി.എ.ഡി തീയതി 28.1.2011 പ്രകാരം പദ്ധതിക്ക് ഭരണാനുമതി നല്കുകയും ടി പ്രോജക്ട് പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും ഡെപ്യൂട്ടി ഡയറക്ടർ, എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ്, വയനാട്-നെ നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. ഇതിനുള്ള തുക ബഡ്ജററിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കേന്ദ്ര ഗവണ്മെന്റ് അംഗീകരിച്ച മറെറാരു പദ്ധതി ന്യൂനപക്ഷ ആധിക്യമുള്ള മൂന്ന് വില്ലേജുകളിൽ കുടിവെള്ളത്തിനുള്ള പ്രോജക്ടാണ്. 1380 ലക്ഷം രൂപ അടങ്കൽ തുക വരുന്ന പദ്ധതി 75:25 അനുപാതത്തിൽ കേന്ദ്രവും സംസ്ഥാനവും ധനവിനിയോഗം നടത്തുന്നതാണ്. ഈ പദ്ധതിക്ക് 1035 ലക്ഷം രൂപയാണ് കേന്ദ്ര ധനസഹായമായി ലഭിക്കുക. അതിൽ 517.5 ലക്ഷം രൂപ ആദ്യഗഡുവായി കേന്ദ്ര ഗവണ്മെന്റ് അനുവദിച്ചിട്ടുണ്ട്. ഗവ. ഉത്തരവ് (എം.എസ്)46/11/ജി.എ.ഡി തീയതി 8/2/11 പ്രകാരം പദ്ധതിക്ക് ഭരണാനുമതി നൽകുകയും ടി പ്രോജക്ട് പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിററി, കോഴിക്കോട്-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനുള്ള തുക ബഡ്ജററിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ഇതു കൂടാതെ 75 ലക്ഷം രൂപ അടങ്കൽ തുകയ്ക്കുള്ള മേപ്പാടി ഗവണ്മെന്റ് പോളിടെക്നിക്കിനുള്ള ലാബോറട്ടറി സൗകര്യങ്ങൾക്കുള്ള പദ്ധതിക്ക് തത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്. ടി പദ്ധതി സംബന്ധിച്ച വിശദമായ പ്രൊപ്പോസൽ കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്. കേന്ദ്രത്തിന്റെ അനുമതി ലഭിച്ചാൽ ഉടൻ തന്നെ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് മുഖാന്തിരം പദ്ധതി നടപ്പിലാക്കുന്നതാണ്.

11-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ ജില്ലയ്ക്കായി അനുവദിച്ച 1500 ലക്ഷം രൂപ പൂർണ്ണമായും ജില്ലയ്ക്ക് മേൽ പദ്ധതികൾ പ്രകാരം അനുവദിച്ചിട്ടുണ്ട്. ഇതു കൂടാതെ കേന്ദ്രം നിർദ്ദേശിച്ച പ്രകാരം മീനങ്ങാടി പോളിടെക്നിക്കിന്റേയും, കൽപ്പററ ഗവണ്മെന്റ് ഐ.ററി.ഐയുടേയും വികസനത്തിനായി പദ്ധതികൾ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്.

നിർദ്ദിഷ്ട കാലാവധിയ്ക്കുള്ളിൽ പദ്ധതി പൂർത്തീകരിക്കുന്നതിനായി കളക്ടറുടേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടേയും യോഗം 3/11/10, 4/2/11 എന്നീ തീയതികളിൽ വിളിച്ചുകൂട്ടുകയും പദ്ധതിയുടെ അടിയന്തിര നടത്തിപ്പിനായി നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : 207 — 18/02/2011-ലെ മറുപടിയ്ക്ക്

## മുനിസിപ്പൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ ഗ്രാമപഞ്ചായത്തുകൾക്കും ബാധകമാക്കികൊണ്ട് ഉത്തരവ്

### ചോദ്യം

ശ്രീ. എം.എ.വാഹീദ്
ശ്രീ. തേറമ്പിൽരാമകൃഷ്ണൻ
ശ്രീ.ജോർജ് മേഴ്സിയർ
ശ്രീ.പി.സി.വിഷ്ണുനാഥ്

### ഉത്തരം

ശ്രീ. പാലോളി മുഹമ്മദ് കുട്ടി
(തദ്ദേശ സ്വയംഭരണവും ഗ്രാമ വികസനവും വകുപ്പു മന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ മുനിസിപ്പൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ ഗ്രാമപഞ്ചായത്തുകൾക്കും ബധകമാക്കികൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; | (എ) | 06/06/2007-ലെ ജി.ഒ (എം.എസ്) നം.150/2007/തസ്വഭവ നമ്പർ വിജ്ഞാപന പ്രകാരം എല്ലാ ഗ്രാമപഞ്ചായത്തുകളിലും 1999-ലെ കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ബാധകമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഉത്തരവ് പുറപ്പെടുവിക്കാനുണ്ടായ സാഹചര്യങ്ങൾ എന്തായിരുന്നു എന്ന് വിശദമാക്കുമോ; | (ബി) | കേരളത്തിലെ ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ അനിയന്ത്രിതവും ആസൂത്രിതമല്ലാത്തതുമായ നിർമ്മാണ പ്രവർത്തനങ്ങൾ മൂലം സംസ്ഥാനത്തിന്റെയും ഗ്രാമപഞ്ചായത്തുകളുടെയും ഭാവി വികസനത്തെ ദോഷകരമായി ബാധിക്കുമെന്നുള്ളതുകൊണ്ടാണ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് മതിയായ നിയന്ത്രണം ഏർപ്പെടുത്തുന്നതിനു വേണ്ടി 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ബാധകമാക്കി 06/06/2007-ൽ ഉത്തരവായത്. |
| (സി) | പ്രസ്തുത നടപടി പുനപരിശോധിക്കണമെന്ന നിർദ്ദേശം പരിഗണിക്കുകയുണ്ടായോ; എങ്കിൽ പ്രസ്തുത ഉത്തരവ് പിൻവലിച്ചുവോ എന്ന് വ്യക്തമാക്കുമോ; | (സി) | പ്രസ്തുത ഉത്തരവ് പിൻവലിച്ചുകൊണ്ട് പഞ്ചായത്തുകൾക്ക് മാത്രമായി 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്തെ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും വീട് നിർമ്മിക്കാനുള്ള കെട്ടിട നിർമ്മാണ ലൈസൻസ് ലഭ്യമാകുന്നതിലെ തടസ്സങ്ങൾ നീക്കാൻ എന്തൊക്കെ നിർദ്ദേശങ്ങളാണ് നല്കിയിട്ടുള്ളത് എന്നറിയിക്കുമോ; | (ഡി) | കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 13, 14 എന്നിവയിൽ കെട്ടിട നിർമ്മാണാനുമതി നൽകുന്നതിനുള്ള സമയപരിധി നിശ്ചയിച്ചിട്ടുണ്ട്. പലപ്പോഴും ഈ സമയപരിധി പാലിക്കാത്തത് മൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് |

കാലതാമസം ഒഴിവാക്കി, നിശ്ചിത സമയ പരിധിക്കുള്ളിൽ കുറ്റമറ്റ രീതിയിൽ നിർമ്മാണാനുമതി നൽകുന്ന തിലേയ്ക്കായി 27/06/2010-ലെ 36587/ആർ.എ1/2009/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം നഗരസഭകൾക്കും 23/12/2010-ലെ 36587 (1)/ആർ.എ.1/09/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം ഗ്രാമ പഞ്ചായത്തുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ലഭി ക്കുന്ന കെട്ടിട നിർമ്മാണ അപേക്ഷ കളിൻമേൽ ഓരോ ഉദ്യോഗസ്ഥനും അപേക്ഷ പരിശോധിച്ചു തീരുമാനം എടുക്കുന്നതിനുള്ള സമയ പരിധി നിശ്ചയിച്ചുകൊണ്ട് 15/09/2010-ലെ 71395/ആർ.എ.2/2009/തസ്വഭവ നമ്പരായി ഒരു സർക്കുലറും പുറപ്പെടുവിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാ ണാനുമതി നൽകുന്നതിലെ കാല താമസം, അഴിമതി എന്നിവ ഒഴിവാക്കു ന്നതിനായി തിരുവനന്തപുരം നഗരസഭയിൽ ഇതിനോടകം തന്നെ ഓൺലൈൻ സംവിധാനം ഏർപ്പെടു ത്തുകയും ചെയ്തിട്ടുണ്ട്. 150 ച.മീറ്റർ വരെ പ്ലിന്ത് ഏരിയായുള്ള റെസിഡൻഷ്യൽ കെട്ടിടങ്ങൾക്ക് അപേക്ഷ സ്ക്രൂട്ടിനി ചെയ്യുന്ന ദിവസം തന്നെ നിയമാനുസൃതമെന്ന് കണ്ടാൽ പെർമിറ്റ് നൽകുന്ന തിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇടനിലക്കാർ മൂലമുള്ള അഴിമതി തടയുന്നതിന് കെട്ടിട നിർമ്മാണാ നുമതി, ഒക്കുപെൻസി സർട്ടിഫിക്കറ്റ് എന്നിവ തപാൽ മുഖേന അപേക്ഷകർക്ക് അയച്ചു കൊടു ക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) ഇതിനായി അദാലത്തുകൾ നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാ ക്കുമോ?

(ഇ) നിർമ്മാണം പൂർത്തീകരിച്ച കെട്ടിട ങ്ങൾക്ക് കെട്ടിട നമ്പർ നൽകുന്നതിൽ കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധ യിൽപ്പെട്ടതിനെ തുടർന്ന് വിപുലമായ പ്രചാരണം നടത്തി 2011 ജനുവരി 31 മുതൽ ഫെബ്രുവരി 5-ാം തീയതി വരെ ജില്ലാ തലത്തിൽ ജില്ലാ ടൗൺ പ്ലാനർമാരുടെയും പഞ്ചായത്തുതല ത്തിൽ ഡെപ്യൂട്ടി ഡയറക്ടർമാരു ടെയും നേതൃത്വത്തിൽ അദാലത്തുകൾ സംഘടിപ്പിക്കുകയും നിയമാനുസൃത നിർമ്മാണം പൂർത്തിയാക്കിയ കെട്ടിട ങ്ങൾക്ക് നമ്പർ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : 208 — 18/02/2011-ലെ മറുപടിയ്ക്ക്

## കെട്ടിട നിർമ്മാണ വ്യവസ്ഥകളിൽ മാറ്റങ്ങൾ വരുത്തണമെന്ന നിർദ്ദേശം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വി.ഡി.സതീശൻ<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.എൻ ശക്തൻ<br>ശ്രീ. കെ.അച്ചുതൻ | | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമ വികസനവും വകുപ്പു മന്ത്രി) |
| (എ) നിലവിലുള്ള കെട്ടിട നിർമ്മാണ വ്യവസ്ഥകളിൽ എന്തൊക്കെ മാറ്റങ്ങൾ ആണ് വരുത്തണമെന്ന നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളത്; | (എ)<br>(ബി) | 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ തന്നെയാണ് ഗ്രാമപ്രദേശങ്ങളിലും ബാധകമായിരുന്നത്. പഞ്ചായ ത്തുകൾക്ക് മാത്രമായി കെട്ടിട നിർമ്മാണ ചട്ടങ്ങൾ രൂപീകരിക്കാനായി 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. |
| (ബി) ഗ്രാമപ്രദേശങ്ങൾക്ക് പ്രത്യേകമായ കെട്ടിട നിർമ്മാണ ചട്ടങ്ങൾ ഏർപ്പെടുത്തുന്നതിനായി പഞ്ചായത്ത്രാജ് ആക്ടിലെ വ്യവസ്ഥകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ; | | 1999-ലെ 13-ാം ആക്ട് പ്രകാരം, പഞ്ചായത്തു പ്രദേശങ്ങൾക്കായി കെട്ടിട നിർമ്മാണ ചട്ടങ്ങൾ രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്തു കൊണ്ട് കേരള പഞ്ചായത്ത്രാജ് ആക്ട് 235 A വകുപ്പിന് ആവശ്യമായ ഭേദഗതികൾ വരുത്തിയിട്ടുണ്ട്. |
| (സി) കെട്ടിട നിർമ്മാണ അനുമതി നൽകുന്നതിലെ കാലതാമസവും അഴിമതിയും ഇല്ലാതാക്കുന്നതിന് ഇപ്പോൾ എന്തൊക്കെ സംവിധാനങ്ങളാണുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) | കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 13, 14 എന്നിവയിൽ കെട്ടിട നിർമ്മാണാനുമതി നൽകുന്നതിനുള്ള സമയ പരിധി നിശ്ചയിച്ചിട്ടുണ്ട്. പലപ്പോഴും ഈ സമയപരിധി പാലിക്കാത്തത് മൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടതിനെ തുടർന്ന് കാലതാമസം ഒഴിവാക്കി, നിശ്ചിത സമയ പരിധിക്കുള്ളിൽ കുറ്റമറ്റ രീതിയിൽ നിർമ്മാണാനുമതി നൽകുന്നതിലേയ്ക്കായി 27/06/2010-ലെ 36587/ആർ.എ1/2009/തസ്വഭവ നമ്പർ സർക്കുലർ |

പ്രകാരം നഗരസഭകൾക്കും 23/12/2010-ലെ 36587(1)/ആർ.എ.1/09/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം ഗ്രാമ പഞ്ചായത്തുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ലഭിക്കുന്ന കെട്ടിട നിർമ്മാണ അപേക്ഷകളിൻമേൽ ഓരോ ഉദ്യോഗസ്ഥനും അപേക്ഷ പരിശോധിച്ചു തീരുമാനം എടുക്കുന്നതിനുള്ള സമയ പരിധി നിശ്ചയിച്ചുകൊണ്ട് 15/09/2010-ലെ 71395/ആർ.എ.2/2009/തസ്വഭവ നമ്പരായി ഒരു സർക്കുലറും പുറപ്പെടുവിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണാനുമതി നൽകുന്നതിലെ കാലതാമസം, അഴിമതി എന്നിവ ഒഴിവാക്കുന്നതിനായി തിരുവനന്തപുരം നഗര സഭയിൽ ഇതിനോടകം തന്നെ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 150 ച.മീറ്റർ വരെ പ്ലിന്ത് ഏരിയായുള്ള റെസിഡൻഷ്യൽ കെട്ടിടങ്ങൾക്ക് അപേക്ഷ സ്ക്രൂട്ടിനി ചെയ്യുന്ന ദിവസം തന്നെ നിയമാനുസൃതമെന്ന് കണ്ടാൽ പെർമിറ്റ് നൽകുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇടനിലക്കാർ മൂലമുള്ള അഴിമതി തടയുന്നതിന് കെട്ടിട നിർമ്മാണാനുമതി, ഒക്കുപെൻസി സർട്ടിഫിക്കറ്റ് എന്നിവ തപാൽ മുഖേന അപേക്ഷകർക്ക് അയച്ചു കൊടുക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഇത്തരം കെട്ടിട നിർമ്മാണ പെർമിറ്റുകൾ നൽകുന്നതിന് ഗ്രാമപ്രദേശങ്ങളിലേയും നഗരപ്രദേശങ്ങളിലേയും അപേക്ഷ തീർപ്പാക്കുന്നതിന് വ്യക്തമായ സമയ ക്രമീകരണം നടത്താൻ നടപടി സ്വീകരിക്കുമോ?

(ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ലഭിക്കുന്ന കെട്ടിട നിർമ്മാണാനുമതിക്കുള്ള അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കുന്നതിന് സമയ പരിധി നിശ്ചയിച്ചു കൊണ്ട് 15/09/2010-ലെ 71395/ആർ.എ2/2009/തസ്വഭവ നമ്പരായി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

സെക്ഷൻ ആഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 209

18-2-2011 ൽ
മറുപടിയ്ക്ക്

### കെ.റ്റി.ഡി.സി.യുടെ ഹോട്ടലുകളുടെ നവീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ടി.എ. റഹീം:<br>ശ്രീ. വി. ശിവൻകുട്ടി:<br>ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്:<br>ശ്രീ. സാജു പോൾ: | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) കെ.റ്റി.ഡി.സി.യുടെ കീഴിലുള്ള ഹോട്ടലുകൾ നവീകരിക്കുന്നതിനും കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | എ) 1. മൂന്നാറിൽ കൂടുതൽ സഞ്ചാരികൾക്ക് താമസിക്കാനായി 24 പുതിയ മുറികൾ തുറന്നു.<br>2. ആഭ്യന്തര-വിദേശ ബഡ്ജറ്റ് ടൂറിസ്റ്റുകൾക്ക് വേണ്ടി ഉദ്ദേശിച്ചിട്ടുള്ള യാത്രി നിവാസുകൾ നവീകരിച്ച് 'ടാമറിന്റ് ഈസി ഹോട്ടലുകൾ' എന്ന പേരിൽ റീബ്രാന്റ് ചെയ്തിട്ടുണ്ട്.<br>3. സഞ്ചാരികൾ വരുന്ന കുമരകത്തെ 'വാട്ടർസ്കേയ്പ്സി'-ലെ കോട്ടേജുകൾക്ക് മോടി കൂട്ടിയിട്ടുണ്ട്.<br>4. കുമരകം വിനോദസഞ്ചാര കേന്ദ്രത്തിന്റെ വികസനം ലക്ഷ്യമാക്കി കെ.ടി.ഡി.സി യുടെ നേതൃത്വത്തിൽ കുമരകം പക്ഷി സങ്കേത സംരക്ഷണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ടൂറിസ്റ്റുകൾക്ക് പക്ഷികളെക്കുറിച്ച് വിശദമായ അറിവ് ലഭ്യമാക്കുന്നതിന് പക്ഷി വ്യാഖ്യാന കേന്ദ്രവും പക്ഷിക്കൂട്ടങ്ങളെ നിരീക്ഷിക്കുന്നതിന് മൂന്ന് നിരീക്ഷണ ഗോപുരങ്ങളും ഉൾപ്പെടുന്നതാണ് കുമരകം പക്ഷി സംരക്ഷണ പദ്ധതി<br>5. വിദേശികൾ കൂടുതലായി എത്തിച്ചേരുന്ന കോവളത്തെ സമുദ്ര ഹോട്ടൽ നവീകരിച്ചു. ജി.വി. രാജാ ശതാബ്ദി സ്മാരക ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിന്റെ പ്രവർത്തനം ഉടൻ ആരംഭിക്കും. |

6. തിരുവനന്തപുരം മസ്ക്കറ്റ് ഹോട്ടലിലെ പഴയ കെട്ടിടത്തിലെ മുറികളുൾപ്പെടെ ഹെറിറ്റേജ് ബ്ളോക്കായി നവീകരിച്ചു.

7. മസ്ക്കറ്റ് ഹോട്ടലിൽ തന്നെ ടൂറിസ്റ്റുകൾക്ക് കേരളത്തിന്റെ തനതായ പ്രത്യേകിച്ച് സന്ധ്യയ്ക്ക് വിരിയുന്ന പൂക്കളെക്കുറിച്ച് മനസ്സിലാക്കാവുന്ന രീതിയിൽ 'സായാഹ്ന' എന്ന ഒരു 'ഓപ്പൺ എയർ റസ്റ്റോറന്റ് 'തുടങ്ങിയിട്ടുണ്ട്.

8. പൊൻമുടിയിലെ പഴയ 'കോട്ടേജുകൾ നവീകരിച്ച് 'ഗോൾഡൻ പീക്' എന്ന പേരിൽ പുനരാരംഭിച്ചു.

9. കെ.ടി.ഡി.സിയുടെ മോട്ടലുകളിലെ ടോയ്‌ലറ്റുകൾ നവീകരിച്ചു.

10. ഇന്ത്യയിലെ സാഹസിക നാവിക ടൂറിസത്തിന്റെ കേന്ദ്ര ബിന്ദുവായി കൊച്ചിയെ വികസിപ്പിക്കുന്നതിന്റെ ഭാഗമായി യാട്ടുകൾക്ക് പാർക്കുചെയ്യുവാനും അതിലെ മാലിന്യങ്ങൾ നീക്കം ചെയ്യുക, പവർ നല്കുക, ശുദ്ധജലം നിറയ്ക്കുക, അത്യാവശ്യ അറ്റകുറ്റ പണികൾ ചെയ്യുക, ഇന്ധനം നിറയ്ക്കൽ തുടങ്ങിയ സൗകര്യങ്ങളോടുകൂടിയ 34 ബർത്തുകളുള്ള ഒരു രാജ്യാന്തര മറീന കൊച്ചി കായലിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതോടൊപ്പം 24 മുറികളുള്ള 'മറീന ഹൗസ് ' എന്ന ആഡംബര റിസോർട്ടും അന്താരാഷ്ട്ര മറീനയുടെ ഭാഗമായി നിർമ്മിച്ചിട്ടുണ്ട്. ഇതിൽ യാട്ടുകളിൽ വരുന്ന സഞ്ചാരികൾക്കും, പുറത്തുനിന്നുവരുന്ന സഞ്ചാരികൾക്കും താമസിക്കാവുന്നതാണ്.

11. പറശ്ശിനിക്കടവ്, തിരുനെല്ലി, നിലമ്പൂർ, കൊണ്ടോട്ടി, മണ്ണാർക്കാട്, കാലടി, ഗുരുവായൂർ എന്നിവിടങ്ങളിൽ ടാമറിന്റ് ഹോട്ടലുകളും, സുൽത്താൻ ബത്തേരിയിൽ ഒരു ബഡ്ജറ്റ് ഹോട്ടലും തുടങ്ങി.

12. ചെന്നൈയിലെ കേരള ഹൗസ് പണി പൂർത്തിയാക്കി ഉദ്ഘാടനം ചെയ്തു.

| | |
|---|---|
| ബി) ഈ രംഗത്ത് സ്വകാര്യ മേഖലയുമായുള്ള മത്സരം നേരിടുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ചു എന്ന് വ്യക്തമാക്കുമോ; | ബി) സ്വകാര്യ മേഖലയുമായുള്ള മത്സരം നേരിടുന്നതിന് കെ.റ്റി.ഡി.സി. വിവിധ പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കിയിട്ടുണ്ട്. കെ.ടി.ഡി.സിയുടെ വിവിധ ഹോട്ടലുകളെ പ്രതിപാദിക്കുന്ന ബ്രോഷറുകളും മറ്റും ആവിഷ്ക്കരിച്ച് വിതരണം ചെയ്തുവരുന്നുണ്ട്. കെ.ടി.ഡി.സിയുടെ വെബ്സൈറ്റ് ആകർഷകമായി നവീകരിച്ച് അവതരിപ്പിച്ചിട്ടുണ്ട്. ടൂറിസ്റ്റുകൾക്ക് നേരിട്ട് മുറികൾ ബുക്ക് ചെയ്യുന്നതിന് കെ.ടി.ഡി.സിയുടെ പ്രമുഖ ഹോട്ടലുകളിൽ ഓൺലൈൻ റിസർവേഷൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. രാജ്യത്തിനകത്തും പുറത്തുമുള്ള വിവിധ ടൂറിസം മേളകളിൽ കെ.ടി.ഡി.സിയുടെ നിരന്തര സാന്നിദ്ധ്യം മാർക്കറ്റിംഗ് തന്ത്രത്തിന്റെ ഭാഗമായി നടപ്പിലാക്കിയിട്ടുണ്ട്. ട്രാവൽ ഏജൻസികൾ ടൂർ ഓപ്പറേറ്റർമാർ എന്നിവർക്ക് സ്പെഷ്യൽ റേറ്റ് നൽകുകയും ചെയ്യുന്നു. ഇത് കൂടുതൽ ടൂറിസ്റ്റുകളെ കെ.ടി.ഡി.സി. യിലേയ്ക്ക് ആകർഷിക്കുന്നതിനും ബിസിനസ്സ് വർദ്ധിപ്പിക്കുന്നതിനും കഴിയുന്നു. |
| സി) കെ.റ്റി.ഡി.സിയുടെ കീഴിലുള്ള യാത്രിനിവാസുകളെയും മോട്ടലുകളെയും പുനരുദ്ധരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;<br><br>ഡി) യാത്രി നിവാസുകളെ കെ.റ്റി.ഡി.സിയുടെ ടാമറിന്റ് ഹോട്ടലുകളുടെ നിലവാരത്തിലേയ്ക്ക് ഉയർത്താൻ നടപടി സ്വീകരിക്കുമോ; | സി) & ഡി) കെ.ടി.ഡി.സിയുടെ നിയന്ത്രണത്തിലുള്ള യാത്രി നിവാസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും കൂടുതൽ ആകർഷകമാക്കുന്നതിന്റെയും ഭാഗമായി ഇവ നവീകരിച്ച് റീബ്രാന്റ് ചെയ്ത് കെ.ടി.ഡി.സി 'ടാമറിന്റ് ഈസി ഹോട്ടലുകളായി' മാർക്കറ്റിൽ പ്രചരിപ്പിച്ചിട്ടുണ്ട്. കെ.ടി.ഡി.സിയുടെ എല്ലാ യാത്രി നിവാസുകളും നവീകരിച്ച് പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ടാമറിന്റ് ഹോട്ടലുകളിലെ മുറി വാടകയിലും സൗകര്യങ്ങളിലും ഭക്ഷണക്രമത്തിലും ഏകീകൃത സ്വഭാവമാണുള്ളത്.<br>കെ.ടി.ഡി.സിയുടെ കീഴിലുള്ള 11 മോട്ടലുകളിലേയും അടിസ്ഥാന സൗകര്യങ്ങൾ ഏകീകരിച്ചിട്ടുണ്ട്. ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ ആവിഷ്ക്കരിച്ചു കഴിഞ്ഞു. |

| | | | |
|---|---|---|---|
| ഇ) | പുതുതായി ഹോട്ടൽ ആരംഭി ക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ? | ഇ) | ഉണ്ട്. ബേക്കലിൽ ഒരു ബീച്ച് ക്യാംമ്പ്, മുഴപ്പിലങ്ങാടിൽ ഒരു ബീച്ച് റിസോർട്ട്, കോഴിക്കോട്, ആലപ്പുഴ ജില്ലകളിൽ സ്റ്റാർ ഹോട്ടലുകൾ എന്നിവ തുടങ്ങുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരളനിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.210 18.02.2011-ൽ മറുപടിക്ക്.

<u>തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി.പി.അയിഷാ പോറ്റി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>ശ്രീ. പി.ടി.എ.റഹീം | | ശ്രീ.പാലോളിമുഹമ്മദുകുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി) | |
| (എ) | ജനകീയാസൂത്രണത്തിന്റെ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനും ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | 1.ഒൻപത്, പത്ത് പഞ്ചവത്സരപദ്ധതികളുടെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽപദ്ധതി ആസൂത്രണം, സബ്സിഡി മാനദണ്ഡങ്ങൾ എന്നിവയെ സംബന്ധിക്കുന്ന മാർഗരേഖകൾ സമഗ്രമായി പരിഷ്കരിച്ചു.<br>2. ഭക്ഷ്യോത്പാദ വർദ്ധനവിന് കർമ്മ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.<br>3. ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു<br>4. ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടേയും കാര്യപ്രാപ്തി വികസനത്തിന് പരിശീലനം നൽകി.<br>5.തദ്ദേശഭരണസ്ഥാപനങ്ങൾക്ക്മാത്രമായി പുതിയ എഞ്ചിനീയറിംഗ് കേഡർ രൂപീകരിച്ചു<br>6.എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും അക്കൗണ്ടന്റുമാരെ ലഭ്യമാക്കി |

(ബി) തദ്ദേശസ്ഥാപനങ്ങളുടെ പ്രവർത്തനം ജനസൗഹൃദമാക്കുന്നതിനും സേവനങ്ങൾ സമയബന്ധിതവും ഗുണമേന്മയുള്ളതുമാക്കുന്നതിനും വേണ്ടി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചു എന്ന് വെളിപ്പെടുത്തുമോ;

(ബി) 1.ഗ്രാമപഞ്ചായത്തുകളിൽ നിന്നും പൊതുജനങ്ങൾക്ക് നൽകേണ്ട സേവനങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനും ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ഫ്രണ്ട് ഓഫീസ് സംവിധാനം നടപ്പാക്കി.

2. ജനന, മരണ, വിവാഹ രജിസ്ട്രേഷൻ നടപടികൾ കമ്പ്യൂട്ടർവത്കരിച്ചു.

3. സാമൂഹ്യക്ഷേമ പെൻഷനുകളുടെ വിതരണം സോഫ്റ്റ്‌വെയർ ഉപയോഗിച്ച് എളുപ്പത്തിൽ നൽകുന്ന സമ്പ്രദായം ആവിഷ്കരിച്ചു.

4. കെട്ടിടനിർമ്മാണ പെർമിറ്റിനുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിനും പരിശോധിച്ച് അംഗീകാരം നൽകുന്നതിനുമുള്ള ഇലക്ട്രോണിക് സംവിധാനം തിരുവനന്തപുരം കോർപ്പറേഷനിൽ നടപ്പാക്കി.

(സി) തദ്ദേശസ്ഥാപനങ്ങളുടെ പ്രവർത്തന മേഖല വിപുലമാക്കാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) ഉണ്ട്. ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി, കുടുംബശ്രീ പരിപാടികൾ, ജവഹർലാൽ നെഹ്റു ദേശീയ നഗര പുനരുദ്ധാരണ മിഷൻ മുതലായ പരിപാടികൾ നടപ്പാക്കുന്നതിലൂടെ പ്രവർത്തന മേഖല വിപുലീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ഡി) തദ്ദേശ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതത്തിൽ ക്രമാനുഗതമായ വർദ്ധനവ് വരുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ഡി) ഉണ്ട്. 2007-08 മുതൽ ഓരോ വർഷവും മുൻവർഷത്തേക്കാൾ 10 ശതമാനം വർദ്ധനവ് അനുവദിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഇ) | അധികാര വികേന്ദ്രീകരണം നടപ്പാക്കിയതിൽ കേരളത്തിന് 2009-10 - ൽ ഒന്നാം സ്ഥാനവും അവാർഡും ലഭിച്ചിട്ടുണ്ടോ; എന്തെല്ലാം ഘടകങ്ങളും മാനദണ്ഡങ്ങളും അടിസ്ഥാനമാക്കിയാണ് അവാർഡ് നിശ്ചയിച്ചതെന്ന് വിശദമാക്കുമോ? | (ഇ) | ഉണ്ട്. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന് സംസ്ഥാനസർക്കാരുകൾ സ്വീകരിച്ച നടപടികളെ അടിസ്ഥാനമാക്കി 2009-10-ൽകേരളത്തിന് ഒന്നാം സ്ഥാനം ലഭിക്കുകയുണ്ടായി. ചട്ടക്കൂട് (framework), ചുമതലകൾ (functions),ധനസ്ഥിതി (finances), ചുമതലക്കാർ (functioneries) എന്നീ ഘടകങ്ങൾക്ക് യഥാക്രമം 15,30,35,20 ശതമാനം വെയ്റ്റേജ് നൽകിയാണ് റാങ്കിംഗ് നടത്തിയിട്ടുള്ളത്. |

സെക്ഷൻ ആഫീസർ.